
ഒക്ടോബർ 2018

Price ₹25

# ജീവനും വെളിച്ചവും



## ആത്മീയ–ഭൗതീക വരൾച്ചയ്ക്ക് പരിഹാരം ജീവിത നവീകരണം



സെന്റ് തെരേസ
തീർത്ഥാടന കേന്ദ്രം
മാഹി
അത്ഭുത പ്രവർത്തകയായ
വിശുദ്ധ അമ്മത്രേസ്യായുടെ
ST. THERESA'S SHRINE
MAHE
തിരുനാൾ
മഹോത്സവം
ഒക്ടോബർ 5 മുതൽ 22 വരെ –
പ്രധാന തിരുനാൾ ദിനങ്ങൾ ഒക്ടോബർ 14 & 15
പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യം
Rt. Rev. Dr. Varghese Chakkalakkal (Kozhikode Bishop)
Rt. Rev. Dr. Joseph Kalathiparambil (Verapoly Metropolitan Archbishop)
Rt. Rev. Dr Alex Vadakumthala (Kannur Bishop)
Rt. Rev. Dr Jose Porunnedam (Mananthavady Bishop)
തിരുനാളിൽ പങ്കെടുത്ത്
അനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ
ഏവരെയും സ്വാഗതം ചെയ്യുന്നു
South India, Pin 673 310, Phone- 0490 2332332, 9495513867
Email- maheshrine@gmail.com | Web: www.mahechurch.org
www.facebook.com/MAHESHRINE
MIDAS® KUTHUPARAMBA

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 ഒക്ടോബർ
പുസ്തകം - 42 ലക്കം - 10
വില 25 രൂപ (വാർഷിക വരിസംഖ്യ 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# നവനിർമിതിയിലേക്ക് വഞ്ചിതുഴയാം

കേരളത്തിൽ ജൂൺ-ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ പെയ്തിറങ്ങിയ മഴമേഘങ്ങളും, ഉരുൾ പൊട്ടലും, മലയിടിച്ചിലും, പ്രകൃതി ദുരന്തങ്ങളും ഇവയെ തുടർന്നുണ്ടായ ചെറുഭൂമികുലുക്കവുമെല്ലാം പ്രകൃതിയോടും, മണ്ണിനോടും ഭൂമിയോടും മനുഷ്യരോടും സർവചരാചരങ്ങളോടും ചേർന്ന് വസിക്കാനുള്ള - സഹവസിക്കാനുള്ള ക്ഷണമാണ്.

ജലപ്രളയത്തോടനുബന്ധിച്ച് നടന്ന രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനഃരധിവാസ പ്രവർത്തനങ്ങളും മനുഷ്യനന്മയുടെ പൊളിച്ചെഴുത്തായിരുന്നു. ഈ രംഗത്ത് മത്സ്യത്തൊഴിലാളി സമൂഹം നൽകിയ അതിസാഹസികമായ രക്ഷാപ്രവർത്തനം സഹജീവികളോടുള്ള സ്നേഹവായ്പിന്റെ പ്രകടമായ തെളിവാണ്. ഈ ജനതയുടെ പൊതുധാരയിലേക്കുള്ള പ്രവർത്തനത്തിനുള്ള നാന്ദിയാകണം ഈ ഇടപെടലുകൾ. ഇതുപറയുമ്പോഴും ഓഖി മുഖത്തുണ്ടായ ദുരന്തങ്ങളെ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ തൃപ്തികരമല്ലെന്ന വസ്തുതയും അംഗീകരിക്കുന്നു. ആ കുറവുകൾ കൂടി കണ്ടെത്തി നടപടികൾ സുഗമമാക്കി മത്സ്യമേഖലയുടെ മാറ്റം ഉറപ്പാക്കുന്ന നടപടികൾ ഉണ്ടാകട്ടെ.

തിരുവനന്തപുരം അതിരൂപത അതിന്റെ മാർഗദർശിയായി സ്വീകരിച്ചിട്ടുള്ള വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളും രൂപതാ ദിനവും ആഘോഷിക്കാനൊരുങ്ങുമ്പോൾ ഇത് കരുത്തുറ്റ ചുവടുവയ്പുകൾക്കുള്ള അവസരമായിത്തീരണം. കൊച്ചുറാണി പുണ്യവതി തന്റെ ക്രിസ്തുജീവിതംകൊണ്ട് ലോകത്തിന് നൽകിയ സഹനത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം ജീവിതത്തിലെ തടസങ്ങളെയും നോവുകളെയും ധീരതയോടെ നേരിടാനും അതിജീവിക്കാനുമുള്ള വിളിയാണ്. സമൂഹത്തിന്റെ വിളുമ്പുകളിലേക്കും അരികുകളിലേക്കും ഒതുക്കപ്പെട്ട ഒരു ജനതയുടെ ഊർജ്ജസ്വലമായ ഉയിർത്തെഴുന്നേൽപ്പിനുള്ള അവസരമാക്കാം ഈ ആഘോഷങ്ങളെ. വിദ്യാഭ്യാസ-സാമൂഹ്യ-ആദ്ധ്യാത്മിക-തൊഴിൽ-രാഷ്ട്രീയ രംഗങ്ങളിൽ ഒരു കുതിപ്പ് സൃഷ്ടിച്ചുകൊണ്ട് കരകാണാ തീരത്തേക്ക് വഞ്ചിതുഴഞ്ഞ്, ജലപ്രളയ സമയത്ത് കാണിച്ച ധീരതയുടെ ആർജ്ജവത്വത്തിൽ പുത്തൻ വികസന തീരങ്ങളിലേക്ക് വഞ്ചിതുഴയാം. കലാ-കായിക-സാംസ്കാരിക രംഗത്തെ തനത് ശൈലികളും തനത് അഭിരുചികളും പരിപോഷിപ്പിച്ച് വിദ്യയുടെയും അറിവിന്റെയും വിജ്ഞാനത്തിന്റെയും നവലോക ചുവടുകൾ വയ്ക്കാം.

വരുന്ന നല്ലദിനങ്ങളുടെ അനുഗ്രഹാശിസ്സുകൾ...

- പത്രാധിപർ




## കുമ്പസാരക്കൂട്ടിലണയൂ പ്രിയജനമേ...

കുമ്പസാരത്തിനൊരുക്കമായി... ലോറൻസ് കുലാസച്ചൻ എഴുതിയതു നന്നായിരുന്നു. സന്യസ്തർ പോലും വലിയ പ്രലോഭനങ്ങളിൽ അകപ്പെടുകയും പാപബോധമില്ലാത്ത തലമുറ പാപത്തിൽ മുങ്ങി ജീവിക്കുകയും ചെയ്യുന്ന കാലത്താണ് നാം ജീവിക്കുന്നത്. കുമ്പസാര രഹസ്യം വൈദികൻ വെളിപ്പെടുത്തിയതിന്റെ തീജ്വാലകൾ കെട്ടടങ്ങും മുമ്പ് കുമ്പസാരത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ച ലേഖനം അഭിനന്ദനമർഹിക്കുന്നു.

ആത്മാർത്ഥമായ അനുതാപ സങ്കീർത്തനം ആഴമായ പാപബോധത്തിലേക്കും ഉത്തമ കുമ്പസാരത്തിലേക്കും ദൈവസ്നേഹത്തിന്റെ പുതു പ്രകാശത്തിലേക്ക് നയിച്ച് ആത്മാവിനും ശരീരത്തിനും ജീവിതത്തിനും ജീവിത വീക്ഷണത്തിനും പുത്തൻ അനുഭൂതികളും ജീവിതത്തിന് ശാന്തിയും സമാധാനവും സ്വസ്ഥതയും പ്രദാനം ചെയ്യുമെന്നതിൽ ഒരു സംശയവുമില്ല. ദൈവജനത്തെ കുമ്പസാരക്കൂട്ടിലേക്ക് ആകർഷിക്കുക മാത്രമാണ് ഈ തലമുറയുടെ രക്ഷയ്ക്കുള്ള പോംവഴി.

- വിജയമ്മ,
ജൂബിലി ആശുപത്രി, പാളയം.

## പാവങ്ങളുടെ അമ്മയെ നിന്ദിക്കരുതേ

ജീവിച്ചിരിക്കുമ്പോൾ തന്നെ ലോകം വിശുദ്ധയെന്ന് വാഴ്ത്തിയ പാവങ്ങളുടെ അമ്മ ആരാധ്യയായ മദർ തെരേസയെക്കുറിച്ച് എഴുതിയത് നന്നായി. വിശ്വവിഖ്യാതയായ മദർ തെരേസയ്ക്ക് നൊബേൽ സമ്മാനവും ഭാരതരത്നവും നൽകിയപ്പോഴും കുബുദ്ധികൾ ഇന്നത്തെപ്പോലെ അന്നും വിമർശനശരങ്ങളുമായെത്തി വേണ്ടാതീനങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ചില പ്രസിദ്ധീകരണങ്ങൾക്ക് പുട്ടിൽ തേങ്ങയിടുന്നതുപോലെ ഇടയ്ക്കിടെ നട്ടാൽ കുരുക്കാത്ത നുണകൾ പ്രചരിപ്പിക്കുന്നതും മദർ തെരേസയെയും അവരുടെ സന്യാസിനീ സമൂഹത്തെയും അവഹേളിക്കുന്നതും അധിക്ഷേപിക്കുന്നതും അപഹാസ്യമാക്കുന്നതും വലിയ അന്തസ്സായിക്കരുതുന്നുണ്ട്. എന്നാൽ ലോകമാകെ മദറിനോടുള്ള ആദരവും സ്നേഹവും വർധിച്ചുവരികയാണ്.

ബിജെപി-സംഘപരിവാർ ശക്തികൾ മതന്യൂനപക്ഷങ്ങളോട് പുലർത്തുന്ന ചിറ്റമ്മനയമാണ് വർഗീയ ശക്തികൾക്ക് താങ്ങുംതണലുമാകുന്നതും 'മിഷണറീസ് ഓഫ് ചാരിറ്റി'ക്കെതിരെ പ്രവർത്തിക്കാൻ കരുത്തുപകരുന്നതും. ദുരഭിമാന-സദാചാര-ആൾക്കൂട്ടക്കൊലകളും ബീഫ് കൊലകളും ഇന്ത്യാമഹാരാജ്യത്ത് പെരുകുമ്പോൾ "ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ" എന്ന മന്ത്രം ജപിച്ചിരിക്കുകയാണ് മോദി.

നാനാത്വത്തിലെ ഏകത്വമാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. അല്ലാതെ നാനാത്വത്തിലെ ഹിന്ദുത്വമല്ല. ലോകസഞ്ചാരി ഇബൻബത്തൂത്തയെപ്പോലെ ഉലകം ചുറ്റി സമയം പാഴാക്കാതെ ഇന്ത്യക്കാരെയും ഇന്ത്യയെയും കുറിച്ച് പഠിക്കാൻ മോദി സാറിന് എന്നാണ് സമയം കിട്ടുക?

- ജെറാൾഡ് മിരാൻഡ
തോന്നയ്ക്കൽ

### അറിയിപ്പ്

ജീവനും വെളിച്ചവും സെപ്തംബർ ലക്കം 18-ാം പേജിൽ "അറിവും അക്ഷരവും അതല്ലേ എല്ലാം" എന്ന ലേഖനത്തിന്റെ ആമുഖത്തിൽ മുൻ ഇന്ത്യൻ പ്രസിഡന്റ് എസ്.രാധാകൃഷ്ണന്റെ ജന്മദിനമാണ് അധ്യാപക ദിനമായി ആചരിക്കുന്നത് എന്നതിനുപകരം മുൻ ഇന്ത്യൻ പ്രസിഡന്റ് രാജേന്ദ്രപ്രസാദിന്റെ പേര് തെറ്റായി ചേർക്കപ്പെട്ടതിൽ ഖേദിക്കുന്നു. ഈ തെറ്റ് ചൂണ്ടിക്കാട്ടിയ വായനക്കാർക്ക് നന്ദി.

- പത്രാധിപർ

## ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ

ഞാൻ ജീവനും വെളിച്ചവും മാസികയുടെ വായനക്കാരിയാണ്. സെപ്തംബർ ലക്കം ജീവനും വെളിച്ചവും മാസികയിലെ രണ്ടു തെറ്റുകൾ ചൂണ്ടിക്കാട്ടുന്നു.

അധ്യാപക ദിനത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ആബേൽ എം.ചെറിയമുറ്റത്തിന്റെ ലേഖനത്തിൽ അധ്യാപക ദിനമായ സെപ്തംബർ 5 മുൻ ഇന്ത്യൻ പ്രസിഡന്റ് രാജേന്ദ്രപ്രസാദിന്റെ ജന്മദിനമാണെന്നാണ് ലേഖനത്തിൽ അച്ചടിച്ചുവന്നത്. എന്നാൽ അധ്യാപകദിനമായ സെപ്തംബർ 5 ഇന്ത്യയുടെ ആദ്യത്തെ വൈസ് പ്രസിഡന്റും (ഉപരാഷ്ട്രപതി) രണ്ടാമത്തെ പ്രസിഡന്റുമായ ഡോ. എസ്.രാധാകൃഷ്ണന്റെ ജന്മദിനമാണ്.

ഇളംതൂവൽ എന്ന പംക്തിയിലെ Bridles എന്ന വാക്കിന് പകരം Riddles എന്ന വാക്കാണ് ഉപയോഗിക്കേണ്ടിയിരുന്നത് എന്നാണ് അതിലെ ഉള്ളടക്കത്തിൽ നിന്നും മനസ്സിലായത്. ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

- റീജാ ജോൺ, ഗാന്ധിപുരം

# താളുകളിൽ

## ലേഖനം

6 ആത്മീയ – ഭൗതിക വരൾച്ചയ്ക്ക് പരിഹാരം ജീവിത നവീകരണം
ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ.

8 നിങ്ങളാണ് ലോകം
ഫാ. പോൾ സണ്ണി

11 കവിത : മഹാത്മ
ഡോ. മനോജ് എം.ആർ.

12 പങ്കാളിത്ത പ്രേഷിത ചൈതന്യത്തിലേക്ക് കേരള ലത്തീൻ സഭ
ഫാ. ഗ്രിഗറി ആർബി

16 ഓഖി ദുരന്ത ശേഷിപ്പുകൾ
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്

29 കവിത : സ്മൃതി
സിസ്റ്റർ രേഷ്മ

## സ്ഥിരം പംക്തികൾ

19 അജപാലനം

20 തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

24 വാർത്തകൾ

28 അടിസ്ഥാന ക്രൈസ്തവ സമൂഹം

30 ഫാമിലി കോർണർ

31 കാനോൻ നിയമത്തിൽ

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.



ലേഖനം

**ഡോ. ക്രിസ്തുദാസ് ആർ.**
തിരു. ലത്തീൻ അതിരൂപതാ സഹായമെത്രാൻ

## ആത്മീയ-ഭൗതീക വരൾച്ചയ്ക്ക് പരിഹാരം

# ജീവിത നവീകരണം

സുവിശേഷ ലക്ഷ്യങ്ങൾക്ക് കളങ്കം വരുത്തുന്ന സമീപകാല സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ജീവിത നവീകരണത്തിലൂടെ അവയ്ക്ക് പരിഹാരം ചെയ്ത് ദൈവരാജ്യ നിർമ്മിതിയിൽ പങ്കുചേരാൻ ഈ ലേഖനത്തിലൂടെ ബിഷപ്പ് ഡോ. ക്രിസ്തുദാസ് സഭാമക്കളോട് ആഹ്വാനം ചെയ്യുന്നു

ഒക്ടോബർ ഒന്നാം തീയതി വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനം. നമ്മുടെ അതിരൂപതാ മധ്യസ്ഥയുടെ ദിനം. അതുകൊണ്ട് തന്നെ നാം അത് അതിരൂപതാദിനമായി ആചരിക്കുന്നു: ഫ്രാൻസിസ് പാപ്പ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നു. ഓരോരുത്തരും അവരവരുടെ ജീവിതാവസ്ഥകളിൽ വിശുദ്ധി തേടണം, നേടണം എന്ന്. വിശുദ്ധ കൊച്ചുത്രേസ്യ തന്റെ സമർപ്പിത ജീവിതം വഴി ദൈവരാജ്യപ്രഘോഷണത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്ത പ്രവൃത്തികളിലൂടെയും നിരന്തരം ശക്തിപകർന്നുകൊണ്ടിരുന്നു. വിശുദ്ധയുടെ ആരോഗ്യം ലോകമെമ്പാടും ഓടിനടന്ന് സുവിശേഷസാക്ഷ്യം നൽകാൻ അനുവദിക്കാതെ വന്നപ്പോൾ അവൾ തന്റെ രോഗാവസ്ഥയിൽ കിടന്നുകൊണ്ട് ആഗോള പ്രേഷിതത്വത്തിന് ഊർജം നൽകി. അങ്ങനെയാണ് അവളെ സഭ സുവിശേഷ പ്രഘോഷകരുടെ മധ്യസ്ഥയായി പ്രഖ്യാപിക്കുകയും വണങ്ങുകയും ചെയ്യുന്നത്. ഈ വിശുദ്ധയെ സ്മരിച്ചുകൊണ്ട് അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ഇന്നത്തെ ആഗോളസഭയുടെയും അതിന്റെ ചെറുപതിപ്പായ നമ്മുടെ പ്രാദേശിക സഭയുടെയും ദൈവരാജ്യപ്രഘോഷണം സഭയ്ക്കും സമൂഹത്തിനും എന്ത് പ്രതീക്ഷ നൽകുന്നുവെന്നത് ചിന്തനീയമാകേണ്ടതുണ്ട്.

കഴിഞ്ഞ കുറേനാളുകളായി സഭയും സമൂഹവും ദുരന്ത പ്രഹര അനുഭവങ്ങളിലൂടെ കടന്നുപോകുന്നതായി നമുക്കറിയാം. ഒരുവശത്ത് ഓഖിയുടെ സ്മരണ കെട്ടടങ്ങും മുൻപ് പേമാരിയും ഡാമുകൾ തുറന്നുവിട്ടതിലൂടെയും ഉണ്ടായ ജലപ്രളയം നമ്മെ വിഴുങ്ങി. മറുവശത്ത് സഭയ്ക്കുള്ളിൽ സുവിശേഷ ലക്ഷ്യങ്ങൾക്ക് കളങ്കം വരുത്തുന്ന ചില സംഭവവികാസങ്ങൾ പേമാരിപോലെ പൊതുസമൂഹത്തിൽ സുവിശേഷ പ്രഘോഷണത്തെ വിമർശനങ്ങളുടെ മുൾമുനയിൽ നിർത്തി. ആത്മീയവും ഭൗതികവുമായ ഒരു വരൾച്ച നമ്മെ വലയം ചെയ്യുന്നതുപോലെ. പക്ഷേ, ദൈവം ഇടുങ്ങിയ വഴികളിലൂടെ തന്റെ ചിത്രം നേരെയാക്കുന്നവനാണ്. ഒരർത്ഥത്തിൽ സഭയുടെയും സമൂഹത്തിന്റെയും ഉയർത്തുപാട്ടിന് ദൈവം നമുക്ക് ഇതിലൂടെ അവസരം ഒരുക്കുകയാണ്.

ദൈവത്തിങ്കലേക്കും ദൈവിക കല്പനകളിലേക്കും വീണ്ടും മടങ്ങിപ്പോകാനുള്ള അവസരങ്ങളാണ് ഇത് നമുക്ക് പ്രദാനം ചെയ്യുന്നത്. മങ്ങിപ്പോയ സ്വർണത്തെ ശുദ്ധിചെയ്ത് തിളക്കമുള്ളതാക്കി തീർക്കുന്നതുപോലെ നമ്മെ ഓരോരുത്തരേയും സഭയേയും സമൂഹത്തെയും പൂർവാധികം വിശുദ്ധിയിലേക്ക് വീണ്ടും ഉയർത്താൻ ഇവ കാരണമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സുവിശേഷ പ്രഘോഷണമെന്നാൽ ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിതമാക്കുകയാണ്. ഈ സന്ദേശവുമായിട്ടാണ് യേശു ലോകത്തിലേക്ക് ആഗതനായത്. ദൈവരാജ്യം എന്നാൽ അടിസ്ഥാനപരമായി ദൈവം ഭരണം നടത്തുന്ന അവസ്ഥാവിശേഷമാണ്. അവിടെ ദൈവം പിതാവും നാമെല്ലാം അവിടുത്തെ മക്കളുമായിത്തീരുന്നു. എല്ലാവരും ഒന്നായി ശാന്തിയും സ്നേഹവും സമാധാനവും നീതിയും സമത്വവും അനുഭവിച്ച് ജീവിക്കുന്ന സ്ഥിതി ഉടലെടുക്കുന്നു. അവിടെ വിവേചനമില്ല, വേർതിരിവുകളില്ല. എല്ലാവരും സഹോദരീ സഹോദരന്മാരായി സമഭാവനയോടെ പരസ്പരം പങ്കുവയ്ക്കൽ മനോഭാവത്തോടെ ജീവിക്കുന്നു. ദൈവരാജ്യത്തിന്റെ ഈ ചെറുപതിപ്പാണ് ആദിമ ക്രൈസ്തവ സമൂഹത്തിൽ നമുക്ക് ദൃശ്യമാകുന്നത് (അപ്പ. 2; അപ്പ. 4). യേശു സ്വപ്നം കണ്ട ദൈവരാജ്യാനുഭവത്തിലേക്ക് തിരിച്ചുനടക്കുവാൻ സാധിക്കുമ്പോൾ നമ്മുടെ സുവിശേഷ പ്രഘോഷണം അർത്ഥപൂർണമാകും.

ഓഖി ചുഴലിക്കാറ്റും ജലപ്രളയവുമൊക്കെ ദൈവത്തിങ്കലേക്കും ദൈവിക കൽപ്പനകളുടെ അനുസരണത്തിലേക്കും നമ്മെ മാടിവിളിക്കുന്ന അവസരങ്ങളായും നാം കാണേണ്ടിയിരിക്കുന്നു. മനുഷ്യബുദ്ധിക്കും ശക്തിക്കും അതീതമാണ് പ്രാപഞ്ചിക രഹസ്യങ്ങളെന്ന് അവ നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രപഞ്ചവും സർവ ചരാചരങ്ങളും ദൈവത്തിന്റെ കരവേലയാണെന്നും ദൈവത്തിന്റെ സൃഷ്ടിയോട് മനുഷ്യൻ ആദരവോടെ പെരുമാറണമെന്നും അത് നമ്മെ ഓർമ്മിപ്പിക്കുന്നു. സൃഷ്ടപ്രപഞ്ചത്തോടുള്ള മനുഷ്യന്റെ സ്വാർത്ഥപരമായ സമീപനവും അനിയന്ത്രിതമായ ചൂഷണവും അശാസ്ത്രീയ ഇടപെടലുകളും പ്രപഞ്ചത്തിന്റെ ദൈവോന്മുഖമായ പദ്ധതിയെ ശിഥിലമാക്കുന്നു. ദൈവത്തിന്റെ പരിപാലനയ്ക്ക് വിധേയമായ പ്രപഞ്ചത്തെ മനുഷ്യൻ കൈയേറ്റം ചെയ്യുമ്പോഴുണ്ടാകുന്ന വൈകല്യങ്ങളാണ് ഓഖിയായും പ്രളയമായും നാം അനുഭവിച്ചതെന്നും വിസ്മരിക്കരുത്. ഫ്രാൻസിസ് പാപ്പയുടെ ആനന്ദിച്ച് ആഹ്ലാദിക്കുവിൻ എന്ന അപ്പസ്തോലിക ലേഖനത്തിൽ വിശുദ്ധിയുടെ രണ്ട് വിലങ്ങുതടികളായി ജ്ഞാനവാദത്തെയും പെലേജിയനിസത്തെയും എടുത്തുകാണിക്കുന്നു. ദൈവത്തിന് ഒരു സ്ഥാനവും നൽകാതെ സ്വന്തം ബുദ്ധിശക്തിയിൽ അമിതമായി വിശ്വസിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നവരെയാണ് ജ്ഞാനവാദികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവകൃപയെ തടഞ്ഞുകൊണ്ട് സ്വന്തം കഴിവുകളുടെ അന്ധമായ ആരാധനയിൽ നിപതിക്കുന്നതാണ് പെലേജിയനിസം എന്നതുകൊണ്ടും അർത്ഥമാക്കുന്നത്. 'ലൗദാത്തോസി'യിൽ സൃഷ്ടവസ്തുക്കളിലൂടെ സൃഷ്ടാവിനെ സ്തുതിക്കാൻ പാപ്പ നമ്മെ ക്ഷണിക്കുന്നു. ഉൽപ്പത്തി പുസ്തകത്തിൽ ദൈവം സൃഷ്ടി കർമ്മം പൂർത്തിയാക്കിക്കൊണ്ട് എല്ലാം നന്നായിരിക്കുന്നുവെന്ന് കണ്ടു. ഈ സൃഷ്ടികർമ്മം അവിടുത്തെ സ്വപ്നത്തിന് അനുസരിച്ച് തുടർന്നുകൊണ്ട് പോവുകവഴിയും പരിസ്ഥിതി സംരക്ഷണംവഴിയും നമ്മൾ ദൈവരാജ്യ പ്രഘോഷകരും ദൈവരാജ്യ നിർമ്മിതിയിൽ പങ്കുചേരുകയാണെന്നും അനുസ്മരിക്കാം.

ഓഖിയുടെയും പ്രളയത്തിന്റെയും അവസരത്തിൽ നടത്തിയ ജീവരക്ഷാ പ്രവർത്തനങ്ങളെ സുവിശേഷപ്രഘോഷണമാക്കിമാറ്റിയ ഒരു പ്രാദേശിക സഭയാണ് നമ്മുടെ അതിരൂപതയെന്ന് ഇതര സഭാസമൂഹങ്ങളും പൊതുസമൂഹവും അഭിപ്രായപ്പെട്ടത് അഭിമാനപൂർവ്വം കേൾക്കാനിടയായത് അനുസ്മരിക്കുന്നു. രണ്ട് ദുരന്തമുഖങ്ങളിലും സ്വയരക്ഷ മറന്ന് കുടുംബത്തിന്റെ അന്നംമുടക്കി കഷ്ടങ്ങളും നഷ്ടങ്ങളും ഓർക്കാതെ രക്ഷാപ്രവർത്തനങ്ങളിൽ പങ്കുചേർന്ന നമ്മുടെ സഹോദരങ്ങളെ ഓർക്കുമ്പോൾ സന്തോഷവും അഭിമാനവും ഉളവാകുന്നു. നമ്മുടെ വിശ്വാസത്തിന് ജീവിതംകൊണ്ട് സാക്ഷ്യം നൽകിയ സന്ദർഭങ്ങളായിരുന്നു അത്. ഓഖിയുടെ വേളയിൽ ജീവനോട് മല്ലിട്ട് അർത്ഥപ്രാണരായി തിരികെയെത്തിയവർ ദൈവം തിരിച്ചുനൽകിയ ജീവിതത്തിന് നന്ദിപറഞ്ഞുകൊണ്ട് സ്വന്തം സഹോദരങ്ങളുടെ കണ്ണീരൊപ്പിയ കാഴ്ചയാണ് പ്രളയകാലത്ത് എന്നെ ഏറെ ആകർഷിച്ചത്. ഇതാണ് സുവിശേഷ പ്രഘോഷണത്തിന്റെ കാതലായ മുഖം. വൈവിധ്യമാർന്ന സുവിശേഷ പ്രഘോഷണ രീതികളിൽ പരമപ്രധാനമായത് ജീവിത സാക്ഷ്യമാണെന്ന് സഭയുടെ എല്ലാ പ്രബോധനങ്ങളും തിരുവചനവും നമ്മെ പഠിപ്പിക്കുന്നു.

യേശുവിൽ വിശ്വസിക്കുകയും അവന് സാക്ഷ്യം വഹിക്കുകയും ചെയ്ത അനേകം വിശുദ്ധ ജന്മങ്ങളുടെ വലിയൊരു കൂട്ടായ്മയാണ് സഭ. അതിലെ അംഗങ്ങളാണ് നാമും. തിരുസഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ അവൾക്ക് കറയും ചുളിവും വരുത്തുന്നതിന് സഭാതനയരുടെ ചില പ്രവൃത്തികൾ കാരണമായിട്ടുണ്ട്. ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന തിരുസഭയുടെ പ്രയാണത്തിൽ എവിടെയെങ്കിലും ഉ

വിശ്വാസത്തിൽ ബലപ്പെടാത്തവരെ ദൈവാനുഭവത്തിലേക്ക് നയിക്കാൻ, ദാരിദ്ര്യത്തിന്റെ പേരിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സമുണ്ടാകുമ്പോൾ അത് നികത്തുവാൻ, ഭവനം ഇല്ലാത്തവർക്ക് ഭവനം ഒരു സമ്മാനമായി നൽകാൻ, പണമില്ലാത്തതിന്റെ പേരിൽ പെൺകുട്ടികളുടെ വിവാഹതടസം നീക്കാൻ, രോഗികളോടും വൃദ്ധരോടും അനാഥരായവരോടുമൊപ്പം സമയവും സൗകര്യങ്ങളും പങ്കുവയ്ക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ബസിസികളെ ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം കൊണ്ടുനിറച്ച് ദൈവരാജ്യനിർമ്മിതിയിൽ നമുക്ക് പങ്കുകാരാകാം. പ്രളയകാലത്ത് മറ്റുള്ളവരുടെ രക്ഷകരായി മാറിയ നമുക്ക് നമ്മുടെ രക്ഷ സാധ്യമാക്കാൻ ശ്രമിക്കാം.

ണ്ടാകുന്ന കറുത്തപാടുകൾ നമ്മെ എല്ലാവരെയും ഒരുപോലെ വേദനിപ്പിക്കാറുണ്ട്. അടുത്തകാലത്തായി കേരളസഭയെ താറടിച്ചുകാണിക്കുന്നവർക്ക് കുമ്പസാരം എന്ന കൂദാശയും വിരലിൽ എണ്ണാവുന്ന ശുശ്രൂഷകരുടെ ധാർമ്മിക അപചയവുമൊക്കെ വീണുകിട്ടിയ അവസരങ്ങളായി അവർ ആഘോഷിച്ചു. ജ്ഞാനസ്നാനം വഴി സഭാമക്കളായ നമ്മെ സംബന്ധിച്ചിടത്തോളം യേശുവാണ് നമ്മുടെ ഗുരുവും നാഥനും. അവിടുന്നാണ് തിരുസഭയുടെ സ്ഥാപകനും എന്നതുകൊണ്ട് ഇത്തരത്തിലുള്ള വൈകല്യങ്ങൾ നമ്മെ തളർത്തുന്നില്ല. മറിച്ച്, മങ്ങിപ്പോയ വെട്ടം തിരിച്ചുപിടിക്കാൻ നമ്മെ ക്ഷണിക്കുന്ന വേളയായി ഇതിനെ കാണണം. നമ്മുടെ പാളിച്ചകളെയോർത്ത് വിലപിക്കുകയും സഭയുടെ വിശുദ്ധീകരണത്തിനായി ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധ കൊച്ചുത്രേസ്യയെപ്പോലെ നമുക്കും സുവിശേഷ പ്രഘോഷകരെ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റ് ദൈവരാജ്യനിർമ്മിതിയിൽ അണിചേരാം.

നമ്മുടെ അതിരൂപത അതിന്റെ പരിമിതികളിൽ നിന്നുകൊണ്ട് ഇതരസഭാ സമൂഹങ്ങൾക്ക് പലതരത്തിലും മാതൃകയായിട്ടുണ്ട്. അതിൽ ഒരു പ്രധാനപ്പെട്ട സംഭാവനയായി പലരും വിലയിരുത്തുന്നത് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണമാണ്. പക്ഷേ, ഇതിന്റെ നന്മകൾ പ്രയോജനപ്പെടുത്താൻ നമുക്ക് ഇതുവരെ കഴിഞ്ഞില്ല എന്നതാണ് വസ്തുത. എന്റെ എളിയ സ്വപ്നം ഇതാണ് "നമ്മുടെ ബിസിസികളിലൂടെ നമ്മുടെ സഹോദരങ്ങളുടെ ആത്മീയവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെടണം. ആരും ഒറ്റപ്പെടരുത്. ഓരോ ഇടവക സമൂഹവും മനസ്സുവച്ചാൽ അതാത് ഇടവകകളുടെ എല്ലാത്തരത്തിലുള്ള അവശതകൾക്കും വിവിധ ശുശ്രൂഷകളിലൂടെ പരിഹാരം കണ്ടെത്താനാകും. വിശ്വാസത്തിൽ ബലപ്പെടാത്തവരെ ദൈവാനുഭവത്തിലേക്ക് നയിക്കാൻ, ദാരിദ്ര്യത്തിന്റെ പേരിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സമുണ്ടാകുമ്പോൾ അത് നികത്തുവാൻ, ഭവനം ഇല്ലാത്തവർക്ക് ഭവനം ഒരു സമ്മാനമായി നൽകാൻ, പണമില്ലാത്തതിന്റെ പേരിൽ പെൺകുട്ടികളുടെ വിവാഹതടസം നീക്കാൻ, രോഗികളോടും വൃദ്ധരോടും അനാഥരായവരോടുമൊപ്പം സമയവും സൗകര്യങ്ങളും പങ്കുവയ്ക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ബസിസികളെ ആദിമക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം കൊണ്ടുനിറയ്ക്കുമ്പോൾ ദൈവരാജ്യനിർമ്മിതിയിൽ നാം പങ്കുപറ്റുകയും സുവിശേഷ പ്രഘോഷകരുമായിത്തീരുകയുമാണ്. പ്രളയകാലത്ത് മറ്റുള്ളവരുടെ രക്ഷകരായി മാറിയ നമുക്ക് നമ്മുടെ രക്ഷ സാധ്യമാക്കാൻ ശ്രമിക്കാം.

നമ്മെ ഓരോരുത്തരേയും നമ്മുടെ കുടുംബങ്ങളെയും ബിസിസികളെയും ഇടവകകളെയും ഫൊറോനാ വികേന്ദ്രീകരണ പ്രവർത്തനങ്ങളെയും അതിരൂപതാ സംവിധാനങ്ങളെയും എല്ലാ കർമ്മപരിപാടികളെയും നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയിലൂടെ ദൈവത്തിന് ഭരമേൽപ്പിക്കാം. സ്വർഗത്തിൽ നിന്ന് റോസാപുഷ്പങ്ങൾ നിരന്തരം വർഷിച്ചുകൊണ്ട് നമ്മുടെ പ്രേഷിത ദൗത്യങ്ങളെ അനുഗ്രഹിക്കണമേയെന്ന് വിശുദ്ധയുടെ മധ്യസ്ഥത്തിലൂടെ പ്രാർത്ഥിക്കാം. ■

ലേഖനം

**ഫാ. പോൾ സണ്ണി**
സെക്രട്ടറി, കെആർഎൽസിബിസി യുവജനകമ്മീഷൻ

**ജെ.** കൃഷ്ണമൂർത്തിയുടെ ഒരു പുസ്തകത്തിന്റെ പേര് ഇങ്ങനെയാണ്. "എന്റെ ലോകം ഞാൻ നന്നാക്കണം. അപ്പോൾ ലോകവും നന്നാകും". സത്യസായി ബാബ പറഞ്ഞു. " ഞാൻ ദൈവമാണ്. അതേ, നിങ്ങളും". മാറ്റം വരുന്നതു കാത്തിരിക്കാനാണ് നമുക്കിഷ്ടം. അതിനു ഇറങ്ങിത്തിരിക്കാൻ ആരെങ്കിലും വന്നാൽ പ്രോത്സാഹിപ്പിക്കാം; അത്രതന്നെ. അതല്ലാതെ മാറ്റം നമ്മളാണെന്ന ചിന്ത നമുക്കില്ല. ലോകം അടിമുടി മാറുകയാണ്. ഒരാളുടെ പാദരക്ഷയിലേക്കും തലമുടിയിലെ ഫാഷനിലേക്കും നോക്കിയാൽ



**ഫ്രാൻസിസ് മാർപാപ്പ ഇങ്ങനെ എഴുതുന്നു: ഒഴുക്കിനെതിരേ നീന്തുവാൻ നിങ്ങൾ ഭയപ്പെടരുത്. നിങ്ങളുടെ പ്രത്യാശ കവർന്നെടുക്കാൻ ശ്രമിക്കുന്നവർക്കും മൂല്യബോധം തകർക്കാൻ ശ്രമിക്കുന്നവർക്കുമെതിരെ നിങ്ങൾ നിർഭയം മുന്നോട്ടുപോകണം. തകർന്നടിഞ്ഞ മൂല്യങ്ങൾ പാചകത്തിൽ പിശകുവന്ന ഭക്ഷണം പോലെയാണ്. ചീത്തയായ ഭക്ഷണം പോലെ അത്തരത്തിലുള്ള ഭാഗികമൂല്യങ്ങളും നമുക്ക് ഹാനികരമാണ്. നാം അവയ്ക്കെതിരേ മുന്നേറണം.**

# 'നിങ്ങളാണ് ലോകം'

മതി, ആളെ മനസ്സിലാക്കാം. മാറ്റം വ്യക്തിത്വത്തെ ഗുണപരമായി സ്വാധീനിക്കണം. ഏതുമാറ്റത്തെയും സ്വീകരിക്കുന്നവരായി തീരരുത്. സ്വാമി വിവേകാനന്ദൻ പറയുന്നു: മലപോലെയുള്ള പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ നിങ്ങൾക്കു കരുത്തുണ്ടോ? ലോകം മുഴുവൻ കയ്യിൽ വാളുമായി നിങ്ങളെ എതിർത്താലും ശരിയെന്നുതോന്നുന്നത് ചെയ്യാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? നിങ്ങൾ അതിനെ പിന്തുടർന്ന് പതറാതെ ലക്ഷ്യത്തിലേക്ക് പോകുമോ? എങ്കിൽ നിങ്ങൾ ഓരോരുത്തരും അത്ഭുതം സൃഷ്ടിക്കും.



## യുവത്വം ഇന്ന്

ഭരണഘടന അംഗീകരിക്കുന്ന 23 ഭാഷകളാൽ യുവതിയുവാക്കൾ സമ്പന്നമാണ് നമ്മുടെ രാജ്യം. വ്യത്യസ്ത വിശ്വാസങ്ങളും വിവിധ സംസ്കാരങ്ങളും ഉള്ളവർ. 15-25 വയസിനു ഇടയിൽ 360 മില്യൺ യുവജനങ്ങൾ ഇന്ത്യയിലുണ്ട്. ചൈന കഴിഞ്ഞാൽ ഇന്ത്യയിലാണ് യുവജനങ്ങൾ എണ്ണത്തിൽ കൂടുതൽ. 2020 ൽ ശരാശരി ഇന്ത്യക്കാരന്റെ പ്രായം 29 ഉം ചൈനക്കാരന്റേത് 39 ഉം ജപ്പാന്റേത് 43 ഉം ആയിരിക്കും. 2020 ൽ ഇന്ത്യയിൽ 35 വയസ്സിനു താഴെ പ്രായമുള്ള 560 മില്യൺ യുവാക്കളുണ്ടായിരിക്കും. ലോകത്തെ പത്ത് യുവാക്കളിൽ ഒരാൾ ഇന്ത്യാക്കാരനായിരിക്കും. ആഗോളമാറ്റങ്ങൾ നമ്മുടെ യുവാക്കളെ വേഗം പിടികൂടുന്നു. ഫാ. ഫെലിക്സ് വിൽഫ്രഡ് പറയുന്നത് "ഉദാരവത്ക്കരണത്തിന്റെയും തുറന്ന കമ്പോളത്തിന്റെയും ലോകത്ത് നാം രണ്ടുകാര്യങ്ങളിലെ മാറ്റം ശ്രദ്ധിക്കണം. ദരിദ്രന്റെ പുരോഗതിയും സാമൂഹികമനഃസാക്ഷിയുടെയും ഉത്തരവാദിത്വത്തിന്റെയും വർദ്ധിച്ച ബോധ്യവും".

### വലതുകൈ ശോഷിച്ച യുവാവ് (ലൂക്കാ 6: 10) ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ യുവജനങ്ങളുടെ കരങ്ങൾ പല കാരണങ്ങൾകൊണ്ട് ശോഷിച്ചുപോയിട്ടുണ്ട്.

- കമ്പ്യൂട്ടറിന്റെ കീബോർഡുകളിൽ തളക്കപ്പെട്ടവർ
- മൊബൈൽ ഫോണുകളിൽ കുടുങ്ങിപ്പോയവർ
- തന്നിലേക്ക് തന്നെ ഉൾവലിഞ്ഞവർ
- അലസതയും മടിയും നിറഞ്ഞവർ
- പരാജയഭീതിയിൽ കഴിയുന്നവർ
- ലക്ഷ്യബോധമില്ലാത്തവർ
- വിശ്വാസജീവിതം നയിക്കാത്തവർ
- മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാത്തവർ
- കുടുംബബന്ധങ്ങളുടെ സ്നേഹഭാവങ്ങൾ

ഉപേക്ഷിച്ചവർ

### ഈ യുവാക്കളുടെ ശോഷിച്ചകൈ എങ്ങനെ നേരെയാക്കാം

രണ്ടുപേർക്കിടയിലെ ബന്ധത്തിന്റെ വളർച്ച 4 ഘട്ടങ്ങളിലാണ് സംഭവിക്കുക. ക്രിസ്തുവും സമരിയക്കാരി സ്ത്രീയും തമ്മിലുള്ള സംഭാഷണത്തിനിടയിൽ അവൾ ഈ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നുണ്ട്.

**നോട്ടം** - സമരിയാക്കാരി ക്രിസ്തുവെന്ന യഹൂദയുവാവിനെ നോക്കുന്നു.

**കാഴ്ച** - കുറെ കഴിഞ്ഞ് അവൾ അവനെ 'പ്രഭോ' എന്ന് വിളിക്കുന്നു.

**ദർശനം** - അവളുടെ സ്വകാര്യജീവിതം ഗുരു വെളിപ്പെടുത്തുമ്പോൾ അവൾ ഗുരുദർശനത്തിലെത്തുന്നു.

**ഗ്രഹിക്കൽ** - ക്രിസ്തുപ്രവാചകനാണെന്ന ബോധ്യത്തിലെത്തുന്നു. അത് അവൾ ഓടി നടന്ന് വിളംബരം ചെയ്യുന്നു.

ഒരു വ്യക്തിയെ നന്നായി അറിയാനും സ്നേഹക്കാനും നമുക്ക് സമയവും സംസർഗവും ആവശ്യമാണ്. അകലെ നിന്നല്ല, അടുത്തുനിന്നാണ് വ്യക്തിയെ അറിയേണ്ടത്. പല രാഷ്ട്രീയനേതാക്കളെക്കുറിച്ചും നമുക്കു പുച്ഛമായിരിക്കും. മാധ്യമങ്ങൾ പറഞ്ഞുള്ള അറിവേ നമുക്ക് അവരെപ്പറ്റിയുള്ളു. എന്നാൽ അവരുടെ വ്യക്തി ജീവിതത്തിൽ ഇടപെടുമ്പോൾ അവർ എത്രമാത്രം സമൂഹത്തെ സേവിക്കുന്നവരാണെന്ന് ബോധ്യപ്പെടും.

### യുവജനങ്ങളോട് ഉണ്ടായിരിക്കേണ്ട സമീപനങ്ങൾ

1. അവരോട് സംസാരിക്കുക - ഹൃദ്യമായ അഭിസംബോധനയും കുശലാന്വേഷണങ്ങളും വളരെ നല്ലതാണ്. മറ്റുള്ളവരെ മനസ്സിലാക്കുമ്പോൾ നമുക്ക് നമ്മുടെ വലുപ്പ ചെറുപ്പങ്ങൾ അറിയാൻ കഴിയും. പുഞ്ചിരി - ചിരിക്കുമ്പോൾ 72 മസിൽസ് പ്രവർത്തിക്കുന്നു. ഹൃദ്യമായി പുഞ്ചിരിക്കുന്നത് ആദ്യ സംഭാഷണമാണ്. സംഭാഷണം നന്നാകാൻ പുഞ്ചിരിയിലൂടെ സാധിക്കും. . സംഭാഷണത്തിൽ ആംഗ്യങ്ങൾ പ്രധാനം - കൈകൾ പലരീതിയിൽ ചലിപ്പിച്ച് സംസാരിക്കുക, തല കുലുക്കുക. ഓഡിയൻസിന്റെ ശ്രദ്ധ നമ്മളിലേക്ക് തിരിക്കാൻ ഇത് നല്ലതാണ്.
2. പേരു ചൊല്ലിവിളിക്കുക - മറ്റുള്ളവരെ പേര് വിളിക്കുമ്പോൾ അവർക്ക് സന്തോഷമായിരിക്കും. നാം അവരുടെ പേര് ഓർക്കുമ്പോൾ അതൊരു അംഗീകാരമായി അവർ കാണും. കുഞ്ഞിനെപ്പോലെ ചിണുങ്ങൽ - ഒരു കുഞ്ഞ് തന്റെ പ്രിയപ്പെട്ടവരെ കാണുമ്പോൾ തുള്ളിച്ചാടി പോകുന്നതുപോലെ മറ്റുള്ളവരെ കാണുമ്പോൾ അവർക്ക് ഹസ്തദാനം നല്കിയോ ആലിംഗനം ചെയ്തോ എതിരേല്ക്കുക
3. കണ്ണോട് കണ്ണ് - കണ്ണിൽ നോക്കി സംസാരിക്കുക. മറ്റെയാൾ സംസാരിക്കുമ്പോഴും അയാളുടെ കണ്ണിൽത്തന്നെ നോക്കുക. സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. കൂടുതൽ സന്തോഷം അനുഭവിക്കാൻ കഴിയും.
4. ആത്മാർത്ഥമായി അവരോട് താല്പര്യം കാട്ടുക. ആരും അവഗണിക്കപ്പെടരുത്. അസ്വസ്ഥതയുടെ അടയാളങ്ങൾ മാറ്റിവയ്ക്കുക - വിരൽകൊണ്ട് തൊടുത്ത് മുഖം ചൊറിയൽ, ഫോൺ നോക്കൽ, പുറത്തേക്ക് ശ്രദ്ധിക്കൽ ഇവ നമ്മുടെ സൗഹൃദസംഭാഷണത്തിൽ മനോഹാരിത നഷ്ടപ്പെടുത്തും
5. ഉദാരനായിരിക്കുക - അഭിനന്ദിക്കുന്നതിൽ, പ്രോത്സാഹിപ്പിക്കുന്നതിൽ, സഹായിക്കുന്നതിൽ ഉദാരത കാട്ടുക.
6. പരിഗണിക്കുക - നാം ശ്രദ്ധിക്കുകയും അനുഭാവം കാട്ടുകയും ചെയ്യുമ്പോൾ അത് അയാളിൽ ആത്മവിശ്വാസവും പോസിറ്റീവ് എനർജിയും സൃഷ്ടിക്കുന്നു.
7. തയ്യാറായിരിക്കുക - ആർക്കും സഹായം ചെയ്യാൻ തയ്യാറാകുക. മടികൂടാതെ സ്ഥിരോത്സാഹിയായിരിക്കുക.
8. യുവജനങ്ങളെക്കുറിച്ച് നല്ലതുമാത്രം പറയുക.
9. ഭവനങ്ങളിൽ യുവജനങ്ങളെ സന്ദർശിക്കുക, അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക, അവരുടെ സ്വപ്നങ്ങൾ അറിയുക, സൗഹൃദം സ്ഥാപിക്കുക.
10. അവർ പഠിക്കുന്ന സ്കൂളുകൾ, കോളേജുകൾ സന്ദർശിക്കുക, പഠനനിലവാരം വിലയിരുത്തുക, നിങ്ങൾ വിദ്യാർത്ഥികളുടെ ലോക്കൽ ഗാർഡിയനാകുക.
11. യുവജനങ്ങളെ സായാഹ്നങ്ങളിൽ പഠിപ്പിക്കുക. ഒരു ദിവസം ബൈബിൾ പഠനം, രണ്ടു ദിവസം പി.എസ്.സി ക്ലാസ്സ്, ഷട്ടിൽ കളിക്കുക.

കലയിലൂടെ - മ്യൂസിക് പഠിപ്പിക്കുക, പള്ളിയിൽ യുവജനങ്ങളോടൊത്ത് ജപമാല ചൊല്ലുക

**മാർക്കോസ് 10** - ആൾക്കൂട്ടത്തിന്റെ ഇടയിൽ ഒരു യുവാവിന്റെ ശബ്ദം കേൾക്കുന്നു. ആൾക്കൂട്ടത്തിന്റെ ശബ്ദത്തെ അതിജീവിച്ചുകൊണ്ട് ഉയർന്നുവരുന്ന യുവാവിന്റെ ശബ്ദം. അന്ധനായ ബർത്തിമേയൂസ് യേശുവിനെ വിളിക്കുന്ന ശബ്ദം. നമ്മുടെ യുവജനങ്ങൾ ആൾക്കൂട്ടത്തിനിടയിൽനിന്ന് അജപാലകരെ ഉറക്കെ വിളിക്കുന്നുണ്ട്. സ്നേഹത്തിനുവേണ്ടി, കരുണയ്ക്കുവേണ്ടി, കരുതലിനുവേണ്ടി, സാമീപ്യത്തിനുവേണ്ടി, മാർഗനിർദേശത്തിനുവേണ്ടി, അവരുടെ ശബ്ദം നാം കേൾക്കുന്നുണ്ടോ. അവർക്ക് മറുപടി കൊടുക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ? നിശബ്ദരായിരിക്കാൻ പറഞ്ഞുകൊണ്ട് നാം ശാസിക്കുകയാണോ? കുതിച്ചുചാടി യുവാക്കൾ നമ്മുടെ അടുത്തേയ്ക്ക് വരുന്നുണ്ടോ?

**ഖലീൽ ജിബ്രാൻ** പ്രസ്താവിക്കുന്നു. "നിങ്ങളുടെ കുട്ടികൾ നിങ്ങളുടേതല്ല, നിങ്ങൾ അവർക്ക് നിങ്ങളുടെ സ്നേഹം നല്കുക, പക്ഷേ ചിന്തകളരുത്, കാരണം അവർക്ക് അവരുടേതായ ചിന്തകളുണ്ട്. അവരെപ്പോലെ യാകുന്നതിന് നിങ്ങൾക്ക് ശ്രമിക്കാം. പക്ഷേ അവരെ നിങ്ങളെപ്പോലെയാക്കുന്നതിന് ശ്രമിക്കരുത്. ജീവിതം ഒഴുകുന്നത് പിന്നിലേക്കല്ല, അത് ഇന്നലെകളിൽ തങ്ങിനില്ക്കുന്നുമില്ല". കുട്ടികൾ ചരിത്രത്തിൽ തങ്ങൾക്കുള്ള ഇടം കണ്ടെത്തണം. എത്തിപ്പിടിക്കാനൊരു ലക്ഷ്യമുണ്ടാകണം. വിജയിക്കാനൊരു വാശി അവർക്കുണ്ടാകണം. നിങ്ങളുടെയും നിങ്ങളുടെ സ്വപ്നത്തിന്റെയും ഇടയിലുള്ള തടസ്സം ഭയവും മടിയുമാണ്. ഭയത്തിന്റെ ചിപ്പിത്തോടുകളിൽനിന്ന് നമ്മൾ പുറത്തുകടക്കണം. ■

**ഡോ. മനോജ് എം. ആർ.**
പീഡിയാട്രിഷ്യൻ, ഗവ. ഹോസ്പിറ്റൽ, തൈക്കാട്

# മഹാത്മാ



വീട് കാക്കുമച്ഛനെപ്പോൽ
രാജ്യം കാക്കും കാരണവർ
രാഷ്ട്രപിതാ മഹാത്മജി
വാഴുമെന്നും മനസ്സിൽ ശോഭ
യാർന്നൊരോർമ്മയായി.

കാന്തിയേറും മുഖത്തൂറും
ചന്തമേറും
പുഞ്ചിരിയാൽ
നമ്മിൽ ചിന്തയുണർത്തി
സൗമ്യനായി, സൗമ്യമായി
നമ്മെ പരിവർത്തിപ്പി-
ച്ചൊരു പുരുഷോത്തമൻ.
സഹന സമരത്താൽ
നമ്മെ സ്വതന്ത്രരാക്കിയ
നായകൻ ഗാന്ധിജി.

വാക്കിലും നോക്കിലും
നടപ്പിലും, ഹിംസയെ
വെന്ന മഹാശയനങ്ങ്,
നിസ്വനെ ഹരിയായി
ഭജിച്ച ഭക്ത ശിരോമണി
സർവോദയ ദൈവരാജ്യം
സ്വപ്നം കണ്ട തപസ്വി
ജീവിതം സന്ദേശമാക്കിയ
ആചാര്യ ശ്രേഷ്ഠൻ, അങ്ങ്
ഭാരതരാജ്യത്തിൻ പുണ്യം
സത്യത്തിൻ തിരിനാളം,
ലോകത്തിൻ കെടാവിളക്ക്.



ലേഖനം

**ഫാ. ഗ്രിഗറി ആർബി**
സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി,
ആലുവ

# പങ്കാളിത്ത പ്രേഷിതചൈതന്യത്തിലേയ്ക്ക് കേരള ലത്തീൻസഭ

2017 ഒക്ടോബർ 6, 7, 8 തീയതികളിൽ വല്ലാർപാടത്തുവച്ചു നടത്തിയ മിഷൻ കോൺഗ്രസ്സും ബിസിസി കൺവെൻഷനും ഇന്നും പച്ചയായ ഒരു അനുഭവവും ആവേശവുമായി എല്ലാവരുടെയും മനസ്സിൽ നിറഞ്ഞു നില്ക്കുന്നു. പങ്കാളിത്തസഭ സുവിശേഷ പ്രഘോഷണത്തിനും സാക്ഷ്യത്തിനും എന്ന വിഷയത്തെ ആസ്പദമാക്കി കേരള ലത്തീൻസഭ നടത്തിയ ഈ ഒത്തുചേരൽ നമ്മുടെ അജപാലനപ്രവർത്തന രംഗങ്ങളിലും പ്രേഷിതപ്രവർത്തന ആഭിമുഖ്യങ്ങളിലും മാറ്റത്തിന്റെ വിത്തുവിതയ്ക്കുന്നതിനു കാരണമായി. ഈ മഹാസമ്മേളനത്തിന്റെ വാർഷികം ആഘോഷിക്കുമ്പോൾ തുടർപരിപാടികളെക്കുറിച്ചു ചിന്തിക്കുന്നത് കേരള ലത്തീൻ സഭാ വിശ്വാസികളുടെ മുന്നോട്ടുള്ള തീർത്ഥാടനത്തിനു ഏറെ സഹായകമാകും. മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും തുടർച്ചയായി 4 പ്രധാനകാര്യങ്ങളാണ് ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്.

### ചെറിയ ഒത്തുവാസം (മിനി - ലിവിംഗ് ഇൻ ടുഗെദർ)

കേരള ലത്തീൻ സഭയെ ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്തസഭയായി രൂപപ്പെടുത്തുക എന്നതായിരുന്നു മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും പ്രധാന തീരുമാനങ്ങളിലൊന്ന്. അല്മായ പങ്കാളിത്തത്തിലൂടെ ഉത്തമമായ തീരുമാനങ്ങളെടുത്ത് കാര്യക്ഷമമായ രീതിയിൽ അജപാലനശു

ശ്രൂഷകൾ നിർവഹിക്കാനാകും. രൂപതകളിലും ഫൊറോനാതലങ്ങളിലും ഇടവകപ്രവർത്തനങ്ങളിലും ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്തസഭയായി മാറുന്നതിനുതകുന്ന ബോധവത്ക്കരണക്ലാസ്സുകൾ വിവിധതലങ്ങളിൽ ഇനിയും നടത്തേണ്ടിയിരിക്കുന്നു. മിഷൻ കോൺഗ്രസ്സിലും ബിസിസി കൺവെൻഷനിലും വിശദമായി ചർച്ചചെയ്തു രൂപപ്പെടുത്തിയ തീരുമാനങ്ങൾ പല രൂപതകളിലും വ്യത്യസ്തമായ തലങ്ങളിലാണ് നടപ്പാക്കിവരുന്നത്. മിഷൻ കോൺഗ്രസ്സിനും ബിസിസി കൺവെൻഷനുംശേഷം ഇനി എങ്ങോട്ട് എന്ന് ചിന്തിക്കുവാൻ ഒരുമിച്ച് കൂടിയപ്പോഴുണ്ടായ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഒരു ചെറിയ ഒത്തുവാസം നടത്തുവാനുള്ള തീരുമാനമുണ്ടായത്. പുതിയ വിഷയങ്ങളിലേക്കു വെളിച്ചം വീശുന്ന ക്ലാസ്സുകളും അവയോടനുബന്ധിച്ചുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ തീരുമാനിക്കുന്നതിനെക്കാൾ എടുത്ത തീരുമാനങ്ങൾ പ്രായോഗികമാക്കാൻ വേണ്ട സാധ്യതകൾ അന്വേഷിച്ച് കണ്ടെത്തുക എന്നതാണ് ഇന്നിന്റെ പ്രധാനആവശ്യമായി എല്ലാവർക്കും അനുഭവപ്പെട്ടത്. മിഷൻ കോൺഗ്രസ്സിലും ബിസിസി കൺവെൻഷനിലും കൈക്കൊണ്ട തീരുമാനങ്ങളും കെആർഎൽസിസിയിൽ പൊതുവായി എടുക്കുന്ന തീരുമാനങ്ങളും നടപ്പിലാക്കുന്നതിലുള്ള പ്രയാസങ്ങളെ സ്വതന്ത്രമായ തുറന്ന ചർച്ചകളിലൂടെ കണ്ടെത്തി അവയെ പ്രാബല്യത്തിൽ വരുത്തുവാൻ സഹായകമായ പ്രായോഗിക കർമ്മപദ്ധതി രൂപീകരിക്കുന്നതിനും അവ സമയബന്ധിതമായി രൂപതകളിൽ നടപ്പാക്കുവാൻ ആവശ്യമായ നടപടി കൈക്കൊള്ളുവാനും ചെറിയ ഒത്തുവാസം നടത്തുവാൻ അഭിവന്ദ്യ പിതാക്കന്മാർ തീരുമാനിച്ചു. ഒക്ടോബർ മാസം 5-ാം തീയതി വെള്ളിയാഴ്ച നാലു മണിമുതൽ 6-ാം തീയതി ശനിയാഴ്ച വൈകുന്നേരം നാലുമണിവരെ ആലുവ കാർമ്മൽഗിരി സെമിനാരിയിലാണ് ഈ ചെറിയ ഒത്തുവാസം നടക്കുന്നത്. ഇപ്രകാരം എടുക്കുന്ന പ്രായോഗിക തീരുമാനങ്ങൾ രൂപതകളിൽ നടപ്പാക്കുന്നതിന് കെആർഎൽസിസിക്ക് മേൽനോട്ടം വഹിക്കാനാകും.

ഈ ചെറിയ ഒത്തുവാസത്തിൽ പങ്കെടുക്കുന്നത് കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളിലെയും ബിഷപ്പുമാർ, വികാരി ജനറൽമാർ, മുഖ്യശുശ്രൂഷ കോർഡിനേറ്റർമാർ, 6 ശുശ്രൂഷയുടെ കോർഡിനേറ്റർമാർ അഥവാ ഡയറക്ടർമാർ, രൂപതാ പാസ്റ്ററൽ കൗൺസിൽ അല്മായ സെക്രട്ടറി, ബിസിസിയുടെ രൂപതാ കേന്ദ്രസമിതിയിൽ നിന്നും ഒരാൾ, കെആർഎൽസിബിസിയുടെ കമ്മീഷൻ സെക്രട്ടറിമാർ, ഫൊറോനവികാരിമാർ, കമ്മീഷൻ സെക്രട്ടറിമാർ, കെആർഎൽസിസിയുടെ അല്മായ സന്യസ്തപ്രതിനിധികൾ എന്നിവരാണ് പ്രധാനമായും ചെറിയ ഒത്തുവാസത്തിൽ പങ്കെടുക്കുന്നത്.

കേരള ലത്തീൻ സഭയുടെ ചരിത്രത്തിൽ സംഘാടന മികവു കൊണ്ടും പങ്കാളിത്തം കൊണ്ടും ചരിത്രമായിത്തീർന്ന മിഷൻ കോൺഗ്രസ് ബിസിസി കൺവെൻഷൻ നടന്നിട്ട് ഒരു വർഷം പിന്നിടുന്നു. പങ്കാളിത്ത സഭ സുവിശേഷ പ്രഘോഷണത്തിനും സാക്ഷ്യത്തിനും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഈ കൺവെൻഷന്റെ ഉദ്ദേശ ലക്ഷ്യത്തിലേക്ക് നടന്നടുക്കുന്നതിനുള്ള കർമ്മപദ്ധതികളാണ് ലേഖകൻ ഇവിടെ പ്രതിപാദിക്കുന്നത്

ചെറിയ ഒത്തുവാസം ചെയ്യുന്നത് പ്രധാനമായും 4 വിഷയങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള തുറന്ന ചർച്ചയാണ്. ആദ്യത്തെ വിഷയം പങ്കാളിത്തസഭയെക്കുറിച്ചുള്ളതാണ്. സഭയുടെ അംഗങ്ങളെന്ന നിലയിൽ എല്ലാവരും തന്നെ സഭാ പ്രവർത്തനങ്ങളിൽ പങ്കുകാരാകേണ്ടതാണ്. നയപരമായ തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിലും പ്രേഷിതരംഗങ്ങളിലും സഭയുടെ കൂട്ടായ്മാപ്രവർത്തനങ്ങളിലും വൈദികരോടൊപ്പം സന്യസ്തരും അല്മായരും സഹകാരികളായി പ്രവർത്തിക്കേണ്ടതാണ്. പങ്കാളിത്തസഭയിലെ അംഗമാണ് ഞാൻ എന്ന ബോധ്യത്തോടെ പങ്കാളിത്തപ്രവർത്തനങ്ങളിൽ എല്ലാവരും പങ്കുകാരാകാത്തതിന്റെ കാരണങ്ങൾ അന്വേഷിച്ചുകൊണ്ട് അവയുടെ പ്രതിവിധി ഒരുമിച്ച് അന്വേഷിക്കുകയാണ് ഈ ചെറിയ ഒത്തുവാസത്തിൽ. ഓരോരുത്തരും തങ്ങളുടെ വിളിക്കനുസരിച്ച് ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് പങ്കാളിത്തസഭയെ രൂപപ്പെടുത്തുന്നതിനുള്ള തടസ്സങ്ങളും നിവാരണമാർഗങ്ങളും അന്വേഷിക്കുകയാണിവിടെ.

രണ്ടാമതായി, കാനോനിക നിയമവുമായി ബന്ധപ്പെട്ട വിഷയമാണ്. കാനോനിക നിയമത്തിൽ നിന്നും രൂപപ്പെട്ടുവരുന്ന അജപാലന ദർശനം പങ്കാളിത്തസംവിധാനത്തിന് അനുയോജ്യമായതാണ്. കാനോൻ നിയമം അനുശാസിക്കുന്നതനുസരിച്ച് പങ്കാളിത്തസ്വഭാവത്തോടെ ഫൊറോനവികാരിമാർക്കും ഇടവകവികാരിമാർക്കും അവരവരുടെ അജപാലനശുശ്രൂഷകാര്യക്ഷമമായി നിർവഹിക്കുന്നതിനു തടസ്സമാകുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗങ്ങളും കണ്ടെത്തുവാനുള്ള ശ്രമമാണിവിടെ നടക്കുക. കാനോനിക നിയമത്തിൽ ഉൾച്ചേർന്നിരിക്കുന്ന പങ്കാളിത്ത സാധ്യതകൾ ലത്തീൻസഭയിൽ പ്രാവർത്തികമാക്കാൻ ഇത് സഹായകമാകും. രൂപതാ ഇടവക പാസ്റ്ററൽ കൗൺസിലുകൾ, ധനകാര്യസമിതികൾ എന്നിവയിൽ അല്മായർക്കു കാനോനികനിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് പങ്കുകാരാകാനും അവരുടെ അവകാശങ്ങളും കടമക

ളും കണ്ടെത്താനും ഇവിടെ ചർച്ചയ്ക്ക് അവസരമൊരുക്കുന്നു. വിവിധ കാനോനിക സംവിധാനങ്ങളെ ലത്തീൻ സഭയിൽ പ്രവർത്തനനിരതമാക്കിക്കൊണ്ട് പങ്കാളിത്തസഭാസംവിധാനം പ്രായോഗികമായി കാനോനിക നിയമത്തിലുള്ള സാധ്യതകൾ കണ്ടെത്തി അവതരിപ്പിക്കുയും പങ്കാളിത്തസഹകരണത്തോടെ കാനോനിക നിയമങ്ങളെ യാഥാർത്ഥ്യമാക്കുവാനുള്ള രീതികൾ മിനി ലിവിംഗ് - ഇൻ ടുഗെതറിൽ ചർച്ചാ വിഷയമാക്കുകയും ചെയ്യുന്നു.

മൂന്നാമതായി ചർച്ച ചെയ്യപ്പെടുന്ന വിഷയം ബിസിസി സംബന്ധിച്ചാണ്. കേരള ലത്തീൻ സഭയുടെ അടിസ്ഥാനകണവും സാർവത്രിക സഭയുടെ ചെറിയ പതിപ്പുകളുമായ ബിസിസികൾ എപ്രകാരം കൂടുതൽ കാര്യക്ഷമമായി പ്രവർത്തനനിരതമാക്കാം എന്നാണ് ഇവിടെ ചർച്ചചെയ്യപ്പെടുന്നത്. വിവിധ ശുശ്രൂഷകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ബിസിസികളെ കൂടുതൽ ശക്തമാക്കുവാൻ ആവശ്യമായ കർമ്മപരിപാടികൾകൂടി ഇവിടെ ചർച്ച ചെയ്യുന്നു. കേരളലത്തീൻസഭയിലെ 13165 ബിസിസികളും സാർവത്രികസഭയുടെ ചെറുപതിപ്പുകളായി ഇടവകകളിലും രൂപതകളിലും പ്രവർത്തനനിരതമാകേണ്ടതാണ്. അതിലെ വെല്ലുവിളികളും സാധ്യതകളും കണ്ടെത്തി ബിസിസികൾ സജീവമാക്കുന്നതിനുസഹായകമാകുന്ന ശുശ്രൂഷകളെ ബിസിസികളിൽ ഉൾച്ചേർക്കുവാൻ ആവശ്യമായ ക്രിയാത്മക നടപടികൾ ലിവിംഗ് - ഇൻ ടുഗെദറിൽ ഉരുത്തിരിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നാലാമതായി ചർച്ച ചെയ്യപ്പെടുന്ന വിഷയം കെആർഎൽസിസിയും രൂപതകൾ തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ചാണ്. കെആർഎൽസിസി എടുക്കുന്ന തീരുമാനങ്ങളെ രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തോടെ രൂപതകളിൽ പ്രാവർത്തികമാക്കേണ്ടത് രൂപതാ പാസ്റ്ററൽ കൗൺസിലാണ്. രൂപതകളിൽനിന്നും തെരഞ്ഞെടുത്തു കെആർഎൽസിസി അംഗങ്ങളായി വരുന്നവർ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളാണ്. അവർക്ക് രൂപതകളിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് കൂടുതൽ വ്യക്തത കൈവരുമെന്ന് പ്രതീക്ഷിക്കുന്നു. കെആർഎൽസിസി തീരുമാനങ്ങൾ രൂപതാ പാസ്റ്ററൽ കൗൺസിൽവഴി പ്രാവർത്തികമാക്കുന്നതിലുള്ള തടസ്സങ്ങളും സാധ്യതകളും ഇവിടെ അന്വേഷണവിഷയമാക്കുന്നു.

ഈ നാലുവിഷയങ്ങളും മോഡറേറ്റർമാരുടെ അദ്ധ്യക്ഷതയിൽ ചർച്ചാവിഷയമാക്കുന്നു. ആദ്യപകുതി സമയം വ്യത്യസ്ത രൂപതാംഗങ്ങൾ വിവിധ ജീവിതസാഹചര്യങ്ങളിലുണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നു. അതിനെതുടർന്ന് പൊതു ചർച്ചയാണ്. ഇതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മറ്റി പ്രവർത്തിക്കുന്നതാണ്. അവർ യോഗവേളയിൽ ഉണ്ടാകുന്ന അഭിപ്രായങ്ങളും നിർദേശങ്ങളും എഴുതിയെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചില കർമ്മപരിപാടികൾ സമയബന്ധിതമായി നടപ്പാക്കാൻ ലിവിംഗ് - ഇൻ ടുഗെദറിന്റെ അവസാനഘട്ടത്തിൽ അവതരിപ്പിക്കുയും ചെയ്യുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാൻ സഹായകമായ ഒരു റോഡ് മാപ്പ് ഉണ്ടാക്കും.

## പ്രത്യേക ബിസിസി യോഗം

ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച കേരള ലത്തീൻസഭയിലെ 13165 യൂണിറ്റുകളും പ്രത്യേക യോഗം കൂടുന്നു. അതിനു സഹായിക്കുന്ന പ്രത്യേക യോഗക്രമം എല്ലാ രൂപതകളിലും എത്തിച്ചിട്ടുണ്ട്. അന്നു നടക്കുന്ന പ്രത്യേകയോഗത്തിൽ മാതാവിന്റെ മുമ്പിൽ നടത്തിയ പ്രതിഷ്ഠയെ നവീകരിക്കുന്നു. 2017 ഒക്ടോബറിൽ നടന്ന മിഷൻ കോൺഗ്രസ്സിൽ നടത്തിയ വിമലഹൃദയ പ്രതിഷ്ഠയാണ് ഇവിടെ നവീകരിക്കപ്പെടുന്നത്. വിമലഹൃദയപ്രതിഷ്ഠ സഭയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഏറെ സഹായകമാണ്. കേരള ലത്തീൻ സഭയെ മാതാവിന്റെ വിമലഹൃദയത്തിനു സമർപ്പിക്കുകവഴി മാതൃസംരക്ഷണയ്ക്കായി നമ്മെ മുഴുവനും നാം ഭരമേല്പി



നമ്മുടെ 12 രൂപതകളും പ്രേഷിതചൈതന്യത്തിൽ വളരുന്നതിനായി വടക്കേ ഇന്ത്യയിലെ 12 രൂപതകളുമായി ഹാർട്ട് റ്റു ഹാർട്ട് എന്ന പരിപാടിയിലൂടെ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിപ്പോഴും പ്രാരംഭദശയിൽതന്നെയാണ്

ക്കുകയാണ്.

## റിസോഴ്സ് ടീം പരിശീലനം

ഈ വർഷം കേരള ലത്തീൻ സഭയിലെ ബിസിസികൾ *കൊയ്നോനിയ* വർഷമായി ആചരിക്കുന്നു. നമ്മുടെ ബിസിസികളെ വിശ്വാസത്തിൽ ആഴപ്പെട്ട നല്ല കൂട്ടായ്മകളാക്കി മാറ്റിയെടുക്കാൻ സഹായകമായ ബോധവത്ക്കരണപരിപാടികൾക്കാണ് ഊന്നൽ നല്കുന്നത്. അതിനു സഹായകമാകുന്ന മൊഡ്യൂൾസായാണ് പരിശീലനപരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. സഭയുടെ നവീനത നിലനിർത്തുവാൻ പോന്ന ജീവിതരീതിയാണ് ബിസിസി മുന്നോട്ടുവയ്ക്കുന്നത്. ക്രിസ്തുവിന്റെ മൗതികശരീരമായ സഭ ഇന്നു പുതുതായി ക്രിസ്തുവിൽ നിലനില്ക്കുന്നത് കൂട്ടായ്മയിലൂടെയാണ് എന്ന ആശയമാണ് ഒന്നാം മൊഡ്യൂളിന്റെ പ്രധാന പഠനവിഷയം. ഈ മൊഡ്യൂൽ അനുസരിച്ചുള്ള പഠനം വളരെ നന്നായി എല്ലാ രൂപതകളിലും ഇതിനാലകം നടത്തിക്കഴിഞ്ഞു. രണ്ടാം മൊഡ്യൂൽനുസരിച്ചുള്ള പരിശീലനത്തിൽ ബിസിസികളിൽ അനുവർത്തിക്കേണ്ട ആധിപത്യേതര നേതൃത്വവും സമഗ്രവിദ്യാഭ്യാസപദ്ധതിയും ഭരണഘടന നല്കുന്ന സുരക്ഷിതത്വവും ആണ് വിഷയമായി പഠനത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പരിശീലകർ തങ്ങളുടെ രൂപതകളിലെ ബിസിസി ഭാരവാഹികൾക്കായി ക്ലാസ്സെടുത്തുകൊണ്ട് നാം തുടങ്ങിവച്ച നവീകരണ പരിപാടികൾ എല്ലാവരിലും എത്തിക്കുന്നു. കൊയ്നോനിയ വർഷത്തിൽ എല്ലാ ബിസിസി അംഗങ്ങൾക്കും ഐക്യത്തിന്റെയും സ്നേഹത്തിന്റെയും ആശയം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യമാണ് പരിശീലനപരിപാടിയിലൂടെ നടക്കുന്നത്. ഇത് ബിസിസികളെ സ്വന്തമായി കരുതി അംഗീകരിക്കുവാനും കേരള ലത്തീൻസഭയുടെ സ്വഭാവവിശേഷമായി ഉൾക്കൊള്ളുവാനും അവസരമൊരുക്കുന്നു.

## പ്രേഷിതാഭിമുഖ്യത്തിൽ വളരുക

നമ്മുടെ 12 രൂപതകളും പ്രേഷിതചൈതന്യത്തിൽ വളരുന്നതിനായി വടക്കേ ഇന്ത്യയിലെ 12 രൂപതകളുമായി ഹാർട്ട് റ്റു ഹാർട്ട് എന്ന പരിപാടിയിലൂടെ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതിപ്പോഴും പ്രാരംഭദശയിൽതന്നെയാണ് നില്ക്കുന്നത്. പ്രേഷിതദൗത്യം എന്ന അടിസ്ഥാനദൗത്യം നിറവേറ്റുവാനും വിവിധ പ്രവർത്തനങ്ങളിലൂടെ പ്രേഷിതാഭിമുഖ്യം സൃഷ്ടിക്കാനും ഈ വർഷം കൂടുതൽ കർമ്മപരിപാടികൾ രൂപതാതലങ്ങളിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

ഹാർട്ട് റ്റു ഹാർട്ട് പരിപാടിയുടെ നടത്തിപ്പിനായി പ്രേഷിതതീക്ഷ്ണതയും താല്പര്യവുമുള്ളവരെയും ഉൾപ്പെടുത്ത ഒരു മിഷൻ ഡസ്ക് രൂപീകരിക്കേണ്ടതാണ്. ഇതിന്റെ ഡയറക്ടർ പ്രൊക്ലമേഷൻ കമ്മീഷന്റെ ഡയറക്ടറോ താല്പര്യമുള്ള മറ്റാരെങ്കിലുമോ ആകാം. ഈ മിഷൻ ഡസ്കായിരിക്കും മിഷൻ ലിങ്കേജ് പരിപാടികൾക്ക് നേതൃത്വം നല്കുന്നതും ഏകോപിപ്പിക്കുന്നതും. ദൈവജനത്തിലെ എല്ലാ വിഭാഗങ്ങൾക്കും തങ്ങളുടെ അടിസ്ഥാന പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അറിവും അവബോധവും താല്പര്യവും വളർത്താൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുകയെന്നതാണ് ഇവരുടെ പ്രധാനകർത്തവ്യമായി വരുന്നത്. ഇതിനാവശ്യമായ ലഘുലേഖകൾ, സ്ഥിതിവിവരക്കണക്കുകൾ എന്നിവ തയ്യാറാക്കി നല്കുകയോ ലഭ്യമാക്കുകയോ ചെയ്യുക. ഓരോ രൂപതയും ലിങ്കു ചെയ്യപ്പെട്ടിരിക്കുന്ന രൂപതയെക്കുറിച്ചുള്ള വിശദാംശങ്ങൾ (സംസ്ഥാനം, രൂപതയുടെ വലുപ്പം, മൊത്തം ജനസംഖ്യ, ആകെ കത്തോലിക്കർ, ഭാഷ, തൊഴിൽ, ആ രൂപതയിലെ മൊത്തം ഇടവകകൾ, സ്ഥാപനങ്ങൾ, വൈദികർ, സന്യസ്ഥർ, ദൈവവിളി തുടങ്ങിയവ) ശേഖരിച്ച് സാധ്യമെങ്കിൽ സചിത്രമായ ഒരു ലഘുലേഖ തയ്യാറാക്കി രൂപതയിലെ എല്ലാ ബിസിസികളിലും പഠനത്തിനായി ലഭ്യമാക്കുക. മതബോധനകുട്ടികൾക്ക് ഈ രേഖ ഉപവായനയ്ക്കായി നല്കുന്നത് നന്നായിരിക്കും.

വിവിധ പ്രായക്കാർക്കായി പ്രേഷിതാഭിമുഖ്യമുള്ള സംഘടനകൾ ഇല്ലാത്തിടത്ത് രൂപീകരിക്കുകയും ഉള്ളവ ഫലപ്രദമായി ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉദാ - തിരുബാലസഖ്യം, ചെറുപുഷ്പമിഷൻലീഗ്, ലിറ്റിൽ വേ അസോസിയേഷൻ മുതലായവ. സ്വതവേ വളരെ നന്നായി മിഷൻ ഞായർ ആചരിക്കുന്ന കേരള ലത്തീൻ സഭ വരും വർഷങ്ങളിൽ മിഷൻ ഞായറും വാരവും ലിങ്കുചെയ്യപ്പെട്ട രൂപതയുമായി ബന്ധപ്പെടുത്തി ആചരിക്കുവാൻ ശ്രമിക്കുന്നത് ഉചിതമായിരിക്കും. അവിടന്ന് മിഷണറിമാർ വന്ന് പ്രേഷിതാനുഭവം പങ്കുവയ്ക്കുകയോ ഇവിടെനിന്ന് ആ സമയത്ത് പ്രേഷിതയാത്രകൾ സംഘടിപ്പിക്കുകയോ ഒക്കെ ചെയ്യാം. ഇപ്രകാരം വിവിധ പ്രവർത്തനങ്ങളിലൂടെ 2017 ഒക്ടോബർ മാസം വല്ലാർപാടത്തു നടത്തിയ മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും ചൈതന്യം നമ്മുടെ ഇടവകകളിൽ യാഥാർത്ഥ്യമാക്കാം. ■

> പ്രേഷിതദൗത്യം എന്ന അടിസ്ഥാനദൗത്യം നിറവേറ്റുവാനും വിവിധ പ്രവർത്തനങ്ങളിലൂടെ പ്രേഷിതാഭിമുഖ്യം സൃഷ്ടിക്കാനും ഈ വർഷം കൂടുതൽ കർമ്മപരിപാടികൾ രൂപതാതലങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്. അതുവഴി 2017 ഒക്ടോബർ മാസം വല്ലാർപാടത്തു നടത്തിയ മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും ചൈതന്യം നമ്മുടെ ഇടവകകളിൽ യാഥാർത്ഥ്യമാക്കാം.



ലേഖനം

**ഫാ. തീയോഡേഷ്യസ് ഡിക്രൂസ്**
ഓഖി ദുരന്തനിവാരണ കോർകമ്മിറ്റി ജനറൽ കൺവീനർ

# ഓഖി ദുരന്തശേഷിപ്പുകൾ

**2018** ആഗസ്റ്റ് മാസം 30-ാം തീയതി രാവിലെ പത്തര മണിക്ക് കേരളത്തെ സമ്പൂർണമായും ഗ്രസിച്ച പ്രളയത്തെയും അതുവരുത്തിവച്ച ദുരന്തത്തേയും പറ്റി ചർച്ചചെയ്യാൻ വിളിച്ചുകൂട്ടിയ പ്രത്യേക നിയമസഭാ സമ്മേളനം കാണുവാനും അവിടെ നടക്കുന്ന ചർച്ചകൾ കേൾക്കുവാനും ഞാനും കാഴ്ചക്കാരുടെ ബഞ്ചിലൊന്നിൽ സ്ഥാനം പിടിച്ചു. ഏകദേശം മുപ്പത്തിയെട്ടിലധികം സാമാജികർ ഒന്നിനു പുറകെ ഒന്നായി പ്രളയ ദുരന്തത്തേയും അതുകൈകാര്യം ചെയ്തതിനേയും ചെയ്യേണ്ടതിനേയും പറ്റി സംസാരിക്കുന്നുണ്ടായിരുന്നു. ഓരോ സാമാജികരും സംസാരിക്കുമ്പോഴും അവരുടെ സംഭാഷണങ്ങളിൽ ഒന്നിലധികം പ്രാവശ്യം കേട്ട പദങ്ങളാണ് 'കർഷകർ' 'കാർഷിക' തുടങ്ങിയ പദങ്ങൾ. കർഷകർ എന്ന പദം ഒരു സമ്പൂർണ്ണ പദമാണ്. നെൽകൃഷി ചെയ്യുന്നവനേയും പുൽക്കൃഷി ചെയ്യുന്നവനേയും, റബർ കൃഷി ചെയ്യുന്നവനേയും നാളീകേരകൃഷി ചെയ്യുന്നവനേയും എന്നല്ല എല്ലാത്തരം കൃഷി ചെയ്യുന്നവനേയും അവനിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും  അവർക്ക് ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ഈ കർഷകൻ എന്ന പദം ഉൾക്കൊള്ളുകയും പ്രതിനിദാനം ചെയ്യുകയും ചെയ്യും. അങ്ങനെ എല്ലാവരേയും എല്ലാറ്റിനേയും ഉൾക്കൊള്ളുന്ന ആഴവും സമഗ്രവുമായ ധാരാളം ഏക പദ വിശേഷണങ്ങൾ ഇന്നുണ്ട്, പ്രയോഗത്തിലുണ്ട്. കർഷകൻ, ആശാരി, മൂശാരി, കൊല്ലൻ, നായർ, ഈഴവർ, ദളിതൻ, യാദവൻ, പട്ടേലുമാർ, ദ്രാവിഡർ അങ്ങനെ നീളുന്നു ഇത്തരത്തിലുള്ള  ഏകപദ ജാതി-മത-വർഗ-വർണ-ലിംഗപദങ്ങൾ. നല്ലൊരു പരിധിവരെ ഈ ഒരൊറ്റപദപ്രയോഗം മാത്രം മതിയാകും ആ കൂട്ടത്തിൽപ്പെടുന്നവരുടെ ആവശ്യങ്ങളെയും അവകാശങ്ങളേയും പറ്റി ഉച്ചത്തിൽ സംസാരിക്കുവാൻ. മാത്രവുമല്ല പേരിന്റെ മുന്നിലോ, പിന്നിലോ ഇത്തരം ഒരു ഏകപദവിശേഷണം ചേർന്നാൽ വൈകാരികമായും മാനസീകമായും ഒന്നാകാനും ഒരുമിച്ചു ചേരാനും ഒന്നായി പോരാടാനുമുള്ള മാനസീകവും

ഓഖി ശേഷിപ്പുകൾ ദുരന്തസ്മരണ ഉണർത്തി ഇന്ന് തീരദേശത്തിന്റെ ഉറക്കം കെടുത്തുന്നു. ദുരന്ത മേഖലയിലെ സർക്കാർ - ഇതര ഇടപെടലുകൾ ഇനിയും ഫലപ്രദമായിട്ടില്ലെന്ന് തീരദേശ ജീവിതങ്ങൾ വ്യക്തമാക്കുന്നു. സങ്കുചിത, നിഷേധാത്മകനിലപാടുകൾ തീരദേശത്തെ ഒരു ദുരന്തത്തിലേക്കുകൂടി വലിച്ചിഴക്കുംമുൻപ് അർഹമായ പുനഃരധിവാസ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ടവർ അലംഭാവം വെടിയണം

വൈകാരികവുമായ ഊർജ്ജം കൂടും. ഇന്ന് എല്ലാവർക്കും അവരവരെ പ്രതിനിദാനം ചെയ്യാൻ ഇത്തരം ശക്തമായ ഏക പദവിശേഷണങ്ങളുണ്ട്. എന്തിനേറെ കൊലപാതകിക്കും കുറ്റവാളിക്കും കള്ളനും, കൊള്ളക്കാരനും, തീവ്രവാദിക്കും വരെ ഏകപദവിശേഷണങ്ങളുണ്ട്. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ മത്സ്യത്തൊഴിലാളിക്ക് അല്ലെങ്കിൽ കടലിന്റെ മക്കൾക്ക് അല്ലെങ്കിൽ കായൽ മത്സ്യത്തൊഴിലാളിക്ക് മാത്രം അവരെ പ്രതിനിധാനം ചെയ്യുവാൻ പോരുന്ന ശക്തമായ ഒരു ഏകപദ വിശേഷണം ഇല്ല. ഭാഷാപണ്ഡിതൻമാർക്ക് മത്സ്യ-ത്തൊഴിലാളികളെ സംബോധന ചെയ്യുവാൻ അത്തരത്തിൽ ഒരു ഏകപദം കണ്ടുപിടിക്കാൻ കഴിയാത്തതാണോ അതോ മനപൂർവ്വം കണ്ടുപിടിക്കാത്തതോ എന്നൊന്നും അറിയില്ല. മത്സ്യത്തൊഴിലാളിയുടെ പുറംതള്ളപ്പെടലിന്റെയും, പിന്നോക്കാവസ്ഥയുടെയും, ഐക്യമില്ലായ്മയുടെയും വിഭജനങ്ങളുടെയും വനരോദനങ്ങളുടെയും സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ-രാഷ്ട്രീയ-മാധ്യമ-വർഗ-വർണ-ലിംഗ തുടങ്ങി മനുഷ്യമനസ്സിന് സങ്കല്പിക്കുവാൻ കഴിയുന്ന സകലവിധ പിന്നോക്കാവസ്ഥകളുടെയും ചരിത്രം. നാം പത്രങ്ങളിൽ യാദവ പോരാട്ടം, പട്ടേൽ പ്രക്ഷോഭം, നായർ പോരാട്ടം, ഈഴവ പോരാട്ടം എന്നൊക്കെ കേൾക്കുമ്പോൾ ഈ വിഭാഗങ്ങൾ വർധിത ഊർജ്ജത്തോടെ ഇത്തരം പോരാട്ടങ്ങളിൽ അണിചേരും. മത്സ്യത്തൊഴിലാളിയുടെ ഹൃദയത്തേയും മനസ്സിനേയും വികാരവിചാരങ്ങളെയും സ്വാഭാവികമായി സ്വാധീനിക്കുവാൻ ഉതകുന്ന ഒരു ഏകപദമില്ലായ്മ ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ച് ഇത്രകാലമായിട്ടും മത്സ്യത്തൊഴിലാളിയുടെ ജീവനും ജീവിതവും വികസിപ്പിക്കുന്നതിന് തടസമായിരുന്നു; തടസമായിരിക്കുന്നുവെന്ന് നിസംശയം പറയാനാവും. തമിഴ് ഭാഷയിൽ പോലും ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ പ്രതിനിദാനം ചെയ്യുവാൻ 'മീനവർ' എന്നൊരു പദം കണ്ടെത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളികളെ സംഘമായി അഭിസംബോധന ചെയ്യാൻ ഒരുപരിധിവരെയുണ്ടായിരുന്ന ഒരു നല്ല പദമായിരുന്നു 'മുക്കുവർ'. മുക്കുവ പോരാട്ടമെന്നോ, മുക്കുവ അവകാശ പ്രഖ്യാപന റാലിയെന്നോ, മുക്കുവലഹളയെന്നോ മുക്കുവപ്രക്ഷോഭമെന്നോ ഒക്കെ പറയാൻ ഏളുപ്പവും മത്സ്യത്തൊഴിലാളികളെ മുഴുവൻ ഉൾക്കൊള്ളുന്നതുമായിരുന്നു ആ പദം. എന്നാൽ അധികാരത്തിന്റെ കോട്ട കൊത്തളങ്ങളിൽ സുഖസുഷുപ്തിയുടെ ശീതളിമയിൽ അഭിരമിച്ച - സാമൂഹിക-സാസ്കാരിക-വിദ്യാഭ്യാസ-രാഷ്ട്രീയ -പിന്തിരിപ്പൻ ശക്തികൾ, മുക്കുവർ എന്ന പദത്തെ നിഷ്പ്രഭമാക്കിക്കളഞ്ഞു. പിന്നീടൊരിക്കലും തിരികെ വരാൻ കഴിയാത്തവിധം വിസ്മൃതിയുടെ താളുകളിൽ തള്ളുകയും തന്നിഷ്ടങ്ങളനുസരിച്ച് താന്തോന്നിത്യ നിയമങ്ങൾ തയ്യാറാക്കുകയും ചെയ്തു. ഇന്ന് സമൂഹത്തിൽ നമുക്ക് കാർഷിക മന്ത്രാലയം, വിദ്യാഭ്യാസ മന്ത്രാലയം, കന്നുകാലി മന്ത്രാലയം, സാങ്കേതിക മന്ത്രാലയം ഒക്കെ ഉണ്ട്. എന്നാൽ ഒരു മുക്കുവക്ഷേമ മന്ത്രാലയം ഇല്ല. അടുത്തെങ്ങും ഉണ്ടാവാൻ സാധ്യതയുമില്ല. ആഗസ്റ്റ് മുപ്പതാം തീയതി ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തിൽ കൃഷിക്കും കർഷകർക്കും വേണ്ടി സംസാരിച്ചവർ ആരും തന്നെ ഓഖിയിൽ തകർന്നുപോകുകയും ദുരന്തങ്ങളുടെ തീരാക്കയത്തിൽ മുങ്ങിത്തപ്പുന്ന മുക്കുവർക്കുവേണ്ടിയോ, മുക്കുവക്ഷേമ പദ്ധതികൾക്കുവേണ്ടിയോ മുക്കുവ പുനരധിവാസത്തിനുവേണ്ടിയോ മുക്കുവ ക്ഷേമ കമ്മിഷനു വേണ്ടിയോ ഒരക്ഷരം ഉരിയാടിയില്ല. പ്രളയഭൂമിയിൽ നിന്ന് ജനങ്ങളെ ജീവിതത്തിന്റെ സുരക്ഷിത തീരങ്ങളിലേക്ക് എത്തിച്ച മുക്കുവർക്ക് ധാരാളം അഭിനന്ദനങ്ങളും ഭംഗിവാക്കുകളും കലവറയില്ലാതെ ചൊരിഞ്ഞു. അതിനപ്പുറം ഒന്നുമില്ല, ഒന്നും ചോദിക്കാനുമായില്ല.

ഓഖി ദുരന്തം സംഭവിച്ചിട്ട് ഒരുവർഷം പൂർത്തിയാകാറാകുമ്പോൾ കേരള സാമൂഹിക-വിദ്യാഭ്യാസ -സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക ശക്തികൾ മത്സ്യത്തൊഴിലാളികളെ സഹായിക്കുവാനോ, സമഗ്രമായി പുനരധിവസിപ്പിക്കുവാനോ തീരുമാനിച്ചോ. അഥവാ തീരുമാനിച്ചെങ്കിൽ അത്തരം തീരുമാന

പ്രളയഭൂമിയിൽ നിന്ന് ജനങ്ങളെ ജീവിതത്തിന്റെ സുരക്ഷിത തീരങ്ങളിലേക്ക് എത്തിച്ച മുക്കുവർക്ക് ധാരാളം അഭിനന്ദനങ്ങളും ഭംഗിവാക്കുകളും കലവറയില്ലാതെ ചൊരിഞ്ഞു. അതിനപ്പുറം ഒന്നുമില്ല, ഒന്നും ചോദിക്കാനുമായില്ല.



ങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ ശ്രമി ച്ചുവോ? നിസ്സഹായരും, നിരാലംബരും മനുഷ്യസ്നേഹികളുമായ മത്സ്യത്തൊഴിലാളികളെ പുനഃരധിവസിപ്പിക്കുവാൻ കേരള സമൂഹം എന്തേ പരാജയപ്പെട്ടു. എന്തുകൊണ്ടാണ് മത്സ്യത്തൊഴിലാളികളെയും അവരുടെ ദുരവസ്ഥയേയും മനപൂർവ്വമായോ അല്ലാതെയോ മറന്നുപോയതിലോ, അഥവാ ഒച്ചിന്റെ വേഗത്തേക്കാളും കുറഞ്ഞ വേഗതയിൽ നടപ്പാക്കുന്നതിൽ നമുക്കൊരു കുറ്റബോധം തോന്നാത്തത്? മത്സ്യത്തൊഴിലാളികൾക്ക് വാഗ്ദാനം ചെയ്ത സൗജന്യ റേഷനും വിദ്യാഭ്യാസ സഹായവും ആശ്രിത നിയമനവും വീടില്ലാത്തതിന് പകരം മാറ്റിവച്ച വാടകത്തുകയും, നൽകാമെന്നു പറഞ്ഞ വീടുകളിൽ ഒന്നു പോലും ഇതുവരെ നൽകാത്തതിന് നഷ്ടപ്പെട്ടുപോയ യാനങ്ങൾക്ക് പകരമായി ഒന്നും നല്കാത്തതിന്, എന്തിനേറെ മരിച്ചവരുടെ മരണ സർട്ടിഫിക്കറ്റു പോലും നല്കാത്തതിന് ആരെയാണ് കുറ്റപ്പെടുത്തേണ്ടത്? മത്സ്യത്തൊഴിലാളിക്ക് നൽകിയ ഈ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ അവ നടപ്പിലാക്കാതെ മത്സ്യത്തൊഴിലാളിയെ പട്ടിണിക്കും, കടത്തിനും, അരക്ഷിതാവസ്ഥയ്ക്കും, ആത്മഹത്യയുടെ വക്കിലേക്കും തള്ളിവിടുമ്പോഴും ആ ഉദ്യോഗസ്ഥരിൽ ഒരാളുടെ പോലും ഒരു മാസത്തെ ശമ്പളം മുടങ്ങുകയോ അക്ഷന്ത്യവും കുറ്റകരവുമായ ഈ ദുരവസ്ഥയ്ക്ക് ഒരു സർക്കാർ ഉദ്യോഗസ്ഥൻപോലും സസ്പെന്റ് ചെയ്യപ്പെടുകയോ വിശദീകരണം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ഒരു മന്ത്രിയും രാജിവച്ചിട്ടില്ല. ഓഖിയിൽ തകർന്നടിഞ്ഞ ജീവനുകളേയും ജീവിതങ്ങളേയും ഒരുപരിധിവരെ സമൂഹത്തിന്റെ മുഖ്യധാരകളിൽ കൊണ്ടുവരുന്നത് മാധ്യമങ്ങളാണ്. അതുകൊണ്ടാണല്ലോ ഓഖിയിൽ മരണമടഞ്ഞ മിഖേലടിമയുടെ ആശ്രിതർക്ക് ഒൻപത് മാസങ്ങൾക്കു ശേഷം മാധ്യമ ഇടപെടലിലൂടെ നഷ്ടപരിഹാരം നൽകാമെന്നേറ്റതും അഞ്ചുതെങ്ങിൽ നിന്ന് മരണമടഞ്ഞ ഗിൽബർട്ടിന്റെ കുടുംബത്തിന് ഇതുവരേയും ഒന്നും നൽകാത്തതും.

ഓഖി ദുരന്തം കഴിഞ്ഞ് ഒരുവർഷം തികയാറാകുമ്പോൾ ഓഖി ദുരന്തം നടന്ന അന്നുമുതൽ ഇന്നുവരെ സഭയുടെയും സർക്കാരിന്റെയും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സാകൂതംവീക്ഷിക്കുകയും വിലയിരുത്തുകയും സ്ഥിതി വിവരക്കണക്കുകൾ തയ്യാറാക്കുകയും അവശ്യാനുസരണം സർക്കാരിനും സഭയ്ക്കും പൊതുസമൂഹത്തിനും നൽകുകയും ചെയ്യുന്നു. എന്നാലും 2018 സെപ്തംബർ മാസം വരെ സർക്കാരും സഭയും ചെലവഴിച്ച കണക്കുകളും സർക്കാരിനും സഭയ്ക്കും ലഭിച്ച തുകയുടെയും മിച്ചം വച്ചിരിക്കുന്ന തുകകളുടെയും ഒരു സമഗ്ര ചിത്രം താഴെ കാണുന്ന പട്ടികാചിത്രത്തിൽ നിന്ന് വ്യക്തമാകും.

ഇന്നും സഭ ലക്ഷ്യംവയ്ക്കുന്ന പല ഓഖിദുരന്ത നിവാരണ പദ്ധതികളും നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത് അതിന് ആവശ്യമായ സർക്കാർ പഞ്ചായത്തുതല അനുവാദങ്ങളും പേപ്പറുകളും ലഭിക്കുന്നതിലുള്ള കാലതാമസമാണ്. ഓഖി ദുരന്തം സംഭവിച്ച് ഒരു മാസം തികഞ്ഞപ്പോൾ സെന്റ് ജോസഫ് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ചുനടത്തിയ അനുസ്മരണ, ദിവ്യബലിമദ്ധ്യേ അഭിവന്ദ്യസൂസപാക്യം മെത്രാപ്പൊലിത്ത പറഞ്ഞ ഒരു വാചകമുണ്ട്. അത് ഇന്നും പ്രസക്തമായി തന്നെ നിൽക്കുന്നു, "ആരൊക്കെ സഹായിച്ചാലും ഇല്ലെങ്കിലും ആരൊക്കെ അനുവദിച്ചാലും ഇല്ലെങ്കിലും, ആരൊക്കെ എന്തൊക്കെ വിമർശനങ്ങൾ ഉതിർത്തുവിട്ടാലും ഓഖി ദുരന്തത്തിനിരയായവരെ പുനരധിവസിപ്പിക്കുവാനുള്ള പദ്ധതികളുമായി സഭ മുന്നോട്ടുതന്നെ പോകും." അതിനുവേണ്ടി ലഭിക്കുന്ന മുഴുവൻ തുകയും അതിനുവേണ്ടിമാത്രം ചെലവഴിച്ചുകൊണ്ട് ഈ മാനുഷിക പുനരധിവാസ നിർമ്മാണ പ്രക്രിയയാൽ മുഴുവൻ പേരുടെയും സാമ്പത്തീകവും സാമ്പത്തികേതരവുമായ എല്ലാവിധ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു. ■

**കേന്ദ്ര സംസ്ഥാന സർക്കാരുകളും തിരുവനന്തപുരം ലത്തീൻ അതിരൂപതയും ഓഖി ദുരന്ത നിവാരണത്തിനായി ശേഖരിച്ച, ചിലവഴിച്ച തുകകളുടെ വരവു ചിലവു ബാക്കി കണക്കുകളുടെ ചിത്രം**

| | സംസ്ഥാനം | കേന്ദ്രം | മൊത്തം | | അതിരൂപത | |
|---|---|---|---|---|---|---|
| മരിച്ചവർക്കും കാണാതായവർക്കും ഖജനാവിൽ നിക്ഷേപിച്ചത് | 28.17 കോടി | 1 കോടി | 29.17 കോടി | | മരിച്ചവർക്കും കാണാതായവർക്കും ലഭിച്ചത് | 87.90 ലക്ഷം |
| മരിച്ചവർക്കും കാണാതായവർക്കും ലഭിക്കേണ്ടത് | 47 ലക്ഷം | 1.86 കോടി | 2.33 കോടി | | വിവാഹ ധനസഹായം | 36.50 ലക്ഷം |
| വിദ്യാഭ്യാസ സഹായം | 0 | 0 | 0 | | വിദ്യാഭ്യാസ സഹായം | 14.97 ലക്ഷം |
| ആശ്രിത തൊഴിൽ നിയമനം | 0 | 0 | 0 | | ആശ്രിത തൊഴിൽ നിയമനം 3 | |
| ഭവനം നൽകൽ | 0 | 0 | 0 | | മത്സ്യബന്ധനോപകരണങ്ങൾക്ക് നൽകിയത് | 31.25 ലക്ഷം |
| അടിയന്തിര സഹായം ലഭിച്ചത് | 43.4 ലക്ഷം | | | | വൈദ്യ സഹായം | 67.20 ലക്ഷം |
| അടിയന്തിര സഹായം ലഭിക്കേണ്ടത് | 17.6 ലക്ഷം | | | | യാനങ്ങൾ വാങ്ങാൻ സഹായം (500000*25) | 01.25 കോടി |
| ഇൻഷ്വറൻസ് ലഭിച്ചത് | 40.5 ലക്ഷം | | | | തുടരുന്ന വർഷാന്ത പദ്ധതികൾ | |
| ഓഖി ദുരന്തത്തിൽ ഭാഗഹിതരായവർക്കുള്ള മാസ വേതനം | 0 | 0 | 0 | | കടകൾ തുടങ്ങുവാൻ (150000*3) | 4.50 ലക്ഷം |
| കടങ്ങൾ എഴുതിതള്ളൽ | 0 | 0 | 0 | | പലഹാര കട (100000*15) | 15.00 ലക്ഷം |
| തീരദേശക്കാ [illegible] നിയമനം | 0 | 0 | 0 | | തുണിക്കട (50000*40) + (100000*1) | 21.00 ലക്ഷം |
| യാനങ്ങളുടെ കേടുപാടുകൾ തീർക്കാൻ നൽകിയത് | 15.26 ലക്ഷം | | | | അരിക്കട (50000*25) | 12.50 ലക്ഷം |
| യാനങ്ങൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് നൽകിയത് | 3.08 കോടി | | | | പെട്ടിക്കട (50000*10) | 5.00 ലക്ഷം |
| മത്സ്യബന്ധനോപകരണങ്ങൾക്ക് നൽകിയത് | 3.50 ലക്ഷം | | | | ഫാൻസി ഉത്പന്ന വിതരണ കട (100000*5) | 5.00 ലക്ഷം |
| മത്സ്യബന്ധനത്തിന് പോകാതിരുന്ന ദിവസങ്ങളിൽ ലഭിച്ച സഹായം | 0.84 ലക്ഷം | | | | വനിത തയ്യൽ കട (30000 * 50) | 15.00 ലക്ഷം |
| | | | | | [illegible] (25000 * 12) | 3.00 ലക്ഷം |
| | | | | | ഫാൻ വിൽപന കട (5000 * 5) | 2.50 ലക്ഷം |
| | | | | | ഷൂ വർക്ക് വിതരണ കട (100000*1) | 1.00 ലക്ഷം |
| | | | | | ഫ്രൂട്ട് വിതരണ വാടക കട (100000*2) | 2.00 ലക്ഷം |
| | | | | | പൊതു തയ്യൽകട (100000*1) | 1.00 ലക്ഷം |
| | | | | | ഭവന നിർമ്മാണം (750000*25) | 01.87 കോടി |
| | | | | | | |
| ആകെ ലഭിച്ച സഹായം | 107 കോടി | 133 കോടി | 240 കോടി | | ആകെ ലഭിച്ച സഹായം | 8.10 കോടി |
| ആകെ ചിലവഴിച്ചത് | 32.2 കോടി | 1 കോടി | 33.2 കോടി | | ആകെ ചിലവഴിച്ചത് | 6.37 കോടി |
| ഇനി ചിലവഴിക്കാനുള്ളത് | 74.7 കോടി | 132 കോടി | 206.7 കോടി | | ഇനി ചിലവഴിക്കാനുള്ളത് | 1.72 കോടി |
| NB: സംസ്ഥാന സർക്കാർ ആകെ വിതരണം ചെയ്ത തുക വെറും (32.2 – 28.17)= 8.03 കോടി | | | | | | |



# അജപാലനം

ഫാ. ലോറൻസ് കൂലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

# കുമ്പസാരത്തിനൊരുക്കമായി... *(തുടർച്ച)*

### പ്രതിജ്ഞയെടുക്കൽ

പാപം ചെയ്യാതിരിക്കുക എന്നുള്ളതല്ല നമ്മുടെ ഉത്തരവാദിത്വം; മറിച്ച് ദൈവത്തെ പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും, പൂർണ്ണ ആത്മാവോടും സർവ്വശക്തിയോടും കൂടെ സ്നേഹിക്കുക (നിയമ 6:5) എന്നതാണ്. ക്ലേശമോ, ദുരിതമോ, പീഡനമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ ഒന്നിനും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപ്പെടുത്താൻ കഴിയുകയില്ലാത്തതുപോലെ ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നിന്ന് ഇവയ്ക്കോ, മറ്റെന്തിനെങ്കിലുമോ നമ്മെ വേർപ്പെടുത്താൻ കഴിയുകയില്ലെന്ന് (റോമ 8: 35-39) നാം പ്രതിജ്ഞയെടുക്കണം. ഈ പ്രതിജ്ഞ നിറവേറ്റുന്നതിനുള്ള ശക്തിക്കായി നിരന്തരം പ്രാർത്ഥിക്കുകയും വേണം. ബോധമനസ്സിൽ എപ്പോഴും ഈ പ്രതിജ്ഞ തെളിഞ്ഞു നില്ക്കണം. എങ്കിൽ മാത്രമേ പാപം ചെയ്യാൻ പ്രേരണയുണ്ടാകുമ്പോൾ അതിനെ ചെറുത്തുനില്ക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.



### വൈദീകനോട് ഏറ്റുപറച്ചിൽ

പാപങ്ങൾ ഏറ്റുപറയുന്നത് പാപമോചനവും, ദൈവകൃപയും ലഭിക്കുന്നതിന് വേണ്ട ആവശ്യഘടകങ്ങളാണ്. പല വ്യക്തികളും വൈദീകനോട് പാപങ്ങൾ ഏറ്റുപറയുന്നത് ആവശ്യമാണോ എന്ന് ചോദിക്കാറുണ്ട്. പാപങ്ങളെക്കുറിച്ച് ദൈവത്തോട് നേരിട്ട് ഏറ്റുപറഞ്ഞാൽ പോരേ എന്നാണ് അവരുടെ ചോദ്യം. യേശു പാപത്തെ മോചിക്കാനും ബന്ധിക്കാനുമുള്ള അധികാരം ശിഷ്യപ്രമുഖനായ പത്രോസിനും (മത്താ 16:19), പിന്നെ മറ്റ് ശിഷ്യന്മാർക്കും നല്കി (യോഹ 20:23). അവർ ആ അധികാരം പിൻഗാമികൾക്ക് കൈമാറി. അങ്ങനെ സഭാ ശുശ്രൂഷകരായ മെത്രാൻമാർക്കും വൈദീകർക്കും ആ അധികാരം ലഭിച്ചു. അതിനാൽ, പാപം ഏറ്റു പറഞ്ഞ് പാപമോചനം ലഭിക്കേണ്ടത് സഭാ ശുശ്രൂഷകരായ മെത്രാന്മാർ, വൈദീകർ എന്നിവരിലൂടെയാണ്. തെറ്റിദ്ധാരണകൾ വെടിഞ്ഞ് വൈദീകനോട് നേരിട്ട് തന്നെ പാപങ്ങൾ ഏറ്റു പറഞ്ഞ് വൈദീകനിൽ നിന്നും പാപമോചനം സാധ്യമാക്കാം.

### വൈദീകൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുക

പാപത്തിന്റെ ഗൗരവവും സാഹചര്യങ്ങളും ശരിക്കും മനസ്സിലാക്കികൊണ്ട് ഉചിതമായ പ്രായശ്ചിത്തമാണ് വൈദീകൻ കല്പിക്കുന്നത്. ഒരിക്കലും നിറവേറ്റാൻ സാധിക്കാത്തവിധം അനുചിതമായ പ്രായശ്ചിത്തമായിരിക്കില്ല അത്. ഏതെങ്കിലും കാരണത്താൽ വൈദീകൻ കല്പിച്ച പ്രായശ്ചിത്തം ഉടൻ നിറവേറ്റാൻ കഴിയാതെ വന്നാൽ അത് അടുത്ത കുമ്പസാരത്തിനുമുമ്പ് നിറവേറ്റണം. അങ്ങനെ ചെയ്തില്ലെങ്കിൽ അടുത്ത കുമ്പസാരത്തിൽ ആ തെറ്റ് ഏറ്റുപറയുക. പാപത്തിന്റെ ഗൗരവവും അതിന്റെ സാഹചര്യങ്ങളും പിന്നീട് ഉണ്ടാകാൻ സാധ്യതയുള്ള അനന്തരഫലങ്ങളും അനുതാപിയുടെ ഇപ്പോഴത്തെ മാനസ്സികാവസ്ഥയും അറിഞ്ഞുകൊണ്ട് യഥാർത്ഥ പശ്ചാത്താപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്ന വിധത്തിലുള്ള തായിരിക്കണം വൈദീകൻ കല്പിക്കുന്ന പ്രായശ്ചിത്തം.

വൈദീകൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നതോടൊപ്പം, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" (യോഹ 15:21) എന്ന കല്പന അക്ഷരാർത്ഥത്തിൽ നിറവേറ്റാനുള്ള തീക്ഷണതയും, പരിശ്രമവും അതാണ് യഥാർത്ഥത്തിലുള്ള പ്രായശ്ചിത്തം എന്ന ബോധവും നമ്മിൽ നിലനില്ക്കട്ടെ! ■

തുടർമഴ 4

ഫാ. ലെനിൻ ഫെർണാണ്ടസ്

ലൂക്ക. 8:43-48
'രക്തസ്രാവക്കാരി സുഖം പ്രാപിക്കുന്നു'
എന്ന സുവിശേഷഭാഗം ആധാരമായ കഥ

# സ്പർശം



വീടിന്റെ കട്ടിളപ്പടിയിലിരുന്ന് ശൂന്യമായ മനസ്സുമായി എന്തോ ആലോചിച്ചിരിക്കുകയായിരുന്നു 'ക്ലൗഡിയ'. ഈ ദിവസങ്ങളിൽ കുട്ടികളുടെ കലപില ശബ്ദം കൊണ്ടുമാത്രമാണ് ശിശിരം പോയ്മറഞ്ഞുവെന്നും പൂക്കൾ ഭൂമിയിൽ പൂത്തുതുടങ്ങി എന്നും അവളറിഞ്ഞത്. അരിപ്രാവുകൾ കുറുകുന്നത് അവൾ ഇടയ്ക്കിടയ്ക്ക് കേൾക്കാറുണ്ട്. അത്തിമരം കായ്ച്ചു തുടങ്ങിയതും. മുന്തിരിവള്ളികൾ പൂത്തുലഞ്ഞ് സുഗന്ധം പരത്തുന്നതും അവളിന്നറിയുന്നു. സർവ്വംസഹയായി, കഴിഞ്ഞ പന്ത്രണ്ടുവർഷമായി അവൾ വിചിത്രമായ ഈ ജീവിതം തുടങ്ങിയിട്ട്. ഋതുകാലം കഴിഞ്ഞിട്ടും നിർത്താതെ തുടരുന്ന ഈ സ്രാവം അവളെ ഒരു അസ്വാഭാവിക സ്ത്രീയാക്കി തീർത്തു. കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങൾക്കുള്ളിൽ അവിശ്വസനീയ സംഭവങ്ങളല്ലേ എന്റെ ജീവിതത്തിലുണ്ടായത്? ഒരു സ്ത്രീയ്ക്കും ഇങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെ.

ജീവിതത്തെക്കുറിച്ച് പരാതി പറയുമ്പോൾ ജീവൻ നൽകിയവന്റെ അസ്ഥിത്വത്തെ നാം സംശയിക്കുന്നു എന്നാവും ധ്വനി. എന്നാൽ ഇത് പരാതിയല്ല. പടയോട്ടമാണ്, സമരകാഹളം. കുഴലൂത്തുകളുടെയും ശംഖ്നാദത്തിന്റേയും അകമ്പടിയോടെ അശ്വാരൂഢന്മാർ സാക്ഷിയായി കിലുങ്ങുന്ന വളകളുടെ നാദഭംഗിയിൽ ഞാനന്ന് സുമംഗലിയായി. വേളികഴിഞ്ഞ് ആദ്യ സന്ധ്യയിൽ കെടാവിളക്കിന്റെ ചാരിത്ര്യശോഭയിൽ അവനെന്റെ മൂർധാവിൽ ചുംബിച്ചിട്ടു പറഞ്ഞു, "എന്റെ ജീവിതത്തിലേക്ക് സ്വാഗതം". എന്നാൽ ആ രാത്രി മുഴുമിപ്പിക്കുന്നതിമുൻപ് അവനെന്നെ തള്ളിപ്പറഞ്ഞു. അപ്പനോടും അമ്മയോടും പറയാൻ കഴിയാത്ത ആ ദുഃഖം ആ ചുംബനത്തിന്റെ കരുത്തിൽ അവനോട് ഞാൻ പറഞ്ഞു, "വിട്ടുമാറാത്ത രക്തസ്രാവം എന്ന രോഗത്തിനടിമയാണ് ഞാൻ." അടുത്ത പ്രഭാതത്തിൽ വേർപാടിന്റെ വിനാഴികവരെ ഞാനറിഞ്ഞില്ല അവൻ എന്നെ ഉപേക്ഷിക്കുമെന്ന്. വെറും വാക്കുകളാൽ അണിയിച്ചൊരുക്കുന്ന സ്നേഹത്തിനാഴമില്ലെന്നും എല്ലാ പുരുഷന്മാരും ഒരുപോലെ സ്വാർത്ഥരാണെന്നും ഞാൻ അന്നുമുതൽ ചിന്തിച്ചുതുടങ്ങി. എല്ലാവരിൽ നിന്നും എല്ലാറ്റിൽ നിന്നും അകന്നുമാറി തന്നിലേക്ക് തന്നെ ഒതുങ്ങിക്കൂടി. ഏകാന്തതയുടെ ഭീകരതകൾ ഭാരമാക്കി ഒരുജീവിതം. നിശബ്ദതയുടെ ഭയം ഈ നാലുചുവരുകളിൽ തട്ടി തട്ടി പ്രതിധ്വനിക്കുംപോലെ. തന്റെ ഹൃദയവും ഏതാന്തതയുടെ തടവറയിൽ നന്നായി മിടിക്കുന്നുണ്ടായിരുന്നു. കയ്പും പരുപരപ്പും അസഹനീയതയും കൊണ്ട് ജീവിതം കൊടിയ ശാപമായി അനുഭവപ്പെട്ടപ്പോഴും അവൾ മൗനമായി എല്ലാം സഹിച്ചു. തകർന്നുവീണ സ്വപ്നങ്ങൾക്കുനിറം ചാർത്താൻ ഇനി ഒരുവൻ വരുമെന്ന പ്രതീക്ഷയിലല്ല എന്നാൽ ആടിത്തീർക്കേണ്ട ഈ കാവ്യത്തിന് ഇനി എത്രദൂരം എന്ന മറുചോദ്യവുമായി വിധിയെ വെല്ലുവിളിക്കുന്ന പഥിക.

നിലയ്ക്കാത്ത ആരവം കേട്ടാണ് ക്ലൗഡിയ തന്റെ ചിന്തകളിൽ നിന്നുണർന്നത്. ശബ്ദം കേൾക്കുന്ന ഭാഗത്തേക്ക് ഓടിപ്പോകുന്ന സെറീനയോടു ക്ലൗഡിയ ചോദിച്ചു, എന്താ ഈ വലിയ ശബ്ദം? സെറീന അതീവ സന്തോഷത്തോടെ വിളിച്ചുപറഞ്ഞു, "അറിഞ്ഞില്ലേ ദെക്കാപ്പോളീസ് ഗ്രാമങ്ങളിൽ പോയിരുന്ന യേശു തിരിച്ചെത്തി."

യേശു, നസ്രായനായ യേശു ഈ

തീരം മുഴുവൻ എല്ലാവർക്കും അവനെക്കുറിച്ചു സംസാരിക്കാനെ ഉള്ളു. മുടന്തർ, കുരുടർ, കുഷ്ടരോഗികൾ ഒക്കെ സൗഖ്യപ്പെടുന്നു. പാപികളെ അവൻ ആലിംഗനം ചെയ്ത് അംഗീകരിക്കുന്നു. ഹൃദയശുദ്ധി ഉള്ളവർ അവന്റെ മുഖദർശനത്തിൽ തന്നെ ഭാഗ്യവാന്മാരാകുന്നു.

ആലസ്യം മറന്ന്, കട്ടിളപ്പടിയിലൂന്നി ക്ലൗഡിയ എഴുന്നേറ്റു, ഒന്നു പോയി നോക്കാം, അവനെ കാണണം എനിക്ക്, അവൾ ആത്മഗതം ചെയ്തു.



ദൂരെ നിന്നും അതാ ഒരു വലിയ ജനാവലി വരുന്നുണ്ട്. ഒത്ത നടുക്കായി ഉത്തമനായ ഒരു യുവാവ്. നീലക്കണ്ണും വളഞ്ഞ പുരികവും ഉയർന്നനെറ്റിയും തോളിൽ നിറഞ്ഞ മുടിയും താടിയുമായി ഉത്തമനായ ഒരു യുവാവ്. മറ്റാരെക്കാളും പ്രസരിപ്പുള്ള മുഖം, ശാന്തമായ കണ്ണുകൾ, നിഷ്കളങ്കമായ ചിരി. കരങ്ങളുയർത്തി ആശീർവദിച്ചും കുശലം പറഞ്ഞും കുട്ടികളുടെ തലയിൽ തലോടിയും ആരോടും ഒരു വ്യത്യാസവും കാട്ടാതെ അവൻ മെല്ലെ നടന്നുവരുന്നു. എന്തൊരു ഭംഗിയാണ് അവന്റെ ചുവടുവയ്പുകൾക്ക്. കാർമേഘങ്ങൾ മൂടിയ എന്റെ മനസ്സും അവന്റെ മുഖ ദർശനത്താൽ ശാന്തമാകുന്നില്ലേ? എന്റെ ഏകാന്തതയിൽ ഒരു പ്രസരിപ്പ് സജ്ജമാകുന്നത് ഞാനറിയുന്നു. എന്നിരുന്നാലും വിചിത്രമായ എന്റെ ജീവിതത്തിന്റെ താളഭംഗത്തെ ക്രമത്തിലാക്കാൻ ഈ പുരുഷനോട് ഞാനെങ്ങനെ അഭ്യർത്ഥിക്കും. അവൾ വീണ്ടും ഉൾവലിഞ്ഞു, ഇനിയും ഒരു പുരുഷന്റെ അവഗണന കൂടി താങ്ങാൻ തനിക്കൊരിക്കലും സാധിക്കില്ല. ജീവിതകാലം മുഴുവൻ ഈ സഹനം വഹിക്കേണ്ടിവന്നാലും ഇനിയും ഒരവഗണന അതു താങ്ങാൻ എനിക്ക് വയ്യ. നിമിഷനേരംകൊണ്ട് അവൾ അറിഞ്ഞു, ആർത്തിരമ്പുന്ന തിരമാല പോലെ ആ പുരുഷാരം അവളെ പൊതിഞ്ഞുവെന്ന്. തിക്കിലും തിരക്കിലും അവളും പെട്ടു. നടന്നു നടന്നു മുന്നോട്ടു പോയെങ്കിലും ക്ലൗഡിയ കണ്ടത് യേശുവിനെ മാത്രമായിരുന്നു. അവനല്ലാതെ മറ്റാരും മറ്റൊന്നും അവളുടെ കണ്ണിൽപ്പെട്ടില്ല. ആ കാന്തിക പ്രഭയിൽ അവൾ മുന്നോട്ടുതന്നെ പോയി. ഒരു സൂര്യപ്രകാശം അവന് ചുറ്റും വെട്ടിത്തിളങ്ങുന്നത് അവൾ കണ്ടു. ആ ആത്മീയ പ്രഭയുടെ പിന്നാലെ അവൾ പാഞ്ഞു. പലരുടേയും കരുത്തുറ്റ കരങ്ങൾ തട്ടിമാറ്റി അവൾ യേശുവിന്റെ അടിക്കലേക്കെത്തുകയായിരുന്നു. ഒടുവിൽ അവൾ അവന്റെ വസ്ത്രവിളുമ്പിൽ കടന്നുപടിച്ചു.

പെട്ടെന്ന് അവളുടെ ശരീരം മരവിക്കുന്നതുപോലെ അവൾക്കു തോന്നി. അവളുടെ അടിവയറ്റിലെ വേദന പതുക്കെ അപ്രത്യക്ഷമായി. എന്തൊക്കെയോ അവളുടെ ശരീരത്തിൽ സംഭവിക്കുന്നു എന്നവൾക്ക് മനസ്സിലായി. ജനക്കൂട്ടം മുന്നോട്ടുപോയപ്പോഴും ക്ലൗഡിയ അവിടെ ചലനമറ്റ പാവകണക്കേ നിന്നു. കുറേക്കൂടി മുന്നോട്ടുപോയിക്കഴിഞ്ഞ യേശുവും പെട്ടെന്ന് അവിടെ നിന്നു. ചുറ്റും കൂടിയ ശിഷ്യന്മാരോട് അവിടുന്ന് എന്തൊക്കെയോ സംസാരിച്ചു. ക്ലൗഡിയ വല്ലാണ്ട് ഭയചകിതയായി. മോശയുടെ നിയമപ്രകാരം നിലയ്ക്കാത്ത രക്തസ്രാവ രോഗമുള്ള വ്യക്തി ശരീരം കൊണ്ടും മനസ്സുകൊണ്ടും അശുദ്ധയാണെന്നും ഒരു പുരുഷനെ സ്പർശിക്കാൻ പാടില്ലയെന്നും പൊതു സ്ഥലങ്ങളിൽ വരാൻ പാടില്ല എന്നും ഒക്കെ അറിയാവുന്ന താൻ ചെയ്ത ഈ അപരാധം അനൗചിത്യപരം തന്നെ. അവളാകെ വിയർത്തു, വല്ലാത്തൊരു ഭയം അവളെ മൂടി. ഈ ജനാവലി മുഴുവൻ ഇപ്പോൾ എന്നെ പുച്ഛിക്കുകയും കളിയാക്കുകയും ചെയ്യും. താൻ പിടിക്കപ്പെടുന്നതിനുമുൻപ് എല്ലാം ഏറ്റുപറഞ്ഞുനോക്കാം ഒരുപക്ഷേ അവൻ ക്ഷമിക്കാതിരിക്കില്ല. വിറയ്ക്കുന്ന കൂപ്പുകരങ്ങളുമായി യേശുവിന്റെ മുൻപിൽ അവൾ താണുവീണ് മാപ്പപേക്ഷിച്ചു. യേശു അവളെ സൂക്ഷിച്ചുനോക്കി. അവന്റെ കണ്ണ് കൂടുതൽ വിടർന്നു. എന്തെന്നില്ലാത്ത ആനന്ദം ആകണ്ണുകളിൽ തളംകെട്ടി നിൽക്കുന്നത് കൂടെയുണ്ടായിരുന്നവർ ഗ്രഹിച്ചു. യേശുവാകട്ടെ അവളെ പിടിച്ചെഴുന്നേൽപ്പിച്ചിട്ട് പറഞ്ഞു, "മകളെ അതിശയകരം തന്നെ നിന്റെ വിശ്വാസം, ഞാൻ എല്ലാം അറിയുന്നു നീ സമാധാനത്തിൽ പോവുക."

ഒരു രാത്രികൊണ്ട് ഒരു പുരുഷനാൽ തിരസ്കൃതയാക്കപ്പെട്ടവൾ ഒരു നിമിഷാർദ്ധ നേരംകൊണ്ട് മറ്റൊരു പുരുഷനാൽ ലോകത്തിന്റെ മുൻപിൽ അലംകൃതയാക്കപ്പെട്ടു. ഇതാണ് ലോകാരൂപിയും ദൈവാരൂപിയും തമ്മിലുള്ള വ്യത്യാസം. ദൈവാരൂപിയാൽ നിറഞ്ഞവൻ ഉപാധികളില്ലാതെ മനുഷ്യനെ സ്നേഹവലയത്തിലേക്ക് വലിച്ചടുപ്പിക്കുമ്പോൾ ലോകാരൂപിയുടെ സന്താനങ്ങൾ കഴുകൻ കണ്ണുകളുമായി മനുഷ്യമാംസത്തിന് വിലയിടുന്നു. ഖലീൽ ജിബ്രാന്റെ മഗ്ദലന മറിയം ക്രിസ്തുവിനെക്കുറിച്ചുപറയുന്നതുപോലെ, "എല്ലാവരും എന്നെ അവർക്കുവേണ്ടി സ്നേഹിച്ചപ്പോൾ അവൻ മാത്രം എന്നെ എനിക്കുവേണ്ടി സ്നേഹിച്ചു."

നടന്നു നീങ്ങവേ യേശു ഒരിക്കൽ കൂടി അവളെ തിരിഞ്ഞുനോക്കി, കൂപ്പുകരങ്ങളുമായി, നിറമിഴികളുമായി അവൾ അവിടെ തന്നെ നിൽപ്പുണ്ട്. ലോകമെമ്പാടും സദ്‌വാർത്തയാകേണ്ട ഒരു സ്പർശനത്തിന്റെ സാക്ഷിപത്രമാണ് താനെന്ന തിരിച്ചറിവില്ലാതെ അവൾ അവിടെ തന്നെ നിൽപ്പുണ്ട് കൂപ്പുകരങ്ങളുമായി. ■

# മാനവ സുസ്ഥിതിക്കായി പ്രവർത്തിക്കുക

ഇന്നു ലോകം നേരിടുന്ന വൈവിധ്യമാർന്ന പ്രശ്നങ്ങൾക്കു മുന്നിൽ മാനവസുസ്ഥിതിക്കായി പ്രവർത്തിക്കാൻ ഉതകുന്ന നല്ല പ്രതിവിധികളും നിർദ്ദേശങ്ങളും ലോക നേതാക്കൾക്കളുമായി പങ്കുവയ്ക്കാൻ മതനേതാക്കളുടെ ഉച്ചകോടിക്കു സാധിക്കട്ടെയെന്ന് അർജന്റീനയിലെ ബ്യൂനസ് ഐരസിൽ ആരംഭിച്ച ജി 20 ഉച്ചകോടിയിൽ പാപ്പ ആശംസിച്ചു.

നീതിനിഷ്ഠവും സുസ്ഥിതിയുള്ളതുമായ വികസനത്തിന്റെ സാക്ഷാത്ക്കാരത്തിൽ പൊതുവായ ഒരു ധാരണയുണ്ടാക്കുന്നതിൽ മതനേതാക്കൾക്ക് വലിയ ഉത്തരവാദിത്വവും പങ്കുമുണ്ട്. കാരണം സാമാന്യം ന്യായമായൊരു ജീവിതരീതി സകലർക്കും ലഭ്യമാകത്തക്കവിധം വികസനപദ്ധതിൽ ആവിഷ്ക്കരിക്കുന്നതിൽ നാം നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും ഏറെ സങ്കീർണ്ണമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.

വിശിഷ്യാ ലോകത്തിന്ന് വർദ്ധിച്ചുവരുന്ന പാവങ്ങളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും നന്മയും, അവർ നേരിടുന്ന പ്രശ്നങ്ങളും കണക്കിലെടുത്ത് വൈവിധ്യങ്ങൾ മാറ്റിവച്ചുകൊണ്ട് മാനവികതയുടെ നന്മയ്ക്കായി മതങ്ങൾ കൈകോർത്തു പ്രവർത്തിക്കേണ്ടത് അനിവാര്യമാണ് (സുവിശേഷ സന്തോഷം, 251).

അങ്ങനെ വ്യത്യാസങ്ങൾ മാറ്റിവച്ച് പരസ്പര ആദരവിന്റെയും സംവാദത്തിന്റെയും മാർഗ്ഗത്തിൽ മാനവികതയുടെ പൊതുനന്മയ്ക്കായ് മതങ്ങൾക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാമെങ്കിൽ കൈകോർക്കാമെങ്കിൽ മനുഷ്യർ സാഹോദര്യത്തിൽ വളരാനും വികസനം യാഥാർത്ഥമാക്കാനും സാധിക്കും.തന്റെ ജന്മനാട്ടിൽ നടക്കുന്ന രാജ്യാന്തര സംഗമത്തോട് പാപ്പാ ആഹ്വാനംചെയ്തു

# വിശ്വാസത്തിന്റെ പൂർത്തീകരണം ക്രിസ്തു

വിശ്വാസത്തിന്റെ പൂർത്തീകരണം ക്രിസ്തുവാണെന്ന് യുവജനങ്ങളോട് ഫ്രാൻസിസ് പാപ്പാ.

ബാൾടിക് രാജ്യങ്ങളിലേയ്ക്കുള്ള സന്ദർശനങ്ങളുടെ അവസാനഭാഗമായി സെപ്തംബർ 25 ന് വൈകുന്നേരം, എസ്തോണിയയുടെ തലസ്ഥാനമായ തളീനിലെ സ്വാതന്ത്ര്യത്തിന്റെ ചത്വരത്തിൽ യുവജനങ്ങൾക്കൊപ്പം അർപ്പിച്ച ദിവ്യബലിമദ്ധ്യേയാണ് പാപ്പാ ഇങ്ങനെ ഉദ്ബോധിപ്പിച്ചത്.

നമ്മുടെ ഹൃദയവും അതിലെ ആഗ്രഹങ്ങളും ദൈവം അറിയുന്നു. മനുഷ്യന്റെ ആഗ്രഹം സമ്പാദ്യത്തിനും എല്ലാം നേടിയെടുക്കാനുമാണ്. നാം സുരക്ഷിതത്ത്വമില്ലാതാകുമ്പോൾ എന്തും കരസ്ഥമാക്കാൻ ശ്രമക്കുന്നത് പലപ്പോഴും ബലം പ്രയോഗിച്ചാണ്. എന്നാൽ ക്രിസ്തു പറയുന്നു, 'അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെ പക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണ്...' (മത്തായി 11, 28). ക്രിസ്തുവിനെ അടുത്തറിഞ്ഞാണ് നമ്മിലെ ആഗ്രഹങ്ങൾ സഫലീകരിക്കേണ്ടത്. പാപ്പാ യുവജനങ്ങളോട് ആഹ്വാനംചെയ്തു. ദൈവം നമ്മെ സ്നേഹിക്കുന്നെന്നും, അവിടുന്നു ജീവിക്കുന്നെന്നുമുള്ള ബോധ്യമാണ് വിശ്വാസം. ദൈവം നമ്മെ കൈവെടിയുകയുമില്ല. അവിടുന്നു നമ്മുടെ ജീവചരിത്രത്തിൽ അതിനാൽ നിഗൂഢമായി ഇടപഴകുകയും നമ്മെ രക്ഷിക്കുകയും ചെയ്യും. അവിടുന്നു നമുക്കായി തിന്മയിൽനിന്നുപോലും നന്മ ലഭ്യാമാക്കും. കാരണം അവിടുത്തെ കാരുണ്യവും കൃപാതിരേകവും അനന്തമാണ്.

# വിശാലഹൃദയം സ്നേഹഭവനം

സ്നേഹം ഹൃദയവിശാലതയുള്ളതാണ്. അതിന് വലിയ കുടുംബങ്ങൾ സൃഷ്ടിക്കാനും എല്ലാവരെയും ഉൾക്കൊള്ളാനും സാധിക്കും. സ്നേഹമുള്ളിടത്ത് എല്ലാവർക്കും സന്തോഷമുണ്ടാകും, അവിടെ സമാധാനമുണ്ടാകും. സ്നേഹത്തിൽനിന്നും കാരുണ്യവും അന്തസ്സുള്ള പെരുമാറ്റവും സംസാരവും നിർഗളിക്കും. അതാണിവിടെ കാണുന്നതെന്നു പറഞ്ഞ പാപ്പാ, കൂട്ടത്തിൽ സന്നിഹിതരായിരുന്ന ഒൻപതു മക്കളുള്ള കുടുംബത്തെ അഭിനന്ദിക്കുയും മാതൃകയായി ചൂണ്ടിക്കാട്ടുകയും ചെയ്തു.



# വിശ്വാസജീവിതത്തിന്റെ പ്രേഷിതമാനം

വിശ്വാസജീവിതത്തിന് പ്രേഷിത ഭാവമുണ്ട്, ഒരു മിഷണറി സ്വഭാവമുണ്ട്. വിശ്വാസികൾ അതിനാൽ നിസ്വാർത്ഥമായ സ്നേഹത്തിൽ സഹോദരങ്ങളെ സഹായിക്കാൻ സന്നദ്ധരാവണം.

നാം ക്രൈസ്തവരും ക്രിസ്തു സാക്ഷികളുമാണെന്ന് തെളിയിക്കേണ്ടത് ചെറുതും വലുതുമായ സ്നേഹപ്രവൃത്തികളിലൂടെയാണ്. സ്നേഹമുള്ളിടങ്ങൾ ചെറുതെങ്കിലും അവിടം ദൈവിക കുടുംബമായിരിക്കും, അവിടെ എല്ലാവരും സ്നേഹത്തിലും ഐക്യത്തിലും വസിക്കും. നഗരത്തിലെ എളിയവർക്കായി തുറക്കുന്ന ഈ ഭവനം ഒരു സ്നേഹനിലയവും സ്നേഹഭവനുമാണ്. ഇവിടെ മറ്റുള്ളവരെ സഹായിക്കാൻ നഗരവീഥികളിലേയ്ക്ക് ഇറങ്ങുന്ന സഹോദരിമാരും അവർക്കൊപ്പമുള്ള സന്നദ്ധസേവകരും അവരുടെ ഉപകാരികളും സ്നേഹദൂതരാണ്, മനുഷ്യരുടെ കാവൽദൂതരാണ്, മാലാഖമാരാണെന്ന് പാപ്പ പറഞ്ഞു.

## പരസഹായം ദൈവികമായ പ്രവൃത്തി

എല്ലാ സൗകര്യങ്ങളും സുഖവും പരിത്യജിച്ച് ഭയപ്പെടാതെ അപരനെ സഹായിക്കാനായി ഭയലേശമെന്യേ ഇറങ്ങുന്നവരുടെ വിശ്വാസം, 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ,' എന്ന ക്രിസ്തുവിൻറെ ആഹ്വാനത്തോട് അനുരൂപപ്പെടുന്നതാണെന്ന് പാപ്പാ. വേദനിക്കുകയും ജീവിതത്തിൽ പകച്ചുനില്ക്കുകയും ചെയ്യുന്നവരുടെ ചാരത്തെത്തുന്ന ദൈവദൂതന്മാരാണവർ. അങ്ങനെ മനുഷ്യനെ ഒറ്റപ്പെടുത്തുകയും ഏകാന്തതയിൽ ആഴ്ത്തുകയുംചെയ്യുന്ന സ്വാർത്ഥതയുടെ ചങ്ങല പൊട്ടിച്ചെറിഞ്ഞെങ്കിൽ മാത്രമേ നിസ്വാർത്ഥ സ്നേഹത്തിൽ മറ്റുള്ളവരുമായി നമ്മെ ബന്ധിപ്പിക്കുന്ന പാലം പണിയാൻ ജീവിതത്തിൽ നമുക്കു സാധിക്കുകയുള്ളൂ. പാപ്പാ ആഹ്വാനംചെയ്തു.

# വാർത്തകൾ

## ചൈൽഡ് പാർലമെന്റുകൾ രൂപീകരിച്ചു

തിരുവനന്തപുരം: പാളയം ഫെറോനയിലെ പുഴിക്കുന്ന്, നെട്ടയം ഇടവകകളിൽ ചൈൽഡ് പാർലമെന്റുകൾ രൂപീകരിച്ചു. തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുട്ടികളിൽ നേതൃത്വ വാസനയും, സാമൂഹ്യ പ്രവർത്തന ശൈലിയും വളർത്തുക എന്ന ലക്ഷ്യത്തോടെ രൂപതയിലാകമാനം രൂപീകരിക്കുന്ന ചൈൽഡ് പാർലമെന്റുകളുടെ ഭാഗമായാണ് പുഴിക്കുന്ന്, നെട്ടയം ഇടവകകളിൽ പാർലമെന്റുകളാരംഭിച്ചത്. എസ്.എച്ച്.ജി. കോഡിനേറ്റർ അന്നാറീത്ത, ആനിമേറ്റർ രമ്യ എന്നിവർ നേതൃത്വം നൽകി.

## സൗജന്യ നേത്ര ചികിത്സാ ക്യാമ്പ്

കോവളം: ഫെറോനയിലെ പാലപ്പൂർ ഇടവകയിൽ ഇടവക സാമൂഹ്യ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ചൈതന്യ കണ്ണാശുപത്രിയുടെ സഹായത്തോടെ സൗജന്യ നേത്രചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ.ആന്റണി സോണി പനയ്ക്കൽ ഉദ്ഘാടനം ചെയ്തു. ക്യാമ്പിൽ 98 അംഗങ്ങൾ പങ്കെടുത്തു. ഹെൽത്ത് ആനിമേറ്റർ പ്രമീള എസ്.എ.എഫ്.പി.ആനിമേറ്റർ സജിത എന്നിവർ നേതൃത്വം നൽകി



*തിരുവനന്തപുരം ലത്തീൻ അതിരൂപത മാധ്യമ കമ്മീഷൻ സംഘടിപ്പിച്ച വരദാനം ചിത്രപ്രദർശനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം സന്ദർശിക്കുന്നു*

## കലാകാരന്മാർ നാടിന്റെ പ്രതീക്ഷ: ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

തിരുവനന്തപുരം: സമകാലിക പ്രശ്നങ്ങളോട് പ്രതികരിക്കുന്ന കലാകാരന്മാർ നാടിന്റെ പ്രതീക്ഷയാണെന്നും ഇവരുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് മാതൃകയാണെന്നും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. പ്രളയകേരളത്തിന് കരുതലായി തിരുവനന്തപുരം ലത്തീൻ അതിരൂപത മാധ്യമ കമ്മീഷൻ സംഘടിപ്പിച്ച വരദാനം ചിത്രപ്രദർശനവും വിൽപ്പനയും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്പ്. ചടങ്ങിൽ റഷ്യൻ കൾച്ചറൽ സെന്റർ ഡയറക്ടർ ഡോ. രതീഷ് സി.കുമാർ മുഖ്യാതിഥിയായിരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനശേഖരണാർത്ഥം പതിനഞ്ചു ചിത്രകാരന്മാരുടെ 50 ഓളം സൃഷ്ടികളാണ് റഷ്യൻ കൾച്ചറൽ സെന്ററിൽ പ്രദർശിപ്പിച്ച് വിൽപ്പന നടത്തിയത്.



*ഓഖി ദുരിതബാധിതർക്കുള്ള സ്വയം തൊഴിൽ സഹായം ഫാ. അഗസ്റ്റിൻ ജോൺ വിതരണം ചെയ്യുന്നു*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ആദ്ധ്യാത്മിക സെമിനാറുകൾ

തിരുവനന്തപുരം: സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള ഏരിയാ കൗൺസിൽ സൊസൈറ്റി അംഗങ്ങൾക്കുള്ള ആദ്ധ്യാത്മിക സെമിനാർ നടന്നു. തുത്തൂർ, ഇരവിപുത്തൻതുറയ്, വള്ളവിള, കരുംകുളം, പുതിയതുറ എന്നീ ഏരിയാ കൗൺസിലിന്റെ സെമിനാർ പരുത്തിയൂർ കമ്മ്യൂണിറ്റി ഹാളിൽ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ.സഖറിയാസ് ഉദ്ഘാടനം ചെയ്തു. ഡോൺ ബോസ്കോ ആശംസകളർപ്പിച്ചു. ഫാ. ജോൺ, ഐ.വി.ഡി, എസ്.ആൽബർട്ട്, ചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ഇടവക വികാരി ഫാ. അഗസ്റ്റിൻ ജോൺ ഓഖി ദുരിതർക്കുള്ള സ്വയം തൊഴിൽ വിദ്യാഭ്യാസ സഹായ വിതരണം നടത്തി. ബേർക്കുമാൻസ്, സെൽവരാജ്, ക്ലീറ്റസ്, ക്രിസ്തുദാസ് മെന്റ്സ്, സി. മേരി ലിസി നേതൃത്വം നൽകി.

കോവളം, പൂന്തുറ, വലിയതുറ, വെട്ടുകാട് ഏരിയാ കൗൺസിലുകളുടെ സെമിനാർ വലിയതുറ സെന്റ് ആന്റണി കമ്മ്യൂണിറ്റി ഹാളിൽ വലിയതുറ സഹവികാരി ഉദ്ഘാടനം ചെയ്തു. ആർ.സഖറിയാസ് ആശംസകളർപ്പിച്ചു. ഫാ. വർക്കിയച്ചൻ ക്ലാസിന് നേതൃത്വം നൽകി. ആൽബർട്ട്, ശേശയ്യ, സി.മരിയാമ്മ, ക്രിസ്റ്റടിമ, ഗോർഗോൺ എന്നിവർ നേതൃത്വം നൽകി.



*ചൈൽഡ് പാർലമെന്റ് അംഗങ്ങളോടൊപ്പം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം, ദിവ്യ എസ്.അയ്യർ ഐഎഎസ്, ഫാ. ലെനിൻരാജ് എന്നിവർ.*

# മദ്യനയത്തിനെതിരെ ചൈൽഡ് പാർലമെന്റ്

തിരുവനന്തപുരം: മദ്യത്തിനും സംസ്ഥാന സർക്കാരിന്റെ മദ്യനയത്തിനുമെതിരെ ചൈൽഡ് പാർലമെന്റ്. നാട്ടിൽ മദ്യലഭ്യത ഉറപ്പാക്കി മദ്യവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്ന സംസ്ഥാന സർക്കാർതന്നെ മദ്യത്തിനെതിരെ പ്രചരണം നടത്തുന്നത് ഇരട്ടത്താപ്പാണെന്നും ഇത് അവസാനിപ്പിക്കണമെന്നുമാണ് ചൈൽഡ് പാർലമെന്റിന്റെ ആവശ്യം. പ്രതിവർഷം മദ്യപാനംമൂലമുള്ള അപകടത്തിലൂടെ നാലായിരത്തിലേറെ പേർ സംസ്ഥാനത്ത് അപമൃത്യുവിന് ഇരയാവുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി ലഹരിരഹിതഭവനം സുന്ദരഭവനം എന്ന വിഷയത്തിൽ വെള്ളയമ്പലത്ത് സമ്മേളിച്ച 49 ചൈൽഡ് പാർലമെന്റുകളിൽ നിന്നുള്ള മുന്നൂറോളം പ്രതിനിധികളുടെ സമ്മേളനമാണ് സംസ്ഥാന സർക്കാരിന്റെ മദ്യനയത്തിനെതിരെ പ്രതിഷേധിച്ചത്.

കൊച്ചുവേളി ചൈൽഡ് പാർലമെന്റ് മുഖ്യമന്ത്രി കുമാരി അനഘ ആന്റണിയാണ് മദ്യനയം സംബന്ധിച്ച വിഷയം സമ്മേളനത്തിൽ ഉന്നയിച്ചത്. പൂവാർ ചൈൽഡ് പാർലമെന്റ് വിദ്യാഭ്യാസ മന്ത്രി കുമാരി രേഷ്മ രാജേഷ് അധ്യക്ഷത വഹിച്ച സമ്മേളനം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്തു. ദിവ്യ എസ്. അയ്യർ ഐഎഎസ് മുഖ്യസന്ദേശം നൽകി. ചൈൽഡ് പാർലമെന്റ് അംഗങ്ങളുമായി സംവദിച്ചു. സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മദ്യവിരുദ്ധ കാർട്ടൂൺ രചന, കുമാരി അനവദ്യ ദീപക് കാർട്ടൂൺ വരച്ച് ഉദ്ഘാടനം ചെയ്തു. കുമാരി ആദിത്യ, മാസ്റ്റർ ജെയിംസ് ഗബ്രിയേൽ, ഫാ. ലെനിൻരാജ്, ഫാ. ജോണി ഡി പോൾ, എന്നിവർ പ്രസംഗിച്ചു. ഡോ. ജോജു ജോൺ, ലഹരിരഹിത ഭവനം സുന്ദരഭവനം എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നയിച്ചു.



*മുട്ടട ഇടവകയിലെ കുന്നുംപുറം നിത്യസഹായ മാതാ സബ്സ്റ്റേഷനിൽ നടന്ന ഹോം മിഷന് നേതൃത്വം നൽകിയവർ അതിരൂപതാ സഹായമെത്രാൻ ബിഷപ്പ് ഡോ. ക്രിസ്തുദാസ്, ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ് എന്നിവരോടൊപ്പം*

# വാർത്തകൾ

## ധനസഹായം വിതരണം ചെയ്തു

കോവളം: ഫെറോനയിലെ എൽ.എഫ് വിഭാഗത്തിൽപ്പെട്ട 29 കുട്ടികൾക്കുള്ള ധനസഹായവിതരണം ഫെറോന കോഡിനേറ്റർ ഫാ.ജെസ്റ്റിൻ ജൂഡ് നിർവ്വഹിച്ചു. വിഴിഞ്ഞം ഇടവക റ്റി.എസ്.എസ്.എസ്. ഓഫീസിൽ വച്ച് നടന്ന ചടങ്ങിൽ. ഹെൽത്ത് കോഡിനേറ്റർ സിസ്റ്റർ അഡോൾഫ. ഹെൽത്ത് ആനിമേറ്റർ പ്രമീള, ഫിഷ് വെൻഡിംഗ് ആനിമേറ്റർ കമലം എന്നിവർ നേതൃത്വം നൽകി

## ഫ്രാൻസിസ് പാപ്പ ജപ്പാൻ സന്ദർശിക്കും

വത്തിക്കാൻ : ഫ്രാൻസിസ് പാപ്പ അടുത്ത വർഷം ജപ്പാൻ സന്ദർശിച്ചേക്കുമെന്ന് സൂചനകൾ. ടെൻഷോ കെനോഹോ ഷിസേത്സു കെൻഷോകൈ എന്ന സാമൂഹിക സംഘടനയിലെ അംഗങ്ങളുമായി സംസാരിക്കവേയാണ് പാപ്പ ഇക്കാര്യം സൂചിപ്പിച്ചത്. അടുത്ത വർഷം ജപ്പാൻ സന്ദർശിക്കുവാൻ താൻ ആഗ്രഹിക്കുന്നതായും തന്റെ ആഗ്രഹം സഫലമാകുമെന്ന് പ്രതീക്ഷിക്കുന്നതായും പാപ്പ പറഞ്ഞതായിട്ടാണ് റിപ്പോർട്ടുകൾ.



*എൽ.എഫ് വിഭാഗത്തിൽപ്പെട്ട 29 കുട്ടികൾക്കുള്ള ധനസഹായവിതരണം ഫെറോന കോഡിനേറ്റർ ഫാ.ജെസ്റ്റിൻ ജൂഡ് നിർവ്വഹിക്കുന്നു*




*റ്റി.എസ്.എസ്.എസ്. പാളയം ഫെറോന സമിതിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച തയ്യൽ പരിശീലന പരിപാടി റ്റി.എസ്എസ്എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ടോണി പോൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു*



*മുട്ടട ഇടവകയിൽ കുശവർക്കൽ ലിറ്റിൽ ഫ്ളവർ സബ്സ്റ്റേഷനിൽ നടന്ന ഹോം മിഷൻ ബിഷപ്പ് ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യുന്നു*



*പാളയം ഇടവകയിലെ കുന്നുകുഴി വാർഡിൽ നടന്ന ഹോം മിഷൻ ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ് ഉദ്ഘാടനം ചെയ്യുന്നു*



*ലത്തീൻ അതിരൂപതയിലെ പ്രൈമറി അധ്യാപകർക്കായി കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'പ്രചോദനം 2018' വെള്ളയമ്പലം റ്റി.എസ്.എസ് ഹാളിൽ കേരള സഹകരണ-ടൂറിസം-ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു*

# 'പ്രചോദനം 2018' : അധ്യാപനം ഒരു സേവനമാണ്

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പ്രൈമറി അധ്യാപകർക്കായി കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രചോദനം 2018 വെള്ളയമ്പലം റ്റി.എസ്.എസ് ഹാളിൽ കേരള സഹകരണ-ടൂറിസം-ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങൾ കൈവരിച്ച മാറ്റത്തെ ഉൾക്കൊള്ളുവാൻ അധ്യാപകർ തയ്യാറാകണമെന്നും ഏറ്റവും പുതിയ അറിവ് വിദ്യാർത്ഥികൾക്ക് നൽകുന്നതിന് അധ്യാപകർക്ക് കഴിയണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

കുട്ടികളുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ, അധ്യാപകർ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അധ്യാപനം ഒരു ദൈവവിളിയായി കാണണമെന്നും അനുഗ്രഹപ്രഭാഷണത്തിലൂടെ ബിഷപ്പ് ഡോ. ക്രിസ്തുദാസ് അധ്യാപകരോട് ആഹ്വാനം ചെയ്തു. എക്കാലവും നിലകൊള്ളുന്ന അധ്യാപകനെന്ന പദവിയുടെ മഹാത്മ്യം മനസ്സിലാക്കി വിദ്യാർത്ഥികൾക്ക് പ്രചോദനമായി അധ്യാപകർ മാറണമെന്ന് അധ്യക്ഷപ്രസംഗം നടത്തിയ കെ.മുരളീധരൻ എം.എൽ.എ പറഞ്ഞു.

ആർ.സി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ.ഡൈസൺ വൈ., അസി: മാനേജർ ഫാ.രജീഷ്, ഗിൽഡ് പ്രസിഡന്റ് രാജു വി., ഗിൽഡ് സെക്രട്ടറി ജനിവീവ് എന്നിവർ പ്രസംഗിച്ചു. പ്രചോദനം 2018 എന്ന ഏകദിന സെമിനാറിന് ഡെന്നി ജോസഫ് നേതൃത്വം നൽകി.



*പാളയം സെന്റ് ജോസഫ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ ഇടവകാംഗം എ.ജോൺ രചിച്ച 10 ഗാനങ്ങളടങ്ങിയ 'തിരുകുടുംബ ഗാനങ്ങൾ' എന്ന സി.ഡി. തിരുവനന്തപുരം അതിരൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ജൂഡ് പയസ് സാന്താമരിയാ കോൺവെന്റ് ചാപ്പലിൽ വച്ച് പ്രകാശനം ചെയ്യുന്നു.*


## സ്വർഗ്ഗീയ മലർവാടിയിലെ രണ്ടാം ജന്മദിനം



**ബ്രദർ. ജീവൻ ചാൾസ്**

(21.10.2016)

*എന്റെ നിഷ്കളങ്കത നിമിത്തം അവിടുന്ന്*
*എന്നെ താങ്ങുകയും എന്നേക്കുമായി*
*അങ്ങയുടെ സന്നിധിയിൽ*
*ഉറപ്പിച്ചു നിർത്തുകയും ചെയ്തു*
(സങ്കീ. 41: 12)

ഈശോയ്ക്കുവേണ്ടി തീക്ഷ്ണതയാൽ
ജ്വലിക്കുന്ന ഒരു ഹൃദയം നൽകി
ഞങ്ങളുടെ മകനെ അനുഗ്രഹിക്കുകയും
അവിടുത്തെ സന്നിധിയിലേക്ക് അവനെ
സ്വീകരിക്കുകയും ചെയ്ത നല്ല ദൈവത്തെ
ഞങ്ങൾ മഹത്വപ്പെടുത്തുന്നു.

**കൃതജ്ഞതയോടെ,**
**മാതാപിതാക്കൾ, സഹോദരി**



# അടിസ്ഥാന ക്രൈസ്തവ സമൂഹം

ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

## ബി.സി.സി. - ഇടവക - ഫെറോന - അതിരൂപതാതല നവനേതൃത്വ തെരഞ്ഞെടുപ്പിനുള്ള നിർദ്ദേശങ്ങൾ

നമ്മുടെ അതിരൂപതയിൽ വികേന്ദ്രികൃത ശുശ്രൂഷാ പ്രവർത്തനങ്ങളും ഭരണസംവിധാനങ്ങളും നടപ്പിലാക്കാൻ ശ്രമിച്ചുവരുകയാണല്ലോ. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ആവശ്യമായ പരിശീലനങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ പശ്ചാത്തലത്തിൽ 2019-20 വർഷത്തേക്ക് ആഗതമാകുന്ന നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പ് ഏറെ പ്രാധാന്യമർഹിക്കുന്നു. ഈ തെരഞ്ഞെടുപ്പ് ഫലപ്രദമായി നടപ്പിലാക്കുവാൻ വേണ്ട മുന്നൊരുക്കം ശ്രദ്ധയോടും സമയബന്ധിതമായും പൂർത്തിയാക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**കാര്യക്ഷമമായ തെരഞ്ഞെടുപ്പ് ഉറപ്പുവരുത്തുവാനായി ചെയ്യേണ്ടുന്ന കാര്യങ്ങൾ:**

തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും തിരഞ്ഞെടുക്കപ്പെടേണ്ടവരുടെ ഉത്തരവാദിത്തങ്ങളേയും കടമകളെയും കുറിച്ചും ദിവ്യബലി മധ്യേയും കുടുംബകൂട്ടായ്മ വേളകളിലും ജനങ്ങളെ ഉദ്ബോധിപ്പിക്കുക.

എല്ലാ ഇടവകകളിലും അതിരൂപതാ നിർദ്ദേശാനുസരണം തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് നേതൃത്വം നൽകുവാനായ് ഇടവകതലത്തിൽ ഒരു തിരഞ്ഞെടുപ്പ് കമ്മിഷന് രൂപം നൽകുക.

തെരഞ്ഞെടുപ്പിന് മുന്നോടിയായി അതിരൂപതാ സമിതിയുടെയും ഫെറോനാ സമിതിയുടെയും നേതൃത്വത്തിൽ ഫെറോനയിലും ഇടവകയിലും യൂണിറ്റുതലത്തിലും ആവശ്യമായ പരിശീലനം നൽകുക.

ഇടവകകളിൽ തെരഞ്ഞെടുപ്പിനു മുന്നോടിയായി ആവശ്യമെങ്കിൽ വേണ്ട യൂണിറ്റുകളുടെ പുനഃക്രമീകരണം നടത്തുക. പ്രാദേശികമായി ഒരു കുടുംബം എവിടെ താമസിക്കുന്നുവോ അവിടുത്തെ യൂണിറ്റിൽ ചേരുവാനുള്ള ക്രിസ്തീയ കൂട്ടായ്മയുടെ ചൈതന്യം ഉൾക്കൊള്ളുവാനുള്ള മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ടായിരിക്കണം പുനഃക്രമീകരണം നടത്തേണ്ടത്.

ഇടവക തെരഞ്ഞെടുപ്പ് സമിതിയുടെ മേൽനോട്ടത്തിൽ യൂണിറ്റ്, വാർഡ്, ഇടവകതലത്തിലെ തെരഞ്ഞെടുപ്പ് തീയതിയും സമയവും നിശ്ചയിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുകയും അതിൽ പങ്കെടുക്കുവാനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**ബി.സി.സി. നവനേതൃത്വ തെരഞ്ഞെടുപ്പിനുള്ള സമയക്രമം**

| | |
|---|---|
| **2018 നവംബർ 04, 11** | ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തിരഞ്ഞെടുപ്പിനെക്കുറിച്ച് ജനങ്ങളെ ഉത്ബോധിപ്പിക്കുകയും വേണ്ട മുന്നൊരുക്കം നടത്തുകയും ചെയ്യുന്നു. |
| **നവംബർ 11 - 25** | ബി.സി.സി.കളിൽ തിരഞ്ഞെടുപ്പ് നടത്തുന്നു. |
| **ഡിസംബർ 01 ശനി 5.30 pm - 02 ഡിസംബർ 4 pm** | അതിരൂപതാതലത്തിൽ പരിശീലകർക്കുള്ള പരിശീലനം (ഫെറോനാതലത്തിൽ ഇടവക കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം നൽകുന്നവർക്കായുള്ള പരിശീലനം). ഓരോ ഫെറോനയിൽ നിന്നും ഫെറോന വൈദിക സെക്രട്ടറി ഉൾപ്പെടെ 5-7 പേരടങ്ങുന്ന ഒരു ടീമിനെ ഫെറോന വികാരിമാർ പങ്കെടുപ്പിക്കുക. |
| **ഡിസംബർ 09 - 30** | ഇടവക കൗൺസിൽ അംഗങ്ങൾക്ക് ഫെറോനാതലത്തിൽ ഫെറോനാവികാരിയുടെ നേതൃത്വത്തിൽ പരിശീലനം. |
| **2019 ജനുവരി 01** | പുതിയ ഇടവക കൗൺസിൽ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നു. |
| **ജനുവരി 01 - 06** | പ്രഥമ ഇടവക കൗൺസിൽ യോഗം. ഇതിൽ കൗൺസിൽ ഭാരവാഹികളെയും, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ പ്രതിനിധിയെയും, ഇടവക സാമ്പത്തിക സമിതി അംഗങ്ങളെയും തിരഞ്ഞെടുക്കുന്നു. |
| **ജനുവരി 06 - 13** | ഫെറോന കൗൺസിൽ, മറ്റ് ഫെറോന സമിതികൾ എന്നിവയുടെ രൂപീകരണം. |
| **ജനുവരി 26** | 13-ാമത് അതിരൂപതാ അജപാലന സമിതിയുടെ പ്രഥമയോഗം. |
| **ജനുവരി 06 - 20** | ഫെറോന വികാരിയുടെ നേതൃത്വത്തിൽ സാമ്പത്തിക സമിതി അംഗങ്ങൾക്കുള്ള പരിശീലനവും, സാമ്പത്തിക സമിതികളുടെ സത്യപ്രതിജ്ഞയും. സത്യപ്രതിജ്ഞയിൽ സമിതിയുടെ പ്രസിഡന്റായ ഇടവക വികാരി നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. |

കവിത

സിസ്റ്റർ രേഷ്മ

# സ്മൃതി

ജീവിതയാത്രയിലെൻ സഹസഞ്ചാരിയായെൻ ദൈവം
എൻ കുഞ്ഞുമനസ്സിനൊപ്പമുള്ള ദിവ്യസ്നേഹധാരയേ!
ചാഞ്ചാടുന്നയെൻ മനകോവിലിൻ മിഴികൾ നീട്ടിയെൻ
പരമപാരമ്യം...
സനാതന സ്നേഹ സാന്ത്വനമായ് വന്നവൻ.
മാറ്റമില്ലാത്തയെൻ സ്നേഹിതൻ...
മഴതുള്ളികൾ പോലെ പെയ്യുന്ന എൻ സ്നേഹമെ
കളകളാൽ ആകുലമായൊരു ജീവിതത്തെ
വിളികളാൽ ധന്യമാക്കൂ നീ...
വിതയ്ക്കും കൊയ്ത്തിനുമിടയിൽ
അകലമില്ലാത്തതുപോൽ
എന്നുള്ളിൽ നാമ്പേറും ചെറുവിഞ്ഞായവൻ
നിൻ വസ്ത്ര വിളുമ്പിൽ തലോടലിനായ് കാത്തിരുന്നു.

കരുണാക്കടലായനീയെൻ ജീവനായ് മാറി,
ഒരുപാട് സ്നേഹത്തിൻ കടലായി ചാരെവന്ന്
പങ്കിടാം ഞാൻ നിൻ വിഭജിക്കപ്പെടാത്ത സ്നേഹം
സഹജാതർക്കായ്, സഹോദർക്കായ്
ചെറുകുരിവിയെപ്പോലും പരിപാലിക്കുന്നയെൻ നാഥനേ
എൻ വീഥികളിൽ നീയെൻ സ്നേഹിതനായ്
വിത്തിരപൂവിനെപോലും സൗരഭ്യമാക്കിയവനെ
നിനക്കായ് ഞാനേകാം എൻ സൗധം.
പിന്നീട് പോയയെൻ കാലചക്രത്തിൻ വിരൽപാടുകൾ
സൗജന്യമായി തുടച്ചുമാറ്റുന്ന വെൺനിരയായ് നീ...
എന്നുള്ളിലെ സംഗീതമേ...
എൻ നിത്യതയുടെ സ്പർശമേ...



family corner

ഫാ. എ.ആർ.ജോൺ
കുടുംബശുശ്രൂഷാ ഡയറക്ടർ

# ജപമാല മാസാചരണം
# കുടുംബപ്രാർത്ഥന മാസാചരണം


ഒക്ടോബർ മാസം ജപമാല മാസമായിട്ടാണ് നാം ആചരിക്കുന്നത്. അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ താല്പര്യപ്രകാരം കുടുംബപ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിൽ ഈ വർഷത്തെ ജപമാല മാസാചരണത്തെ കുടുംബപ്രാർത്ഥനമാസമായി നാം ആചരിക്കുകയാണ്. കുടുംബങ്ങളിൽ നവമാധ്യമങ്ങളുടെ സ്വാധീനവും അതിപ്രസരവും വഴി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബപ്രാർത്ഥന, കുടുംബങ്ങളിൽ വിള്ളലും അശാന്തിയും അസ്വസ്ഥതകളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ആയതിനാൽ കുടുംബപ്രാർത്ഥനകൾ കുടുംബത്തിന്റെ നിത്യവിളക്കാകുവാൻ മാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിച്ച് നമുക്ക് ഈ ഭക്തകർമ്മത്തിന് തുടക്കം കുറിക്കാം. കുടുംബപ്രാർത്ഥനമാസം ആചരിക്കാനുള്ള ചില നിർദ്ദേശങ്ങൾ :



1. സെപ്തംബർ മാസം 30-ാം തീയതി ഞായറാഴ്ച ഇടവകതലത്തിൽ ഔദ്യോഗികമായി ദിവ്യബലിമദ്ധ്യേ കുടുംബപ്രാർത്ഥനാ മാസത്തിന് സമുചിതമായി തുടക്കംകുറിക്കുക.
2. അന്നത്തെ ദിവ്യബലിയിൽ കുടുംബപ്രാർത്ഥന, ജപമാല മാസാചരണം എന്നിവയെ വിഷയമാക്കി സുവിശേഷ പ്രഘോഷണം നടത്തുക.
3. മാധ്യമ മുക്ത കുടുംബമണിക്കൂർ ആചരിക്കുക: എല്ലാ ദിവസവും വൈകുന്നേരം 7.30 മുതൽ 8.30 വരെ മാധ്യമോപാധികൾ എല്ലാം ഓഫാക്കി കുടുംബാംഗങ്ങൾ ഒന്നുചേർന്ന് പ്രാർത്ഥിക്കുക, ഒന്നിച്ചിരുന്ന് ഭക്ഷിക്കുക, ഒന്നിച്ചിരുന്ന് സ്നേഹ സംഭാഷണത്തിലേർപ്പെടുക.
4. സാധിക്കുന്നിടത്തോളം കുടുംബങ്ങളിൽ പോയി പ്രാർത്ഥിക്കാൻ സന്യസ്ഥരും, വൈദികരും, പരിശ്രമിക്കുക. യൂണിറ്റ്/വാർഡ് തലങ്ങളിൽ വേണ്ട ക്രമീകരണവും പ്രോത്സാഹനവും നടത്തുക.
5. ഒക്ടോബർ 31 ന് സാധിക്കുമെങ്കിൽ അഖണ്ഡ ജപമാല നിയോഗങ്ങൾ വച്ച് നടത്തുക. ഉചിതമായ സമയത്ത് പ്രത്യേക ദിവ്യബലി, ജപമാല പ്രദക്ഷിണം എന്നിവ അർത്ഥപൂർണമായി കുടുംബങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുക.
6. ദിവ്യബലിയുടെ അവസാനം 'മാധ്യമമുക്ത കുടുംബമണിക്കൂർ' തുടരുമെന്ന് സകുടുംബം പ്രതിജ്ഞ ചെയ്യുക.


## സ്മരണാഞ്ജലി

22-ാം ചരമവാർഷികം



**ലോർദ്ദോൻ**
പുതിയതുറ

37-ാം ചരമവാർഷികം



**ആർ. ജെ. ലില്ലിക്കുട്ടി**
പുതിയതുറ

5-ാം ചരമവാർഷികം



**ജെസയ്യൻ**
പുതിയതുറ

5-ാം ചരമവാർഷികം



**കൊച്ചുത്രേസ്യ**
മാർത്താണ്ഡംതുറ




# ജ്ഞാനസ്നാനരജിസ്റ്റർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ



തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവക വികാരിയാണ് ഞാൻ. സഭാപരമല്ലാതെ വിവാഹജീവിതം നയിക്കുന്ന ഒരു ദമ്പതിയുടെ കുഞ്ഞിന് ജ്ഞാനപിതാക്കളുടെ ഉറപ്പിന്മേൽ ജ്ഞാനസ്നാനം നല്കുകയും ജ്ഞാനസ്നാന രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുകയും ചെയ്തു. കുഞ്ഞിന്റെ അച്ഛന്റെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തരുതെന്ന് ചിലർ ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടോ?

സഭാപരമല്ലാത്ത രീതിയിൽ വിവാഹജീവിതം നയിക്കുന്ന ദമ്പതികൾ ഒന്നുകിൽ രജിസ്റ്റർ വിവാഹത്തിലൂടെ സിവിൽ നിയമപരിരക്ഷയുള്ള ദമ്പതികളോ അതുമല്ലെങ്കിൽ യാതൊരുവിധ നിയമപരിരക്ഷയുമില്ലാത്ത ദമ്പതികളോ ആയിരിക്കാം. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 877 § 2 ഉം, പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 689 § 2D ഉം അവിവാഹിതയായ അമ്മയുടെ കുഞ്ഞിന്റെ ജ്ഞാനസ്നാനം സംബന്ധിച്ച വിവരങ്ങൾ ജ്ഞാനസ്നാന രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ടതും പാലിക്കേണ്ടതുമായ നടപടിക്രമം വ്യക്തമാക്കുന്നു. അതനുസരിച്ച്;


1) ജ്ഞാനസ്നാനം സ്വീകരിച്ച കുഞ്ഞിന്റെ മാതാപിതാക്കളെ (അമ്മ അല്ലെങ്കിൽ അച്ഛൻ) സംബന്ധിച്ച വിവരങ്ങൾ പരസ്യമായി അറിവുള്ളതാണെങ്കിൽ അവരുടെ പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്. നമ്മുടെ നാട്ടിൽ നിലനില്ക്കുന്ന നിയമത്തിന്റെ പശ്ചാത്തലത്തിൽ, ജ്ഞാനസ്നാന സമയത്ത് ജനന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്. അല്ലെങ്കിൽ,

2) ജ്ഞാനസ്നാന രജിസ്റ്ററിൽ കുഞ്ഞിന്റെ മാതാപിതാക്കളായി പേര് രേഖപ്പെടുത്താൻ ആവശ്യപ്പെടുന്നവർ ഇടവക വികാരിയുടെയും രണ്ട് സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ ഇക്കാര്യം രേഖാമൂലമോ അല്ലാതെയോ ആവശ്യപ്പെടേണ്ടതാണ്.

ഇനി താങ്കളുടെ ചോദ്യത്തിലേക്കു വരുന്നു. സഭാപരമല്ലാത്ത രീതിയിൽ വിവാഹജീവിതം നയിക്കുന്ന ദമ്പതികളുടെ കുഞ്ഞിന് ജ്ഞാനസ്നാനം നല്കുമ്പോൾ കുഞ്ഞിന്റെ അച്ഛന്റെ പേര് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് തടസ്സമില്ല. എങ്കിലും, സഭാപരമായ നിയമപരിരക്ഷ ഇല്ലാത്ത ദമ്പതികളായതിനാൽ അവരുടെ കുഞ്ഞിനെ അവിവാഹിതയായ അമ്മയുടെ കുഞ്ഞായിട്ടാണ് കണക്കാക്കുന്നത്. ആയതിനാൽ, മാതാപിതാക്കളുടെ പേരുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനു മുമ്പായി CIC 877§ 2, CCEO 689 § 2 എന്നിവപ്രകാരം കുഞ്ഞിന്റെ ജനനസർട്ടിഫിക്കറ്റ് ചോദിച്ചു വാങ്ങാവുന്നതാണ്.


## സ്മരണാഞ്ജലി

29-ാം ചരമവാർഷികം



ജെറമിയാസ്
പുതിയതുറ

22-ാം ചരമവാർഷികം




ക്രിസ്റ്റീന സെലസ്റ്റീന
പുതിയതുറ

14-ാം ചരമവാർഷികം



ലീയർ ഡിക്രൂസ്
(സെൻട്രൽ എക്സൈസ്), കണ്ണാന്തുറ

34-ാം ചരമവാർഷികം



റൈമത്തൂസ്
(വൈസ് പ്രസിഡന്റ്, കൊല്ലങ്കോട്)



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 27-ാം ഞായർ (ഒക്ടോബർ 7)

# അടുപ്പം കൂടിയാൽ തിടുക്കവും കൂടും

നീർച്ചാലുകൾ
ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ഉൽ. 2: 18-24 | ഹെബ്ര. 2: 9-11 | മാർക്കോ. 10: 2-16

ഹോസ്പിറ്റലിൽ മരണം കാത്തുകിടക്കുന്ന ഒരു മദ്ധ്യവയസ്കയെ പരിചയപ്പെട്ടു. അർബുദം അവരെ ഏതാണ്ട് മുഴുവനായും കാർന്നു തിന്നു കഴിഞ്ഞു. പ്രാർത്ഥിക്കാം എന്ന് പറഞ്ഞ് മുറിവിട്ട് പോരാൻ ഒരുങ്ങുമ്പോൾ ഒരു നേർത്ത സ്വരത്തിൽ ആ സ്ത്രീ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു എന്റെ രോഗം മാറാൻ വേണ്ടി അച്ചൻ പ്രാർത്ഥിക്കണ്ടാട്ടോ. എന്റെ ഭർത്താവ് ഇത്രടം വരെ ഞാൻ മരിക്കുന്നതുമുമ്പ് വരാൻ പ്രാർത്ഥിക്കണേ!'

ക്യാൻസറാണെന്ന് അറിഞ്ഞതിന്റെ തലേദിവസം വരെ നിന്റെ കൂടെ ഞാൻ എന്നുമുണ്ടാകും, എന്റെ സ്നേഹം നില നിൽക്കുന്നതാണെന്നൊക്കെ പറഞ്ഞ് എന്നെ ചേർത്തു ചുംബിച്ചതാണ്. ദാ... മൂന്ന് മാസത്തിലധികമായി ഒന്നു ഫോൺ വിളിക്കുക പോലും ചെയ്തിട്ടില്ല. എനിക്ക് വേറൊന്നും വേണ്ട. എടീ... ഞാൻ കൂടെയുണ്ട്ട്ടാ... അത്രയെങ്കിലും ഒന്നു പറഞ്ഞാൽ ഞാൻ ഈ മരണ വേദനയെ അതിജീവിച്ചേനേ... നില നിൽക്കുന്ന സ്നേഹം വാക്കിലാണ്. ജീവിതത്തിൽ ഞാൻ ഇപ്പോൾ അറിയുന്നില്ല.


ദൈവാലയത്തിൽ വച്ച് വൈദീകരുടെയും വിശ്വാസികളുടെയും മുന്നിവച്ച് അന്ന് എടുത്ത പവിത്രമായ പ്രതിജ്ഞയിലാണ് മനുഷ്യകുലം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ആഴമായ ബന്ധം എന്നത് മറന്നുപോയ ഒരു ദാമ്പത്യ ജീവിതമാണ് ഇത്. അവർ തമ്മിലുള്ള സ്നേഹത്തിന്റെ അടുപ്പം കുറഞ്ഞപ്പോൽ പരസ്പരം സ്നേഹിക്കേണ്ട , മനസ്സിലാക്കേണ്ട തിടുക്കവും കുറഞ്ഞു.

ഇന്നത്തെ സുവിശേഷം ആവശ്യപ്പെടുന്ന ദാമ്പത്യ ഐക്യം ഇന്ന് ഫലവത്താവണമെങ്കിൽ വിവാഹദിനം നാം ഏറ്റു ചൊല്ലിയ പ്രതിജ്ഞയോട് കൂറുപുലർത്തണമെന്നതാണ്. വിശുദ്ധ ഗ്രന്ഥത്തിലെ രണ്ട് മുന്ന് ഉദാഹരണങ്ങൾ ഇതിന് ആവശ്യമായ സാക്ഷ്യം നമുക്ക് നൽകുന്നുണ്ട്.



നിറവേറ്റപ്പെടാത്ത പ്രതിജ്ഞകൾക്കു പിന്നിൽ വലിയ വിപത്തുകൾ ഒളിഞ്ഞിരിക്കുന്നുണ്ടെന്നാണ് അനനിയാസിന്റെയും സഫീറയുടേയും ജീവിതാന്ത്യം സൂചിപ്പിക്കുന്നത്. പ്രതിജ്ഞ നിറവേറ്റാതെ ദൈവസന്നിധിയിൽ വ്യാജം പറഞ്ഞ അനനിയാസിന്റെയും സഫീറയുടേയും ജീവിതാന്ത്യം ദാരുണമായിരുന്നു.

ദൈവസന്നിധിയിൽവച്ച് പ്രതിജ്ഞയെടുക്കുകയും ആ പ്രതിജ്ഞ നിറവേറ്റുകയും ചെയ്ത പഴയ നിയമ കഥാപാത്രമാണ് ജഫ്താ. കർത്താവിന്റെ മുന്നിൽ നിന്ന് ജഫ്ത ഒരു പ്രതിജ്ഞയെടുക്കുന്ന ഭാഗം ന്യായാധിപന്മാരുടെ പുസ്തകത്തിൽ പതിനൊന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: കർത്താവ് അങ്ങ് അമോന്യരെ എന്റെ കയ്യിൽ ഏൽപ്പിക്കുമെങ്കിൽ ഞാൻ അവരെ തോൽപ്പിച്ച് ജേതാവായി തിരികെചെല്ലുമ്പോൾ എന്നെ എതിരേൽക്കാൻ പടിവാതിൽക്കലേക്ക് ആദ്യം വരുന്നത് ആരായിരുന്നാലും അവൻ കർത്താവിന്റേതായിരിക്കും. ഞാൻ അവനെ ദഹനബലിയായി അവിടുത്തേക്ക് അർപ്പിക്കാം(ന്യായ 11/30). കർത്താവ് ജഫ്തയുടെ ഈ പ്രതിജ്ഞ കേൾക്കുകയും അവ



ന്റെ നിഷ്കളങ്കമായ പ്രതിജ്ഞയ്ക്ക് നൂറു ശതമാനവും വിജയം നൽകി. ജഫ്താ ആ യുദ്ധത്തിൽ വിജയിച്ചു.

ഓർക്കണം, ഈ ജഫ്തയെപ്പോലെ നാമും ദൈവസന്നധിയിൽ വച്ച് ഒരുപാട് പ്രതിജ്ഞകൾ നടത്തിയിട്ടുണ്ട്. അവയ്ക്കെല്ലാം ദൈവം വൻ വിജയം നൽകി അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ജഫ്ത തന്റെ പ്രതിജ്ഞ നിറവേറ്റിയതുപോലെ നാമും നമ്മുടെ പ്രതിജ്ഞകൾ ബോധപൂർവ്വം നിറവേറ്റിയുണ്ടോ എന്ന് ചിലപ്പോഴെങ്കിലും ആത്മശോധന ചെയ്യണം. സുവിശേഷ ഗ്രന്ഥത്തിൽ വലതുകൈവച്ച് കാർമ്മികൻ ചൊല്ലിത്തന്ന പ്രതിജ്ഞ ഏറ്റു ചൊല്ലിയ വധൂവരന്മാർ ആ പ്രതിജ്ഞ പ്രാവർത്തികമാക്കിയിരുന്നെങ്കിൽ സമൂഹത്തിൽ ഇത്രയും അധികം വിവാഹമോചന കേസുകൾ ഉണ്ടാകുമായിരുന്നില്ല: ഇന്നുമുതൽ മരണം വരെ സന്തോഷത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും പരസ്പര സ്നേഹത്തോടും വിശ്വസ്തതയോടും കൂടി ഏകമനസ്സോടെ ജീവിച്ചു കൊള്ളാമെന്ന് ഈ വിശുദ്ധ സുവിശേഷം സാക്ഷിയാക്കി ഞങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്ന് പ്രതിജ്ഞ ചെയ്ത എത്രയോ പേരാണ് ഈ പ്രതിജ്ഞ ബോധപൂർവ്വം ലംഘിച്ചുകൊണ്ടിരിക്കുന്നത്?

വിശുദ്ധ കുർബ്ബാന മദ്ധ്യേ എത്രയോ തവണ വിശ്വാസപ്രമാണത്തിലെ പ്രതിജ്ഞകൾ ഏറ്റു ചൊല്ലിയവരാണു നമ്മൾ. എന്നിട്ടും, അവയൊക്കെ നാം പാലിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ എന്തായിരിക്കും നമ്മുടെ ഉത്തരം?

പാപവും പാപമാർഗ്ഗങ്ങളും നീ ഉപേക്ഷിക്കുന്നുവോ എന്ന കാർമ്മികന്റെ ചോദ്യങ്ങൾക്ക് ഉപേക്ഷിക്കുന്നു എന്ന് ഉത്തരം പറഞ്ഞ് പ്രതിജ്ഞയെടുത്ത് മാമോദീസയും സ്ഥൈര്യലേപനവും സ്വീകരിച്ച നാം ആ പ്രതിജ്ഞ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലേ?

എത്രയെത്ര നേർച്ചകൾ നേർന്നവരാണ് നാം. കാര്യം നടക്കാൻ നേർച്ച നേർന്ന്, കാര്യം നടന്നപ്പോൾ നേർച്ചയുടെ കാര്യം നാം മറന്നില്ലേ.

ജഫ്ത ദൈവസന്നിധിയിൽ വച്ച് സ്വീകരിച്ച് പ്രതിജ്ഞയും നേർച്ചയും പൂർണ്ണ മനസ്സോടെ പാലിച്ച് നിറവേറ്റിയതുപോലെ നമുക്കും ചില പ്രതിജ്ഞകൾ നിറവേറ്റാൻ സാധിക്കുമ്പോഴാണ് ദൈവകരുണ നമ്മിൽ മുദ്രിതമാകുകയുള്ളൂ. പ്രതിജ്ഞ നിറവേറ്റാൻ വേണ്ടി വരുന്ന പാടുപീഡകളും ജഫ്തയെപ്പോലെ ഏറ്റെടുക്കുമ്പോൾ മാത്രമാണ് നാം ദൈവമക്കളായി മാറുന്നത്.

ജഫ്താ ആ യുദ്ധത്തിൽ ജയിച്ചു തിരിച്ചുവരുമ്പോൾ ആദ്യം കാണുന്നത് തന്റെ ഏക സന്താനത്തെ തന്നെയായിരുന്നു. കർത്താവിന്റെ മുമ്പിൽ ചെയ്ത പ്രതിജ്ഞ പിൻവലിച്ച് തന്റെ മകളുടെ ജീവൻ രക്ഷിക്കാൻ കാരണങ്ങളേറെ ഉണ്ടായിരുന്നിട്ടും ദൈവത്തിനു കൊടുത്ത പ്രതിജ്ഞ അദ്ദേഹം നിറവേറ്റുക തന്നെയാണ് ചെയ്തത്. അവളെ കണ്ടപ്പോൾ അവൻ വസ്ത്രം കീറിക്കൊണ്ടു പറഞ്ഞു മകളെ, നീ എന്നെ ദുഃഖത്തിസാഴ്ത്തിയല്ലോ, ഞാൻ കർത്താവിന് വാക്കു കൊടുത്തുപോയി. പ്രതിജ്ഞയിൽ നിന്നും പിന്മാറാൻ എനിക്കു സാധിക്കുകയില്ല. അവൻ നേർന്നതുപോലെ അവൻ അവളോട് ചെയ്തു (ന്യായ 11/ 39). ആ പ്രതിജ്ഞ നിറവേറ്റിയ ജഫ്തയെയാണ് ദൈവം ഇസ്രയേൽ മക്കളെ ആറുവർഷം നിയമപാലനം നടത്താനുള്ള അധികാരം ഭരമേൽപ്പിക്കുന്നത്.

നിറവേറ്റപ്പെടാത്ത പ്രതിജ്ഞകൾക്കു പിന്നിൽ വലിയ വിപത്തുകൾ ഒളിഞ്ഞിരിക്കുന്നുണ്ടെന്നാണ് അനനിയാസിന്റെയും സഫീറയുടേയും ജീവിതാന്ത്യം സൂചിപ്പിക്കുന്നത്. പ്രതിജ്ഞ നിറവേറ്റാതെ ദൈവസന്നിധിയിൽ വ്യാജം പറഞ്ഞ അനനിയാസിന്റെയും സഫീറയുടേയും ജീവിതാന്ത്യം ദാരുണമായിരുന്നു. നീ വ്യാജം പറയുന്നത് മനുഷ്യരോടല്ല ദൈവത്തോടാണ്. ഈ വാക്കുകൾ കേട്ട ഉടനെ അനനിയാസ് നിലത്തു വീണു മരിച്ചു. ചെറുപ്പക്കാർ അവനെ വസ്ത്രത്തിൽ പൊതിഞ്ഞ് പുറത്തു കൊണ്ടുപോയി സംസ്കരിച്ചു. ഭർത്താവിന്റെ അതേ സ്വഭാവം പ്രദർശിപ്പിച്ച ഭാര്യയ്ക്കും സംഭവിച്ചത് അതേ ദുരന്തമായിരുന്നു. പത്രോസ് പറഞ്ഞു: കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കാൻ നിങ്ങൾ ഒന്നു ചേർന്നതെന്ത്? ഇതാ നിന്റെ ഭർത്താവനെ സംസ്കരിച്ചവരുടെ കാലൊച്ച നിന്റെ വാതിലിനു പുറത്തു കേൾക്കാം. അവർ നിന്നെയും കൊണ്ടുപോകും. തൽക്ഷണം അവൾ അവന്റെ കാൽക്കൽ മരിച്ചു വീണു (നട. 5-10). ഒരു പ്രതിജ്ഞപോലും നിറവേറ്റാതെയാണ് ഈ ഭൂമുഖത്തു നിന്നു നീ മടങ്ങുന്നതെങ്കിൽ നീ ചെന്നു ചേരുന്നിടം നിത്യനരകം തന്നെയായിരിക്കും എന്നു നാം അറിയേണ്ടിയിരിക്കുന്നു. പൂർവ്വികർ എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്: മോനെ ഉത്തിരിപ്പു കടമുണ്ട് അതു മറക്കരുത്. വീട്ടിത്തീർക്കേണ്ട ഒത്തരി പ്രതിജ്ഞകളുണ്ട് നമ്മുടെയെല്ലാം ജീവിതത്തിൽ. അനാസ്ഥ കാണിച്ചും അലസരായും ആ പ്രതിജ്ഞകൾ നിറവേറ്റാതെ നമ്മുടെ ജീവിതം നരക തുല്യമാക്കുന്നതെന്തിനാണ്? ■

നീർച്ചാലുകൾ

ഡോ. ഡൈസൻ

# വിവേകം ജീവിതത്തെ പ്രകാശപൂരിതമാക്കട്ടെ !

ജ്ഞാനം. 7: 7-11 | ഹെബ്രാ. 4:12-13 | മാർക്കോ. 10: 17-30

ജീവിതം നമ്മുക്ക് എപ്പോഴാണ് പ്രകാശപൂരിതമാകുന്നത്? തെറ്റും ശരിയും തിരിച്ചറിയുവാനുള്ള വിവേകം അല്ലെങ്കിൽ ജ്ഞാനവെളിച്ചം ലഭിക്കുമ്പോഴാണ്. തെറ്റിനെ ശരിയെന്ന് സ്വയം ചിന്തിക്കുകയും മറ്റുള്ളവരെകൊണ്ട് ചിന്തിപ്പിക്കുകയും ചെയ്യുമ്പോൾ നമ്മുടെയും മറ്റുള്ളവരുടെയും ജീവിതം അന്ധകാരപൂർണ്ണമാകുന്നു. യൂദായ രാജ്യത്തിലെ ഹേറോദിയായുടെ ജീവിതം തമോമയമായിരുന്നു! നീതിമാനായ സ്നാപകന്റെ ശിരസ് താലത്തിൽ വച്ച് ചോദിക്കുന്നത് തെറ്റാണെന്ന തിരിച്ചറിവ് മകൾക്ക് നല്കാതെ, അത് ശരിയെന്ന് മകളെ ചിന്തിപ്പിച്ച ഹെറോദിയ തന്റെ ജീവിതത്തെ മാത്രമല്ല, മകളുടെ ജീവിതത്തെയും തിന്മയുടെ ഇരുട്ടിലാക്കി.

സാത്താന്റെ പ്രലോഭനത്തിന് വഴങ്ങി ദൈവത്തിന്റെ കല്പനയെപോലും തെറ്റെന്ന് ചിന്തിച്ച് കനി ഭക്ഷിച്ച ഹൗവ്വ തന്റെ ജീവിതത്തെ അവിവേകത്തിന്റെ അന്ധകാരത്തിലാഴ്ത്തി. രക്തത്തിൽ കുളിച്ച് പ്രാണരക്ഷക്കുവേണ്ടി നിലവിളിക്കുന്ന സമറിയാക്കാരന്റെ ജീവനെക്കാൾ രക്തസ്പർശത്താലുണ്ടാകുന്ന അശുദ്ധിക്ക് പ്രാധാന്യം നല്കി, കരുണ കാണിക്കാത്ത ലേവായനും, പുരോഹിതനും തങ്ങളുടെ ജീവിതത്തെ ഇരുളിലാക്കി. ജീവിതത്തെ, ആത്മാവിനെ പ്രകാശിപ്പിക്കുന്ന നന്മയുടെ വെളിച്ചമാണ് വിവേകം അല്ലെങ്കിൽ ജ്ഞാനം. പ്രാർത്ഥിച്ചാൽ, നിലവിളിച്ച് അപേക്ഷിച്ചാൽ, ദൈവവചനത്തിന് സ്വയം വിട്ടുകൊടുത്താൽ ലഭിക്കുന്ന കൃപയാണ്, ദൈവീക ദാനമാണ് വിവേകം. ചെങ്കോലും കീരടത്തെക്കാളും, ആരോഗ്യവും സൗന്ദര്യത്തെക്കാളും വലുതാണ്, വിലയുള്ളതാണ് വിവേകം അല്ലെങ്കിൽ ജ്ഞാനവെളിച്ചം. ഇത് വെള്ളിയെക്കാളും സ്വർണ്ണത്തെക്കാളും വിലയുള്ളതാണ്. കാരണം ജീവിതത്തെ പ്രകാശപൂർണ്ണമാക്കി എല്ലാ നന്മകളും നേടിതരുന്ന സുകൃതം വിവേകമാണെന്ന സത്യം ജ്ഞാനത്തിന്റെ പുസ്തകത്തിൽ (7:7-11) വെളിപ്പെടുത്തുന്നു.

ദൈവവചനം അന്ധകാരത്തിൽ കഴിയുന്ന ജനങ്ങൾക്ക് ജ്ഞാനവെളിച്ചം നല്കുന്ന ഇരുതല വാളാണ്. നിനിവേ നിവാസികൾ യോനായിലൂടെ എത്തിയ ദൈവവചനത്തിന്റെ വാളിന് തങ്ങളുടെ ജീവിതത്തെ വിട്ടുകൊടുത്തപ്പോൾ അന്ധകാരം അകലുകയും വെളിച്ചം ഉദയം ചെയ്യുകയും ചെയ്തു. മേലിൽ പാപം ചെയ്യരുതെന്ന വചനത്തിന്റെ വാൾ പാപത്തിൽ പിടിക്കപ്പെട്ട പാപിനിയായ സ്ത്രീയുടെ ജീവിതത്തെ കീറിമുറിച്ചപ്പോൾ അവളിലെ പാപാന്ധകാരം മാറുകയും വിശുദ്ധിയുടെ വെളിച്ചമുണ്ടാകുകയും ചെയ്തു. 'സക്കേവൂസേ, വേഗം ഇറങ്ങി വരുക. ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു' എന്ന വചനം സക്കേവൂസിന്റെ ഹൃദയത്തെ, ആത്മാവിനെ, മനസ്സിനെ, ജീവിതത്തെ കീറിമുറിച്ചപ്പോൾ അവന്റെ ജീവിതം നന്മയുടെ വെളിച്ചം കൊണ്ട് നിറഞ്ഞു. അവൻ വിവേകമുള്ളവനായി!

വചനം കേട്ട് അത് അനുസരിക്കാത്തവർ അവരുടെ ജീവിതത്തെ തിന്മയുടെ സോദോമിന്റെയും ഗൊമോറായുടെയും പ്രതീകമായി മാറ്റുന്നു. ദൈവത്തിന്റെ വചനം സ്നാപകനിലൂടെ കേട്ടെങ്കിലും, അത് പ്രാവർത്തികമാക്കാത്തതു കാരണം ഹേറോദേസ് നീതിമാനായ സ്നാപകന്റെ ഘാതകനായി തീരുന്നു. യൂദാസ് വചനം കേട്ടെങ്കിലും അത് പ്രാവർത്തികമാക്കാത്തതുകാരണം ഒറ്റുകാരനായി മാറി. ആയതിനാൽ വചനം തുളച്ചുകയറാൻ നമ്മുടെ ജീവിതത്തെ വിട്ടുകൊടുക്കണമെന്ന് ഹെബ്രയാകാർക്കുള്ള ലേഖനം (4:12-13) നമ്മോട് ആഹ്വാനം ചെയ്യുന്നു.

ജീവിതത്തെ പ്രകാശപൂരിതമാക്കേണ്ട വിവേക വെളിച്ചം ഇല്ലാത്തതു കാരണം ധനികനായ മനുഷ്യന് നഷ്ടപ്പെട്ടു പോകുന്ന അനുഗ്രഹങ്ങളെക്കുറിച്ച് മർക്കോസ് സുവിശേഷകൻ പത്താം അദ്ധ്യായത്തിൽ വിവരിക്കുന്നു. ധനികൻ കണ്ടതിൽ വച്ച് ഏറ്റവും വലിയ റബ്ബി യേശുവായിരിക്കണം. കാരണം അസാധാരണവും യഹൂദ ലിഖിതങ്ങളിൽ ഉപയോഗിക്കാത്ത അപൂർവ്വമായ അഭിസംബോധനയാണ് (നല്ലവനായ ഗുരോ) യേശുവിനെ നോക്കി അവൻ നടത്തിയത്. നല്ലവൻ ദൈവം മാത്രമാണെന്ന് യേശു മറുപടി നല്കി. തന്നോട് സംസാരിക്കുന്ന യേശു നല്ലവനായ ദൈവമാണെന്ന് തിരിച്ചറിയുവാനുള്ള ജ്ഞാനവെളിച്ചം അവനില്ലായിരുന്നു. യേശുവിൽ ദൈവത്തെ കാണേണ്ടതിനു പകരം അവിവിവേകത്താൽ അവൻ യേശുവിൽ വെറുമൊരു ഗുരുവിനെ കാണുന്നു. താൻ തിരയുന്ന നിത്യജീവൻ നല്കുവാൻ കഴിയുന്ന നല്ലവനായ ദൈവം യേശുവാണെന്നറിയണമെങ്കിൽ അവൻ യേശുവിനോടുകൂടെ ഉണ്ടായിരിക്കുകയും, അവനോടുകൂടെ നടക്കുകയും, അവൻ പറയുന്നതു കേൾക്കുകയും അവൻ പറയുന്നതു പ്രാവർത്തികമാക്കുകയും ചെയ്യണം. നായിമിൽ വിധവയുടെ മകനെ ജീവനിലേക്ക് കൊണ്ടുവന്നപ്പോൾ യേശുവിനോടുകൂടെ ഉണ്ടായിരുന്നവർ പറഞ്ഞു: ദൈവം നമ്മെ സന്ദർശിച്ചു. യേശുവിനോടു കൂടെ നടന്ന് കാൽവരിയിലെത്തിയപ്പോൾ ശതാധിപൻ പറഞ്ഞു! സത്യമായും ഇവൻ ദൈവപുത്രനായിരുന്നു. യേശുവിനെ ശ്രവിക്കുകയും അവനെ ദൈവമായി കണ്ട് യാചിക്കുകയും ചെയ്ത നല്ല കള്ളന് പറുദീസ ലഭിക്കുന്നു. ദൈവമായ യേശു പറഞ്ഞതു ചെയ്ത സക്കേവൂസിന് രക്ഷ ലഭിക്കുന്നു. യേശുവാണ് നല്ലവനായ ദൈവം എന്ന് തിരിച്ചറിയണമെങ്കിൽ വിവേകവെളിച്ചം വേണം!

'തലിത്താകും' എന്ന് പറഞ്ഞപ്പോൾ മരിച്ച ബാലിക ജീവനിലേക്ക് എഴുന്നേറ്റു. 'എഫാത്ത' എന്ന് പറഞ്ഞപ്പോൾ

അടഞ്ഞ ചെവി തുറക്കുകയും സംസാരത്തിലെ തടസം മാറുകയും ചെയ്തു. നിനക്ക് ഒരു കുറവുണ്ടെന്ന യേശുവിന്റെ വാക്ക് സ്വീകരിക്കാനുള്ള ധനികന്റെ വൈമനസ്യമാണ് നിത്യരക്ഷ നഷ്ടപ്പെടുത്തി കളയുന്നത്. അവനിലെ ആ കുറവ് അവന്റെ ജീവിതത്തിലെ മറ്റെല്ലാ നന്മകളെയും വിഴുങ്ങി കളയുന്നു. ദൈവത്തിന്റെ കണ്ണിലൂടെ നാം നമ്മെ നോക്കുമ്പോൾ നമ്മിലെ കുറവ് നമുക്ക് മനസിലാകും. നമ്മിലെ കുറവ് നികത്തുവാൻ ദൈവത്തിൽ ആശ്രയിക്കണം.

ദൈവത്തിന്റെ വചനം സ്വീകരിക്കേണ്ടത് വിഷാദത്തോടെയല്ല, സന്തോഷത്തോടെയാണ്. യേശുവിന്റെ വചനത്തെ അടഞ്ഞ മനസോടെ, എതിർപ്പോടെ, വിഷാദത്തോടെ സ്വീകരിച്ച ഫരിസേയർക്കും നിയമജ്ഞർക്കും നഷ്ടപ്പെട്ടത് നിത്യജീവനാണ്. യേശുവിനെയും അവന്റെ വചനത്തെയും പരിഹാസപൂർവ്വം സ്വീകരിച്ച മോശമായ കള്ളനും നിത്യജീവൻ സ്വന്തമാക്കുന്നില്ല. നിത്യജീവൻ സ്വന്തമാക്കാൻ വചനത്തെ സന്തോഷത്തോടെ സ്വീകരിക്കാനുള്ള വിവേകമുണ്ടാകണം.

എന്ത്കൊണ്ട് യേശുനാഥൻ സ്വത്ത് വില്ക്കാൻ ആവശ്യപ്പെടുന്നു? ശവമുള്ളയിടത്താണല്ലോ, കഴുകന്റെ വാസമുള്ളത്. അതുപോലെ ദൈവത്തിലല്ല എപ്പോഴും സമ്പത്തിലായിരിക്കും ധനവാന്റെ ഹൃദയം! സമ്പത്ത് വില്ക്കാൻ അവൻ വിസമ്മതിക്കുന്നതിനു കാരണം അവന്റെ ആശ്രയവും സുരക്ഷയും സമ്പത്തിലായിരുന്നു. സമ്പത്തിന് ഭീഷണിയുണ്ടായാൽ ഈ ലോകജീവിതം തകർന്നുപോകുമെന്ന് അവൻ തെറ്റിദ്ധരിച്ചു. നിത്യജീവനെക്കാൾ അവൻ സ്നേഹിച്ചത് സമ്പത്തിനെയായിരുന്നു. അത് അവന് ആരാധന മൂർത്തിയായിരുന്നു. സമ്പത്തിലാശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുവാൻ യേശു നല്കിയ അവസരം ജ്ഞാനവെളിച്ചമില്ലായ്മ കാരണം അവൻ നഷ്ടപ്പെടുത്തി.

ദൈവത്തെക്കാൾ ഏറെ സമ്പത്തിൽ സുരക്ഷ കണ്ടെത്തുന്നവർക്ക്, അമിതമായി അതിനെ മാത്രം ആശ്രയിക്കുന്നവർക്ക്, അതിനെ ആരാധനപാത്രമായി കരുതുന്നവർക്ക് ദൈവരാജ്യ പ്രവേശനം അസംഭവ്യമാണ്! സൂചിക്കുഴയിലൂടെ അതിന് പാകമായ നേരിയ നൂലിനു മാത്രമേ കടന്നുപോകാൻ സാധിക്കുകയുള്ളൂ. ഒരിക്കലും ചെറിയ നൂൽ കടന്നുപോകുന്ന സൂചിക്കുഴയിലൂടെ വണ്ണമുള്ള, തടിച്ച വടമോ, റോപ്പോ കടന്നു പോവുക അസാദ്ധ്യമാണ്. ഒട്ടകത്തിന്റെ കാര്യം ചിന്തിക്കാനാകുമോ! അസംഭവ്യമായ കാര്യത്തെ സൂചിപ്പിക്കാൻ ഒട്ടകം സൂചിക്കുഴയിലൂടെ കടന്നു പോകുന്ന പഴമൊഴി യഹൂദർ ഉപയോഗിച്ചിരുന്നു. ജെറുസലേം പട്ടണത്തിൽ കിഴക്കെ പ്രധാന കവാടത്തിനരികിൽ കാൽനടകാർക്കായി, ഏറെ പ്രത്യേകിച്ച് ഒരാൾക്ക് മാത്രമായി കടന്നുപോകാനുള്ള ചെറിയ കവാടമുണ്ട്. ഈ കവാടത്തെ സൂചിക്കുഴയെന്നാണ് വിളിക്കുക. ഇതിലൂടെ ഒരിക്കലും ഒരു ഒട്ടകത്തിന് കടന്നുപോകാൻ സാദ്ധ്യമല്ല! അറബികളുടെ ഇടയിൽ ഇതുപോലൊരു ചൊല്ല് ഇപ്പോഴും പ്രചാരത്തിലുണ്ട്. ഒരു കപടനാട്യക്കാരൻ സ്വർഗ്ഗത്തിൽ എത്തുന്നതിനെക്കാൾ എളുപ്പമാണ് ഒട്ടകം സൂചിക്കുഴയിലൂടെ പ്രവേശിക്കുന്നത്. മനുഷ്യന്റെ ഹൃദയം സമ്പത്തുകൊണ്ട് നിറയ്ക്കുമ്പോൾ ദൈവത്തിന് അവിടെ സ്ഥലം നിഷേധിക്കപ്പെടും. സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാക്കാൻ ഹൃദയത്തിൽ ദൈവത്തിന് സ്ഥാനമുണ്ടാകാൻ മനുഷ്യൻ ഈ ലോകത്തിലെ സമ്പത്ത് അന്നമില്ലാത്തവർക്ക് അന്നമാകാനും രോഗികൾക്ക് സൗഖ്യമാകാനും, കൂരയില്ലാത്തവർക്ക് വീടാകാനും ഉപയോഗിക്കണം. അതിനുള്ള വിവേകം വെളിച്ചം കിട്ടുമ്പോൾ സ്വർഗ്ഗത്തിൽ നമ്മുക്കായ് വാതിൽ തുറക്കപ്പെടും! ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

ആണ്ടുവട്ടം 29-ാം ഞായർ (ഒക്ടോബർ 21)


# സ്നേഹം അനുഭവിച്ചുതന്നെ അറിയണം

ഏശ. 53 : 10-11 | ഹെബ്രാ. 4 : 14-16 | മാർക്കോ. 10: 35-45

കണക്കുകൂട്ടലുകൾ പിഴയ്ക്കുമ്പോൾ ജീവിതത്തിന് പഞ്ചാരക്കുപ്പായം പുതപ്പിക്കാൻ നോക്കുന്നതെന്തിനാണ്. എല്ലാം കേമമായി മുന്നോട്ടു പോകുന്നുവെന്നുക്കാണിക്കാൻ മധുരമേലങ്കികൊണ്ട് ആവരണം ചെയ്യേണ്ടതില്ല. അധികാരമോഹം സർവ്വനിയന്ത്രണവും വിട്ട് പുറത്തേക്കുവമിച്ചതാണ് സെബദിപുത്രൻമാരുടെ അഭ്യർത്ഥന. യേശുവിന്റെ ശിഷ്യൻമാർക്ക് അവിടുത്തെ ദിവ്യരഹസ്യങ്ങൾ മനസ്സിലാക്കാൻ കഴിവില്ലെന്ന് വ്യക്തമാക്കുന്ന തരത്തിലാണ് ഈ അഭ്യർത്ഥന നടക്കുന്നത്. അവർ ഭൗതീക സിംഹാസനത്തെ സ്വപ്നം കണ്ടവർ, ബാക്കി പത്തുപേരും മുഖ്യധാരയിലേക്ക് വരുംമുമ്പേ പിടിച്ചെടുക്കുക. മറ്റു സുവിശേഷങ്ങളിൽ മക്കൾക്കുവേണ്ടി കച്ചകെട്ടിയിറങ്ങുന്നത് അമ്മയാണ്. സ്വഭാവികമായും എപ്പോഴൊക്കെയോ സെബദിയുടെ വീട്ടിൽ ഒരു ഗൂഢാലോചന നടന്നിട്ടുണ്ട്. ഒന്നുകിൽ അമ്മ മക്കളിൽ ഈ ആഗ്രഹത്തെ കുത്തിനിറച്ചു, അല്ലെങ്കിൽ മക്കൾ തങ്ങളുടെ മോഹം അമ്മയെക്കൊണ്ട് പറയിപ്പിച്ചു. രണ്ടാമത്തേത് ആകാനാണ് സാധ്യത.

ഫറവോയുടെ പാനപാത്രവാഹകന്റെയും പാചകപ്രമാണിയുടേയും സ്വപ്നങ്ങൾക്ക് ജോസഫ് വ്യാഖ്യാ

നം ചമച്ചു. പാനപാത്രവാഹകന് സ്വപ്നം അനുകൂലമായിരുന്നു. മുന്തിരിപ്പഴങ്ങൾ പിഴിഞ്ഞു പാനപാത്രത്തിൽ പകർന്നുനല്കുന്നസ്വപ്നം ജോലിയിൽ തിരിച്ചെടുക്കുമെന്നു തന്നെയാണ്. ഫറവോയുടെ ഇഷ്ടക്കാരായ ഇവർ തങ്ങളുടെ അധികാരത്തെ ദുരുപയോഗം ചെയ്തവരാണ്. പാചകപ്രമാണിക്ക് തൂക്കുകയർ ലഭിച്ചു. പാനപാത്രവാഹകനോട് ജോസഫ് പറഞ്ഞത് നല്ലകാലം വരുമ്പോൾ എന്നെയും ഓർക്കണം. എന്നോടു കാരുണ്യം കാണിക്കണം. എന്റെ കാര്യം ഫറവോയുടെ മുമ്പിൽ ഉണർത്തിച്ച് ഈ തടവറയിൽനിന്ന് എന്നെ മോചിപ്പിക്കണം. ജോലി തിരികെ ലഭിച്ചിട്ടും അവൻ ജോസഫിനെ ഓർത്തില്ല. അവനെ മറന്നു കളഞ്ഞു.



പണം പിശാചിന്റെ കാഷ്ഠമാണ് എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. അധികാരം അത്രമാത്രം ദുഷിപ്പിക്കുന്നതാണ്. പാനപാത്രം, സ്നാനം -(പിനോ, ബാപ്റ്റിസോ),കുടിക്കുക, മുങ്ങുക. പാനപാത്രം മാമ്മോദീസയാണ്. ചിന്തുവാൻ പോകുന്ന പുതിയ ഉടമ്പടി. സ്നാനം സഹനത്തിലേക്ക് താഴ്ത്തുന്ന കഷ്ടതയുടെ അനുഭവമാണ്. മരണത്തിന്റെ മാമ്മോദിസ.

## പിളർത്തപ്പെട്ട മണ്ണ്

അധികാരത്തിനും സമ്പത്തിനുംവേണ്ടി പിളർക്കപ്പെട്ട ഭൂമിയാണ് നെഗെബ്. അബ്രഹാമും ലോത്തും ഒരുമിച്ചുകഴിഞ്ഞവരാണ്. നമുക്ക് കലഹം വേണ്ട. നാം സഹോദരന്മാരാണ്. ഇതാണ് അബ്രഹാത്തിന്റെ നിലപാട്. അതുകൊണ്ട് ലോത്തിന് ഇഷ്ടമുള്ള ഭൂമി തെരഞ്ഞെടുക്കാൻ അബ്രഹാം അനുവദിച്ചു.

ഭരണാധികാരികൾ അധികാരത്തിന്റെ പ്രയോക്താക്കൾമാത്രം ആകരുത്. സുവിശേഷത്തിൽ ആദ്യന്തം ശിഷ്യന്മാരുടെ അജ്ഞത മാർക്കോസ് ചൂണ്ടിക്കാണിക്കുന്നു. സെബദീപുത്രന്മാരുടെ അഭ്യർത്ഥന അതിരുകടന്ന അധികാരത്തിമിരമാണ്. പൗരസ്ത്യദേശത്ത് രാജാവിന്റെ ഉപദേശകസംഘമാണ് ഇടതും വലതും ഇരിക്കുന്നത്. സെബദീ പുത്രന്മാർക്കെതിരെ ഒരു കലാപത്തിനുതന്നെ ശിഷ്യന്മാരൊരുങ്ങി. അവരുടെ എതിർപ്പ് തങ്ങളും ഇതേ അധികാരം ആഗ്രഹിച്ചിരുന്നുവെന്ന് സൂചിപ്പിക്കുന്നു. പന്ത്രണ്ടു പേരും ഇക്കാര്യത്തിൽ അധികാരം ചോദിച്ചു കഴിഞ്ഞു.

ദാവീദിന് തന്റെ ജനത്തോട് വലിയ കരുണയുണ്ടായിരുന്നു. ജനങ്ങളുടെ കണക്കെടുപ്പ് നടത്തിയപ്പോൾ ദൈവം അവരെ ശിക്ഷിക്കാനൊരുങ്ങി. ജനത്തെ ശിക്ഷിക്കരുത്. പകരം എന്നെ ശിക്ഷിച്ചോളൂ ഇതാണ് ദാവീദിന്റെ പക്ഷം. ഭരണകർത്താക്കൾ സ്നേഹം ഉള്ളവരാകണം. ഭരണകർത്താക്കൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പൗലോസ് തിമോത്തിയോട് പറയുന്നു.

## പിശാചിന്റെ കാഷ്ഠം

പണം പിശാചിന്റെ കാഷ്ഠമാണ് എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. അധികാരം അത്രമാത്രം ദുഷിപ്പിക്കുന്നതാണ്. പാനപാത്രം, സ്നാനം -(പിനോ, ബാപ്റ്റിസോ),കുടിക്കുക, മുങ്ങുക. പാനപാത്രം മാമ്മോദീസയാണ്. ചിന്തുവാൻ പോകുന്ന പുതിയ ഉടമ്പടി. സ്നാനം സഹനത്തിലേക്ക് താഴ്ത്തുന്ന കഷ്ടതയുടെ അനുഭവമാണ്. മരണത്തിന്റെ മാമ്മോദിസ. ഈ പാനപാത്രം കുടിക്കാനും ഈ സ്നാനം സ്വീകരിക്കുവാനുമാണ് യേശു സെബദീപുത്രന്മാരെ ക്ഷണിക്കുന്നത്. അധികാരത്തിന്റെ വേലിയറ്റത്തിൽ അതിന്റെ അർത്ഥമറിയാതെ അവർ അതെ എന്ന് ഉത്തരം പറഞ്ഞു. പക്ഷേ സുവിശേഷ നീതി അവർക്കായി തുടിച്ചു. പിന്നീട് അവർ രക്തസാക്ഷിത്വത്തിന്റെ മകുടോദാഹരണമായി.

യേശുവിന്റെ ഈ സഹനത്തെക്കുറിച്ചാണ് ഏശയ്യായും ഓർമിപ്പിക്കുന്നത്. പുത്രനെ ക്ലേശങ്ങൾക്ക് വിട്ടുകൊടുത്ത് സന്തതി പരമ്പരയെ കാണുന്ന ദൈവം. നീതിമാനായ ദാസനിലൂടെ അനേകംപേർ നീതിമാന്മാരാകും.

വ്യക്തിപരമായി സ്വാധീനിച്ചു നേടേണ്ടതല്ല പദവികൾ. പ്രത്യേകിച്ച് ദൈവം നല്കുന്ന അധികാരം സേവനത്തിന്റേതാണ്. വിജാതീയരുടെ ഭരണകർത്താക്കളുടെ യജമാനത്വമനോഭാവം നിഷേധിക്കുന്നവാണ് ക്രിസ്തു. കൂടെയിരുന്ന് സ്നേഹിക്കുവാനാണ് യേശു ആഗ്രഹിക്കുന്നത്. അധികാരസ്ഥാനീയർ ശുശ്രൂഷകനും സേവകനുമാണ്.

ശുശ്രൂഷകൻ എന്നതിന്റെ ഗ്രീക്കുപദം 'ദിയാക്കാണോസ്' എന്നാണ്. അനേകർക്കുവേണ്ടി മോചനദ്രവ്യമായി സമർപ്പിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്. 'ലിത്രോൺ' എന്ന വാക്കിന്റെ അർത്ഥം മോചനദ്രവ്യം എന്നാണ്. ശക്തിയും അധികാരവും കൈക്കലാക്കാൻവേണ്ടി ഒരാൾക്ക് പോരടിക്കാം കലഹിക്കാം. അതു തിന്മയുടെ പണിയാണ്. എന്നാൽ ദൈവത്തോടൊപ്പവും നമുക്ക് പോരാടാം. അതാണ് അഭിനിവേശത്തിന്റെ പോരാട്ടം, അത്യാവശ്യമായിരിക്കുന്ന പടവെട്ടൽ. നമ്മുടെ ബലഹീനതകളിൽ ഒപ്പം കൂടുന്ന പ്രധാനപുരോഹിതനെക്കുറിച്ചാണ് പൗലോസ് ഹെബ്രായരുടെ ലേഖനത്തിൽ പറയുന്നത്. സഭ തെരുവിലേക്കു പോകുന്നതിനു കാരണം യേശു ഇന്നു തെരുവിലുള്ളവരുടെ രാജാവായതുകൊണ്ടാണ് . അന്നു ജെറുസലേമിൽ ഓശാന ഞായറാഴ്ച യേശു തെരുവിലുള്ളവരുടെ രാജാവായിരുന്നല്ലോ. പള്ളിയേക്കാൾ യേശുവിനോടുള്ള ആരാധന നടക്കുന്ന ഇടം തെരുവാണ്' എന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു വയ്ക്കുന്നു. അവന്റെ വചനം വഴിയോരത്തു വിതറാൻ അവൻ ആഗ്രഹിക്കുന്നു. നാം അലഞ്ഞു നടക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ■

നീർച്ചാലുകൾ
ഫാ. അജിമോൻ IVDei

# കുറവ് തന്നെയാണ് യഥാർത്ഥ കുറവ്

ജെറ. 31: 7-9 | ഹെബ്രാ. 5:1-6 | മാർക്കോ. 10: 46-52

എബ്രഹാം ലിങ്കൺ അമേരിക്കൻ പ്രസിഡന്റായിരുന്ന കാലം. അന്ന് പട്ടാളക്കാരുടെ മുഴുവൻ ചുമതലയും വഹിച്ചിരുന്നത് അദ്ദേഹമായിരുന്നു. എന്തെങ്കിലുമൊക്കെ കുറ്റങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെട്ടിരുന്ന ധാരാളം പട്ടാളക്കാർ അന്നുണ്ടായിരുന്നു. ഇടക്കിടെ ഈ പട്ടാളക്കാരിൽ നിന്ന് തങ്ങളുടെ ശിക്ഷ ഇളവ് ചെയ്യണമെന്ന അപേക്ഷ ലിങ്കണ് ലഭിക്കുമായിരുന്നു. ഈ അപേക്ഷകൾക്കൊപ്പം ശിക്ഷായിളവിനുള്ള മേലധികാരിയുടെ കത്തും ഉണ്ടാകും. ഇത്തരം ദയാഹർജികളെല്ലാം വായിച്ചുനോക്കിയിട്ട് ഉചിതമെന്ന് തോന്നിയതിനെല്ലാം പ്രസിഡന്റ് അംഗീകാരം നൽകിപോന്നു. അങ്ങനെയിരിക്കെ ഒരു പട്ടാളക്കാരന്റെ ദയാഹർജി അദ്ദേഹത്തിന് ലഭിച്ചു. എന്നാൽ ആ കത്തിന്റെ കൂടെ ശിക്ഷയിളവ് നൽകണമെന്നുള്ള ആരുടെയും ശുപാർശ ഇല്ലായിരുന്നു. ആ കത്ത് കൈയിൽ എടുത്തുകൊണ്ട് ലിങ്കൺ ചോദിച്ചു. ഇതെന്തുപറ്റി ഇയാളെ സഹായിക്കുവാൻ ഒരു മേലുദ്യോഗസ്ഥനുമില്ലേ. പ്രസിഡന്റിന്റെ ചോദ്യത്തിലെ പൊരുൾ മനസ്സിലാകാത്ത സെക്രട്ടറി വിനയത്തോടെ പറഞ്ഞു, സർ, അയാളൊരു സാധു മനുഷ്യനാണ്. അതുകൊണ്ടാകാം അയാൾക്കുവേണ്ടി ശുപാർശ ചെയ്യാൻ ആരുമില്ലാത്തത്. അയാളുടെ ദയാഹർജി അപ്പോൾ തന്നെ പ്രസിഡന്റ് അംഗീകരിച്ചു. അങ്ങനെ അയാൾ ജയിൽ മോചിതനായി.

ആരും ഇല്ലാത്തവർക്കായി എല്ലാമാവുന്നവനാണ് യഥാർത്ഥ അധികാരി. യഥാർത്ഥ അധിപൻ യഥാർത്ഥ മനുഷ്യൻ. ആരും തുണയില്ലാത്ത ബർതിമേയൂസ് എന്ന അന്ധന് എല്ലാമാകുന്ന ക്രിസ്തുവിനെ നാം ഇന്നു കാണുന്നു. അങ്ങനെ അവൻ നിന്റെ ജീവിതത്തിൽ ആകണമെങ്കിൽ നിന്റെ കാഴ്ചയെ മറയ്ക്കുന്ന ആ പുറങ്കുപ്പായം വലിച്ചെറിയേണ്ടതുണ്ട്.

ശരീരത്തിന്റെ കുറവിനേക്കാൾ ആത്മാവിൽ അനുഭവപ്പെടുന്ന കുറവാണ് യഥാർത്ഥ കുറവ് എന്ന് തിരിച്ചറിവു നൽകുന്ന വായനകളാണ് ഇന്ന് ശ്രവിച്ചത്. ഒന്നാം വായനയിൽ ജറമിയാ പ്രവാചകന്റെ പ്രവചനം നോക്കുക. ദൈവം ഒരുമിച്ചുകൂട്ടുന്ന ജനക്കൂട്ടം അന്ധരും മുടന്തരും, ഗർഭിണികളും, ഈറ്റു നോവ് അനുഭവിക്കുന്നവരും ഉൾപ്പെടെ ഒരു വലിയ ജനക്കൂട്ടം. അവിടെ ശാരീരിക കുറവിനേക്കാൾ ആത്മാവിന്റെ കുറവിനാണ് പ്രാധാന്യം. ആത്മാവിന്റെ കുറവുകൾ നികത്തുവാനാകുന്നതോ ക്രിസ്തുവിന്റെ സാന്നിധ്യവും.

ക്രിസ്തു സാന്നിധ്യം നഷ്ടമാകുമ്പോൾ യഥാർത്ഥ കുറവ് നമുക്ക് അനുഭവപ്പെടുന്നു. അന്ധത നാം അനുഭവിക്കുന്നു. നഷ്ടങ്ങൾ ആദ്യം സ്പർശിക്കുന്നത് ഹൃദയത്തെയാണോ അതോ കണ്ണുകളെയോ. പ്രിയപ്പെട്ടത് നഷ്ടമാകുമ്പോൾ ആദ്യം തേങ്ങുന്നത് ഹൃദയം തന്നെ. ബർതിമേയൂസിന്റെ ഹൃദയമായിരിക്കണം. ആദ്യം ക്രിസ്തുവിനുവേണ്ടി തേങ്ങിയത്. പിന്നെ അത് കണ്ണുകൾ ഏറ്റുവാങ്ങും. കളിപ്പാട്ടം വീണുടഞ്ഞാൽ കുഞ്ഞുങ്ങൾ കരയുന്നു. നാദം നഷ്ടമായാൽ തംബുരുപോലും കരയുന്നു. എന്നിട്ടും ഉള്ളിലെ ദൈവം നഷ്ടമായാൽ കരയാൻ മാത്രം മനുഷ്യന് മടിയാണ്.

ബർതിമേയൂസ് കരയുന്നുണ്ട്, നിലവിളിക്കുന്നുണ്ട്. അവന് ക്രിസ്തുവിനെ നഷ്ടപ്പെട്ടുകൂടാ. എത്ര വിലക്കിയിട്ടും അവൻ വീണ്ടും വീണ്ടും നിലവിളിച്ചത് ഏറ്റവും നല്ല പ്രാർത്ഥനയായി ക്രിസ്തുവിന് അനുഭവപ്പെട്ടു. (ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ).

ജനക്കൂട്ടം അവനെ വിലക്കുന്നുണ്ട്. ജനത്തിന്റെയും സമൂഹത്തിന്റെയും അന്ധമായ വിലക്കുകൾ ഒരുവനെ അന്ധതയിലേക്കും കുറവുകളിലേക്കും തള്ളിയിടാം. ക്രിസ്തു പഠിപ്പിക്കുന്നത് ഈ കുറവുകൾ നികത്താനാണ്.

ഇവ നികത്താനാവുന്നത് നമ്മുടെ പ്രാർത്ഥനയും (ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ) ക്രിസ്തുവിന്റെ സാന്നിധ്യവും കൊണ്ടാണ് (സൗമ്യം) അപ്പോൾ ശരീരത്തിലെ കറവുകളേക്കാൾ ആത്മാവിന്റെ കുറവുകളെ നാം തിരിച്ചറിയും.

ആത്മീയപാത ശരീരത്തെ
പാടെ തകർത്തുകളയും
പിന്നീടതിനെ ആരോഗ്യാവസ്ഥയിലേക്ക്
തിരിച്ചെത്തിക്കും
തറ താഴെയുള്ള നിധി പുറത്തെടുക്കാൻ
വീട് പൊളിക്കുന്നതുപോലെ
പിന്നീട് നിധി പ്രയോഗിച്ച്
അത് പൂർവ്വാധികം ഭംഗിയിൽ പുതുക്കിപ്പണിയും
നമ്മുടെ കുറവുകളിൽ ക്രിസ്തു മഹത്വപ്പെടട്ടെ.

■

# വചനജ്വാല

**2018 നവംബർ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# ക്രൈസ്തവ നേതൃത്വം: ദൈവജനതയെ നയിക്കുവാനുള്ള ക്രിസ്തുവിന്റെ വിളി



### 1. പരിശുദ്ധാത്മാവിന്റെ ഗാനം
### ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. ആമുഖം

2018 നവംബർ - ഡിസംബർ മാസങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഏറെ നിർണ്ണായകമാണ്. ബി.സി.സി., ഇടവക, ഫെറോന, അതിരൂപതാതലങ്ങളിൽ പുതിയ നേതൃത്വത്തെ തെരഞ്ഞെടുക്കുന്നകാലഘട്ടമാണിത്. ഇക്കഴിഞ്ഞ ഒക്ടോബർ മാസം വല്ലാർപാടത്തു വച്ച് നടന്ന മിഷൻ കോൺഗ്രസ് - ബി.സി.സസി. കൺവെൻഷന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി ഈ മഹാ സംഗമത്തിന്റെ ലക്ഷ്യങ്ങൾ നമ്മുടെ ഇടവകയിലും യൂണിറ്റുകളിലും എന്തുമാത്രം കൈവരിക്കാൻ സാധിച്ചു എന്ന് വിലയിരുത്തുവാൻ ശ്രമിച്ചു. ജയപരാജയങ്ങളെ എല്ലാം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ കുടുംബ കൂട്ടായ്മയെ നാം മാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ആഗതമാകുന്ന നവനേതൃത്വത്തിന്റെ തിരഞ്ഞെടുപ്പിനെ നാം കാണേണ്ടതും അതിനായ് താല്പര്യപൂർവ്വം നാം ഒരുങ്ങേണ്ടതും.

പലപ്പോഴും നമ്മുടെ ബി.സി.സി. കൂട്ടായ്മകളിലേക്കും ശുശ്രൂഷാ സമിതികളിലേയ്ക്കും ഇടവക കൗൺസിലിലേക്കുമുള്ള തിരഞ്ഞെടുപ്പിനെ വേണ്ടത്ര ഗൗരവത്തോടുകൂടി കാണുകയോ അതിനുവേണ്ടി ഒരുങ്ങുകയോ ചെയ്യുന്നില്ല എന്നൊരു നിരീക്ഷണമുണ്ട്. കാരണം നാം താല്പര്യത്തോടും ഗൗരവത്തോടും ഒരുങ്ങുന്നുവെങ്കിൽ ആരും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും മാറി നിൽക്കില്ല, നിഷ്ക്രിയരായി ഒഴിഞ്ഞുമാറില്ല. മറിച്ച് ഞാൻ അംഗമായിരിക്കുന്ന ബി.സി.സി.യുടെ, ഇടവകയുടെ വളർച്ച എന്റെയുംകൂടി ഉത്തരവാദിത്തവും ആവശ്യവുമാണെന്ന് മനസിലാക്കി താല്പര്യപൂർവം തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയും മറ്റുള്ളവരെ പങ്കെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഒരുക്കത്തിന്റെ ഭാഗമായി ഓരോ ശുശ്രൂഷാ പ്രതിനിധികളുടെയും ഒപ്പം ബി.സി.സി. യൂണിറ്റ് ഭാരവാഹികളുടെയും ഉത്തരവാദിത്തങ്ങളും കടമയും ശരിയായി മനസിലാക്കാൻ ശ്രമിക്കും. അതിനാൽ ഇന്നത്തെ ബി.സി.സി. യോഗത്തിൽ ആഗതമാകുന്ന തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്രിസ്തീയ നേതൃത്വത്തിന്റെ സവിശേഷതകളെക്കുറിച്ചും നമുക്ക് ചിന്തിക്കാം, ചർച്ച ചെയ്യാം, അതിനായ് പ്രാർത്ഥിക്കാം.

### 4. യേശുവിനെ ക്ഷണിക്കൽ

സ്വന്തം ശിഷ്യരുടെ പാദം കഴുകിക്കൊണ്ട് നേതൃത്വം ഭരിക്കാനല്ല, ശുശ്രൂഷിക്കുവാനാണ് എന്ന വലിയ പാഠം നൽകിയ ഗുരുവും നാഥനുമായ യേശുവിനെ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യവും തെരഞ്ഞെടുക്കപ്പെടുന്നവർക്കുണ്ടായിരിക്കേണ്ട ഗുണങ്ങളും മനസിലാക്കിത്തരുവാൻ നമ്മുടെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**യോഹ 10:1-13.**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

ആഗതമാകുന്ന നേതൃത്വത്തിന്റെയും തെരഞ്ഞെടുപ്പിന്റെയും പ്രാധാന്യത്തെക്കുറിച്ചും നേതൃത്വത്തിനുണ്ടായിരിക്കേണ്ട സവിശേഷതകളെക്കുറിച്ചും വ്യക്തമായ ഉൾക്കാഴ്ച നൽകുന്നതും നമുക്കേവർക്കും സുപരിതവുമായ വചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ചത്. നല്ലിടയന്റെ ഉപമ. ക്രിസ്തീയ കാഴ്ചപ്പാടിൽ ആരാണ് ഒരു നേതാവ്, ആരെയാണ് നാം തെരഞ്ഞെടുക്കേണ്ടത്, എന്തിനുവേണ്ടിയാണീ തെരഞ്ഞെടുപ്പ് എന്നീ അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ അതിന് ഉദാത്ത മാതൃകയും പ്രചോദനവുമായി നിൽക്കുന്നത് നല്ല ഇടയനായ യേശു തന്നെയാണ്. കാരണം, ഇടയദൗത്യം എന്താണെന്ന വ്യക്തമായ ബോധ്യത്തോടും സ്വയാവബോധത്തോടുംകൂടി ആധികാരികമായിട്ടാണ് ഞാൻ നല്ല ഇടയനാണെന്ന് യേശു അവകാശപ്പെടുന്നത്.

ഈ പശ്ചാത്തലത്തിൽ ആരാണ് ക്രിസ്തീയ നേതാവ് എന്ന് അന്വേഷിക്കുമ്പോൾ നാം മനസിലാക്കുന്നത് ക്രിസ്തുവാകുന്ന നേതാവിനെ, ഇടയനെ, ശുശ്രൂഷകനെ മാതൃകയാക്കി തന്നെ ഭരമേൽപിക്കപ്പെടുന്ന ജനത്തിനുവേണ്ടി ക്രിസ്തുവിന്റെ കണ്ണുകൾകൊണ്ട് കാണുകയും അവന്റെ കാതുകൾകൊണ്ട് കേൾക്കുകയും യേശു ഹൃദയംകൊണ്ട് മനസിലാക്കുകയും ചെയ്തുകൊണ്ട് അവരെ സമഗ്രമായ വളർച്ചയിലേക്ക് നയിക്കുന്നവനാണ് ക്രിസ്തീയ നേതാവ്. ഇപ്രകാരമുള്ള നേതൃത്വം സ്വായത്തമാക്കണമെങ്കിൽ നേതാക്കൾ ശ്രദ്ധിക്കേണ്ട, പാലിക്കേണ്ട കടമകൾ എന്താണെന്ന് ഈ വചനഭാഗം വ്യക്തമാക്കുന്നു.

i. ഏറ്റവും ആദ്യമായി ഒരാൾ നേതൃത്വത്തിലേക്കു കടന്നുവരേണ്ടത് നേരായ മാർഗ്ഗത്തിലൂടെയായിരിക്കണം അല്ലാതെ കുറുക്കുവഴികളിലൂടെയോ, അപരന്റെ സൽപ്പേര് നഷ്ടപ്പെടുത്തിക്കൊണ്ടോ, കുതികാൽ വെട്ടിക്കൊണ്ടോ ആകരുത്.

ii. തന്നെ ഭരമേൽപ്പിച്ചിരിക്കുന്നവരുടെ സ്വരം ശ്രവിക്കണം. സ്വരം ശ്രവിക്കുക എന്നാൽ തന്റെ യൂണിറ്റ് അംഗങ്ങളുടെ, ഇടവകയുടെ ആവശ്യം എന്താണെന്ന് അറിയണം. അവരുടെ ആവലാതി കേൾക്കാൻ സമയം നൽകണം, താല്പര്യമുണ്ടാകണം.

iii. പേര് ചൊല്ലി വിളിക്കണം. യൂണിറ്റ് ഭാരവാഹിക്കും ഇടവക കൗൺസിൽ അംഗങ്ങൾക്കും തങ്ങളെ തെരഞ്ഞെടുത്ത ജനങ്ങളുമായി വ്യക്തിബന്ധമുണ്ടാകണം. അവരുടെ പശ്ചാത്തലം നന്നായി മനസിലാക്കണം.

iv. മുമ്പേ നടന്നുകൊണ്ട് അവരെ നയിക്കണം. സ്വന്തം സുരക്ഷയല്ല, തന്നെ ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്ക് പ്രാധാന്യം നൽകിക്കൊണ്ട് അവർക്ക് വഴിക്കാട്ടിയും മാർഗ്ഗദർശിയുമാകണം. സ്വാർത്ഥത വെടിഞ്ഞുകൊണ്ട് വ്യക്തമായ ദിശാബോധത്തോടെ, സുരക്ഷിതസ്ഥാനത്തേക്ക്, സമഗ്രമായ വളർച്ചയിലേക്ക് അവരെ നയിക്കണം.

v. ജനങ്ങൾ നേതാവിന്റെ സ്വരം കേൾക്കുകയും അനുഗമിക്കുകയു ചെയ്യണം: തങ്ങളുടെ പേര് അറിയാമെങ്കിൽ, തങ്ങളുടെ ക്ഷേമത്തിൽ തല്പരനാണ് തങ്ങളുടെ നേതാവ് എന്ന് മനസിലാക്കുന്നുവെങ്കിൽ നിശ്ചയമായും ജനങ്ങൾ തങ്ങൾ തെരഞ്ഞെടുക്കുന്ന നേതാവിനെ അംഗീകരിക്കും, അനുസരിക്കും, അനുഗമിക്കും.

vi. ആടുകൾക്കുവേണ്ടി സമൃദ്ധമായി ജീവൻ നൽകുന്നു: സ്വന്തം ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ടും ജനങ്ങളെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുന്നവനാണ് യഥാർത്ഥ നേതാവ്. ജനങ്ങളുടെ ശരീരത്തിന്റെയും ആത്മാവിന്റെയും മനസിന്റെയും സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നവനാണ് നേതാവ്, ശുശ്രൂഷകൻ. ഈ ദൗത്യം ചെയ്യണമെങ്കിൽ തന്നെ തിരഞ്ഞെടുത്ത ജനങ്ങളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഉണ്ടാകണം. അവരുടെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, കൗദാശിക ജീവിതം, കുടുംബബന്ധം തുടങ്ങിയ ജീവിതസാഹചര്യങ്ങൾ മനസിലാക്കി വ്യക്തമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോഴാണ് ഇടയൻ ആടുകൾക്ക് സമൃദ്ധമായ ജീവൻ നൽകുന്നവനാകുന്നത്. ഇതിനായ് താല്പര്യമുണ്ടാകണം, സമയം കണ്ടെത്തണം, കാര്യങ്ങൾ ചെയ്യുവാനുള്ള നിശ്ചയദാർഢ്യമുണ്ടാകണം.

vii. പ്രതിസന്ധികളുടെയും വിമർശനത്തിന്റേയും വേളകളിൽ തളരാതെ യേശുവിൽ ആശ്രയിച്ചുകൊണ്ട് ത്യാഗമനോഭാവത്തോടെ ദൗത്യം നിർവ്വഹിക്കണം.

വചനം നൽകുന്ന ഇത്തരം ഉൾക്കാഴ്ചയുടെ പശ്ചാത്തലത്തിൽ ആഗതമാകുന്നതെരഞ്ഞെടുപ്പിന്റെ പ്രാധാന്യവും തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സവിശേഷതകളും നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നു. ഈ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് തെരഞ്ഞെടുപ്പിനുവേണ്ട മുന്നൊരുക്കം ഇപ്പോഴേ ആരംഭിക്കണം.

## 8. ചർച്ച

a. തെരഞ്ഞെടുപ്പ് വേളയിൽ യൂണിറ്റുകളിലും ഇടവകയിലും നാം ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ ഏവ?

b. നാം ശ്രവിച്ച വചനത്തിന്റെയും വിചിന്തനത്തിന്റെയും വെളിച്ചത്തിൽ ഈ വെല്ലുവിളികളെ നേരിടുവാനും തെരഞ്ഞെടുപ്പ് കുറ്റമറ്റതാക്കുവാനും നാം സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ ഏവ?

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

എല്ലാവരുടെയും ശുശ്രൂഷകനായിക്കൊണ്ട് നേതൃത്വത്തിന്റെ നേർക്കാഴ്ച നൽകുന്ന നല്ലിടയനായ യേശുവഴി നമ്മുടെ യൂണിറ്റിലും ഇടവകയിലും കാലത്തിനനുയോജ്യമായ ഭാരവാഹികളെയും ശുശ്രൂഷകരെയും നൽകുവാനും തെരഞ്ഞെടുപ്പുമായി എല്ലാ അംഗങ്ങളും സഹകരിക്കുവാനും വേണ്ട കൃപക്കായ് പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




# മദർ തെരേസ ഡേ കെയർ സെന്റർ

**ചാവടി, പുല്ലുവിള, തിരുവനന്തപുരം**

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ കാഞ്ഞിരംകുളം പഞ്ചായത്തിൽ ചാവടി എന്ന പ്രദേശത്ത്, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്ന സ്ഥാപനമാണ് മദർതെരേസ ഡേ കെയർ സെന്റർ. 2004 ഫെബ്രുവരി 2-ാം തീയതി ഈ സ്ഥാപനം നിലവിൽ വന്നു. ലിഡാ ജേക്കബ്; മാതാപിതാക്കളായ തിമോത്തി ഡിക്രൂസ്, മേരി വിക്ടർ മൊറായിസ് എന്നിവരുടെ സ്മരണാർത്ഥം സംഭാവന നൽകിയ സ്ഥലത്താണ് ഈ സ്ഥാപനം പണിതുയർത്തിയത്.

ശാരീരികവും ബുദ്ധിപരവുമായ പരിമിതികൾ മൂലം പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കൈപിടിച്ചുയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം പ്രവർത്തിയ്ക്കുന്നത്. ബുദ്ധി, കാഴ്ച, കേൾവി, ചലന സംസാര വൈകല്യമുള്ള കുട്ടികളെ പരസഹായം കൂടാതെ ജീവിക്കാൻ പ്രാപ്തരാക്കുന്നതിനായി, പ്രത്യേകവിദ്യാഭ്യാസം, ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ഓറൽ തെറാപ്പി, ദൈനംദിന ദിനചര്യകളിലെ നൈപുണ്യം, യോഗ-വ്യായാമപരിശീലനം, നൃത്തം, സംഗീതം, ചിത്രരചന, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, രക്ഷാകർതൃവിദ്യാഭ്യാസം ഇവ നൽകുന്നു.

ആറു കുട്ടികളുമായി പ്രവർത്തനം തുടങ്ങിയ ഈ സ്ഥാപനത്തിൽ ഇപ്പോൾ 57 കുട്ടികൾ പരിശീലനം നേടിടുന്നു. അതതുരംഗത്ത് പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകർ, ഗവണ്മെന്റിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയിട്ടുള്ള പ്രത്യേക പാഠ്യപദ്ധതിക്കനുസരിച്ചുള്ള പരിശീലനം നൽകുന്നു.

പരിശീലന പരിപാടികൾ തുടങ്ങുന്നതിന് മുമ്പായി ഓരോ അധ്യായന വർഷത്തിന്റെ ആരംഭത്തിലും കുട്ടികളെ അസ്സെസ്സ് ചെയ്ത്, ഓരോ കുട്ടികൾക്കും ആവശ്യമായ നൈപുണികൾ സെലക്ട് ചെയ്യുന്നു. സെലക്ട് ചെയ്ത് നൈപുണികൾ മൂന്നു ടേമുകളിലായി പഠിപ്പിച്ച് ആനുവൽ റിപ്പോർട്ട് തയ്യാറാക്കുന്നു. നിരന്തരമായ പരിശീലനത്തിലൂടെ സ്കൂൾതലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും നടത്തുന്ന വിവിധയിനം കലാ-കായിക മത്സരങ്ങളിലും കുട്ടികളെ സജീവമായി പങ്കെടുപ്പിക്കുന്നതിനും മെഡലുകൾ സ്വന്തമാക്കുന്നതിനും സാധിച്ചു. ഓരോ ആഘോഷ ദിവസങ്ങളിലും (ഓണം, ക്രിസ്തുമസ്, സ്വാതന്ത്ര്യദിനം, ശിശുദിനം, സ്കൂൾ വാർഷികം തുടങ്ങിയവ) അതിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കി കൊടുത്തുകൊണ്ട്; രക്ഷകർത്താക്കളെക്കൂടെ ഉൾപ്പെടുത്തി ആഘോഷിക്കുന്നു. കുട്ടികളെ സ്കൂളിലേക്ക് കൊണ്ടുവരുന്നതിനും തിരിച്ചുപോകുന്നതിനുമായി ടിഎസ്എസ്എസിൽ നിന്നും വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലധിഷ്ഠിത പരിശീലന പരിപാടിയുടെ ഭാഗമായി രൂപംകൊണ്ട ബാൻഡ് ട്രൂപ്പ് സജീവമായി പ്രവർത്തിച്ചു വരുന്നു.

2010 ജൂൺമാസം 14-ാം തീയതി ഈ സ്ഥാപനം വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ വരികയും സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാൻഡ് ലഭിച്ചു വരികയും ചെയ്യുന്നു. ഈ വർഷത്തിൽ തന്നെ ഔട്ട് പേഷ്യന്റിനായിയുള്ള ഫിസിയോതെറാപ്പി യൂണിറ്റും ആരംഭിച്ചു. 2011 ൽ ഗവണ്മെന്റിൽ നിന്നും ഉച്ചഭക്ഷണത്തിനുള്ള സഹായം ലഭിച്ചുതുടങ്ങി.

നാളിതുവരെ 180 കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ പരിശീലനം നൽകാൻ സാധിച്ചുവെന്നത് അഭിമാനകരമായ കാര്യം തന്നെയാണ്. ■







## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

സ്കൂളിൽ വച്ചുതന്നെ പാഠ്യവിഷയങ്ങൾക്കൊപ്പം ലഘുവായ തൊഴിൽ പരിശീലനങ്ങൾ നൽകി കുട്ടിയെ പരാശ്രയത്തിൽ നിന്നും സ്വതന്ത്രമായി ജീവിക്കാൻ പ്രാപ്തനാക്കുന്നു.കലാകായിക പ്രവർത്തനങ്ങൾ കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗവാസനകൾ പുറത്തുകൊണ്ടുവരികയും മതിയായ പരിശീലനങ്ങളോടുകൂടി അവയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

## ഉദ്ദേശ്യലക്ഷ്യങ്ങൾ

ശാരീരികവും ബുദ്ധിപരവുമായ പരിമിതികൾമൂലം പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ ജീവിതം പരമാവധി ശോഭനമാക്കുക.

ബുദ്ധി, കാഴ്ച, കേൾവി, ചലന, സംസാര വൈകല്യമുള്ള കുട്ടികളെ പരസഹായം കൂടാതെ ജീവിക്കാൻ പ്രാപ്തരാക്കുക.

പ്രത്യേക വിദ്യാഭ്യാസം, ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ഓറൽ തെറാപ്പി, ദൈനംദിന ദിനചര്യകളിലെ നൈപുണ്യം, യോഗ വ്യായാമ പരിശീലനം, നൃത്തം, സംഗീതം, ചിത്രരചന, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, രക്ഷകർത്തൃവിദ്യാഭ്യാസം ഇവ നൽകുക.

കുട്ടികളുടെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിൽ മാതാപിതാക്കളെയും ബന്ധുക്കളെയും സമൂഹത്തെയും സജ്ജമാക്കുക.

## പ്രത്യേക വിദ്യാഭ്യാസം

ശാരീരികമോ ബുദ്ധിപരമോ ആയ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേകമായി നടത്തുന്ന വിദ്യാഭ്യാസ രീതിയാണിത്. ആധുനിക സൗകര്യങ്ങളോടുകൂടിയ സ്കൂളുകൾ പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകർ, പ്രത്യേക പാഠ്യപദ്ധതി ഇവയാണ് ഇതിന്റെ പ്രത്യേകത.

## നേട്ടങ്ങൾ

122 കുട്ടികളെ സഹായിച്ചു അവരുടെ കഴിവുകളെ വളർത്തി

അഭിമാനിക്കാവുന്ന ഒരു ബാൻഡു ട്രൂപ്പു സജ്ജമാക്കി.

സ്പെഷ്യൽ സ്കൂളുകളുടെ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നിരവധി മെഡലുകൾ സ്വന്തമാക്കി.

സാമൂഹ്യവകുപ്പിന്റെ രജിസ്ട്രേഷൻ കരസ്ഥമാക്കാൻ സാധിച്ചു

സ്വന്തമായ വാഹന സൗകര്യം ലഭ്യമാക്കി



ജെ.സി

# കേരളത്തിന്റെ പുനർനിർമ്മിതിയും തീരദേശവും



ദുരന്തം ഈ നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയമായിരുന്നു 2018 ആഗസ്റ്റിലെ പ്രളയം. പ്രളയദുരന്തത്തെ നവകേരളം സൃഷ്ടിക്കാനുള്ള അവസരമാക്കി മാറ്റുകയെന്നത് നല്ലൊരു തീരുമാനമാണ്. കേരളത്തിലെ ജനങ്ങളിൽ ആറിലൊന്നുപേരെ 981 വില്ലേജുകളിലായി 55 ലക്ഷം പേരെ നേരിട്ടു ബാധിച്ച പ്രളയ ദുരന്തത്തിന്റെ ആഴവും വ്യാപ്തിയും വിലയിരുത്താനോ വിശകലനം ചെയ്യുവാനോ കേരള നിയമസഭയുടെ അടിയന്തിര സമ്മേളനത്തിന് പോലും കഴിഞ്ഞില്ല. എങ്കിലും കൂടുതൽ മെച്ചപ്പെട്ടനിലയിൽ കേരളത്തെ പുനർനിർമ്മിക്കുമെന്ന് പ്രഖ്യാപിക്കാനും, തങ്ങൾ ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധരാണെന്നും സമ്മേളനം വ്യക്തമാക്കി. സമഗ്രവും വിശദവും ശാസ്ത്രീയവുമായ ആസൂത്രണവും സാങ്കേതിക വൈദഗ്ധ്യവും പ്രകൃതിസംരക്ഷണത്തിനും സുസ്ഥിരവികസനത്തിനും ഊന്നൽ നൽകുന്ന കാഴ്ചപ്പാടും ഉൾച്ചേർന്ന ഒരു മാസ്റ്റർ പ്ലാനോ വ്യക്തമായ പദ്ധതി രൂപരേഖയോ ഇല്ലാതെയാണ് നമ്മുടെ രാഷ്ട്രീയ നേതൃത്വം പുനർ നിർമ്മാണത്തിനുള്ള വിഭവസമാഹരണ യജ്ഞത്തിൽ മുഴുകുന്നത്.

പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടി പശ്ചിമഘട്ടത്തിലെ ലോലമേഖലകളെയും ഈ നാട്ടിലെ ജലസന്തുലനത്തിന്റെ തണ്ണീർത്തടങ്ങളെയും, കടലോരത്തെ ജലാശയങ്ങളെയും ഭൂപ്രകൃതിയുടെ തനത് സവിശേഷതകളെയും സംരക്ഷിക്കുന്നതാവണം. കാടുവെട്ടിത്തെളിച്ചതിനും മലയിടിച്ചതിനും ജലഗതി തടഞ്ഞതിനും മറ്റനേകം അതിക്രമം കാട്ടിക്കൂട്ടിയതിനും പ്രകൃതി നൽകുന്ന ശിക്ഷ ഇത്തരം ദുരന്തങ്ങളാകുമെന്ന് മറക്കരുത്. സമാനമായി കേരളത്തിന്റെ കടൽത്തീരം നാല്പത് ശതമാനത്തോളം നഷ്ടപ്പെട്ടുവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്ന സാഹചര്യത്തിൽ കടലിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തുമാത്രം തീരശോഷണത്തിന് കാരണമാകുന്നുവെന്ന് നാം മനസ്സിലാക്കണം. വിഴിഞ്ഞം തുറമുഖം പോലുള്ള കോർപ്പറേറ്റുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പദ്ധതികൾ വരുത്തുന്ന തീരശോഷണം വലിയൊരു പാരിസ്ഥിതിക പ്രശ്നമായി മാറിയിരിക്കുകയാണ്. തീരദേശവാസികൾ പ്രദേശത്തുനിന്ന് മാറിപോകണമെന്ന ധനമന്ത്രിയുടെ പ്രഖ്യാപനവും കിഫ്ബിഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ നൽകി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പാർപ്പിടം ഒരുക്കണമെന്ന പ്രഖ്യാപനവും തികച്ചും പ്രതിഷേധാർഹമാണ്.

കേരള പുനർനിർമ്മാണ പദ്ധതിയിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ സമാനമായ ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ മാറ്റി നിറുത്തി മുന്നോട്ടുപോകുവാനുള്ള സാധ്യത നാം മുന്നിൽ കാണുന്നുണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ തീരദേശത്തെ ദുരിതാശ്വാസപുനരധിവാസ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെയും അനുവദിച്ച ഫണ്ടുകളുടെയും കാര്യത്തിൽ ഇനിയും വ്യക്തവരുത്തേണ്ടതുണ്ട്. സംസ്ഥാനവും കേന്ദ്രവും അനുവദിച്ച 240 കോടിരൂപയിൽ 33.2 കോടി മാത്രമേ ചെലഴിച്ചുള്ളുവെന്നാണ് അറിയാൻ കഴിഞ്ഞത്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഓരോ വകുപ്പിൽ നിന്ന് 25 ശതമാനം തുക പദ്ധതി വിഹിതത്തിൽ നിന്ന് മാറ്റുമ്പോൾ മത്സ്യവകുപ്പിൽ നിന്നും ഈ തുക വെട്ടിമാറ്റുമെന്ന് കേൾക്കുന്നു.

പ്രളയദുരന്തത്തിന് ഇരയായവരുടെ ജീവൻ രക്ഷിക്കാൻ പ്രവർത്തിച്ച മത്സ്യത്തൊഴിലാളികളെ, കേരള പുനർനിർമ്മിതിയെപ്പറ്റി ചിന്തിക്കുമ്പോൾ ഓഖി ദുരന്തത്തിൽപ്പെട്ട ഇവർക്കുവേണ്ടിയുള്ള പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ ഭാഗമാകാൻ തീരദേശവാസികൾക്കാകുമെന്ന കാര്യം വിസ്മരിക്കരുത്. തീരദേശവാസികളുടെ ശക്തമായ സമ്മർദ്ദത്തിലൂടെ മാത്രമേ സർക്കാരിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ സജീവമാക്കാൻ കഴിയൂ. ■



R C MATRIMONIAL
MARRIAGE BUREAU
LATIN ARCHDIOCESE OF TRIVANDRUM
ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്താൻ സന്ദർശിക്കൂ...
www.rcmatrimonial.org
അനായാസ രജിസ്ട്രേഷൻ
പരിധിയില്ലാത്ത സെർച്ചിംഗ്
മിതമായ രജിസ്ട്രേഷൻ ഫീസ്
മൊബൈൽ, ഇ മെയിൽ അലർട്ട്
ഓൺലൈൻ പേമെന്റ് സംവിധാനം
പ്രൊഫൈലിൽ 5 ഫോട്ടോകൾ ഉൾപ്പെടുത്താം
രജിസ്ട്രേഷൻ ഫീസ് Rs.1500.00
വിശദ വിവരങ്ങൾക്ക്
ആർ സി മാര്യേജ് ബ്യൂറോ
കുടുംബ പ്രേഷിത ശുശ്രൂഷ
സമന്വയ, വെള്ളയമ്പലം, തിരുവനന്തപുരം
+91 93872 96213, +91471 2724001
matrimonialrc@gmail.com

Total Page 44
Pub. Date : 01.10.2018
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00


# Jubilee Memorial Hospital

## Latin Archdiocese of Trivandrum

CARDIAC CATHLAB

*Little Flower College of Nursing*



ANGIOGRAM, ANGIOPLASTY

**College Code - JBN.**




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto